മാർച്ച് 2022


Price ₹25

# ജീവനും വെളിച്ചവും



ഞാൻ അവയ്ക്ക് ഒരു ഇടയനെ, എന്റെ ദാസനായ ദാവീദിനെ, നിയമിക്കും.
അവൻ അവയെ മേയ്ക്കും. അവൻ അവയെ പോറ്റുകയും
അവരുടെ ഇടയനായിരിക്കുകയും ചെയ്യും.

എസെക്കിയേൽ 34 : 23


ജന്മദിനവും
നാമഹേതുക തിരുനാളും
ആഘോഷിക്കുന്ന
അഭിവന്ദ്യ സൂസപാക്യം പിതാവിന്
അതിരൂപതാ മക്കളുടെ
പ്രാർഥനാശംസകൾ...

## ജീവനും വെളിച്ചവും

**തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം**

2022 മാർച്ച്
പുസ്തകം - 46 ലക്കം - 3
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. തോമസ് ജെ. നെറ്റോ
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. ജോൺ ഡാൾ
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
സിസ്റ്റർ റീന



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velicahvum


## മുഖവിചാരം

# മനുഷ്യനെ പരാജയപ്പെടുത്തുന്ന യുദ്ധങ്ങൾ

21-ാം നൂറ്റാണ്ടിൽ സ്വതന്ത്ര പരമാധികാരമുള്ള ഒരു രാഷ്ട്രജനതയ്ക്കുനേരെ അന്താരാഷ്ട്ര നിയമങ്ങൾ കാറ്റിൽപ്പറത്തി അക്രമത്തിന്റെയും ഭീഷണിയുടെയും പ്രാകൃതഭാഷ സംസാരിച്ചുകൊണ്ട് മനുഷ്യരെ തങ്ങളുടെ ആധിപത്യത്തിൻകീഴിലാക്കാൻ ശ്രമിക്കുന്നത് ഏതെങ്കിലും ഒരു മനുഷ്യന്റെ ധിക്കാരമോ, പെരുമാറ്റ ദൂഷ്യമോ, എടുത്തുചാട്ടമോ മാത്രമായല്ല കാണേണ്ടത് മനുഷ്യാസ്ഥിത്വത്തിന്റെ അന്തസ്സും അനന്യതയും പരിപാവനമായി കരുതാത്ത, തികച്ചും ഭൗതികതയിലൂന്നിയ പ്രത്യയശാസ്ത്രത്തിന്റെ പ്രതിഫലനം കൂടിയാണത്. ഈ അടുത്ത നാളുകളിൽ ഉക്രൈയിനിൽ നിന്നും ഉയരുന്ന നിലവിളികളും, യുദ്ധ കാഹളങ്ങളും ഒന്നു മനസ്സിരുത്തി വായിക്കുന്നത് നല്ലതാണ്.

മനുഷ്യാസ്ഥിത്വം സ്വീകരിച്ച ദൈവത്തെക്കുറിച്ച് പറഞ്ഞും പ്രസംഗിച്ചും പഠിപ്പിച്ചും മാനവികതയുടെ ഉന്നതമായ ആദർശങ്ങൾ മനുഷ്യർക്ക് നൽകാൻ ക്രിസ്തുവിശ്വാസികൾ ശ്രമിച്ചു. മനുഷ്യന്റെ ധീക്ഷണപരമായ ദൈവദത്തമായ കഴിവിലും അതിന്റെ വളർച്ചയിലും പ്രായോഗിതയിലുമൊക്കെ 'സൃഷ്ടിയുടെ മകുടമായ മനുഷ്യൻ' എന്ന ബോധ്യം നമ്മെ വഴിനടത്തി.

അതിന്റെ മറുതലയ്ക്കൽ മാനവകുലത്തിന്റെ വളർച്ച അതിന്റെ വർഗ്ഗപരവും രക്തരൂക്ഷിതവുമായ സംഘട്ടനങ്ങളിലൂടെ മാത്രമേ നടക്കൂവെന്ന് പഠിപ്പിക്കുന്നത് മനുഷ്യനെ അനേകം ജീവികളിലൊന്നുമാത്രമായി കാണുന്ന തികച്ചും ഭൗതികമായ തത്വശാസ്ത്രത്തിന്റെ ബാക്കിപത്രമാണ്. ഇത് മനുഷ്യസമൂഹത്തിന് നൽകിയ നഷ്ടങ്ങളുടെ പട്ടികയിലേക്ക് ഈ മനുഷ്യരെയും ചേർത്തുവയ്ക്കാം. പക്ഷേ, ക്രൈസ്തവരായ നമുക്ക് പ്രതീക്ഷ നഷ്ടപ്പെടാതെ സമാധാനം പുലരാനായി പ്രാർഥിക്കുക കൂടി ചെയ്യേണ്ടതുണ്ട്.

-പത്രാധിപർ

# പ്രതികരണങ്ങൾ




## കവിതകൾ ആകർഷകം

'**ജീ**വനും വെളിച്ചവും' മാസികയിൽ 2022 ഫെബ്രുവരി ലക്കത്തെ രണ്ടു കവിതകളാണ് ആകർഷകമാക്കുന്നത്. കടലഴക് പിന്നെ. സമർപ്പിതർ. കടലമ്മയുടെ കനിവും സഭാമാതാവിന്റ സംരക്ഷണവും സമർപ്പിതജീവിതങ്ങളുടെ ത്യാഗവും മൂല്യവും പ്രസക്തിയും എല്ലാം ഈകവിതകൾ പുറത്തുകൊണ്ടുവരുന്നു.

**– ദീപ്തി രാജ്.**
പാണാൻകര.

### മെത്രാഭിഷേക സ്പെഷ്യൽ പതിപ്പ്

അഭിവന്ദ്യ മെത്രാപ്പൊലീത്ത ഡോ. തോമസ് ജെ. നെറ്റോയുടെ മെത്രാഭിഷേകത്തോടനുബന്ധിച്ച് 'ജീവനും വെളിച്ചവും' പ്രസിദ്ധീകരിക്കുന്ന സ്പെഷ്യൽ പതിപ്പ് 2022 മാർച്ച് 19 ന് പുറത്തിറങ്ങും. പ്രസ്തുത പതിപ്പിലേക്കുള്ള ആശംസകളും സൃഷ്ടികളും മാർച്ച് 7 ന് മുൻപ് പത്രാധിപർ, ജീവനും വെളിച്ചവും ആർച്ച് ബിഷപ്സ് ഹൗസ്, വെള്ളയമ്പലം, തിരുവനന്തപുരം - 695003 എന്ന വിലാസത്തിലോ jeevanumvelichavum@gmail.com ലോ ലഭ്യമാക്കേണ്ടതാണ്.

– പത്രാധിപർ

## സുമനസ്സുകളിൽ ഉണ്ടായിരുന്ന പുതിയ ബിഷപ്പ്

**ജീ**വനും വെളിച്ചവും ചരിത്രപഥം പേജിൽ മുൻ ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയുടെ സാമൂഹിക പ്രവർത്തനത്തെ അനുസ്മരിച്ചത് വായിച്ചു. തിരുവനന്തപുരം രൂപതയുടെ മുൻ ബിഷപ്പുമാരുടെ സ്ഥാനാരോഹണവും പ്രവർത്തനങ്ങളും പ്രാദേശികസഭയുടെ വളർച്ചയേയും ചാരിതാർഥ്യത്തോടെ ഓർക്കുന്നു.

തിരുവനന്തപുരം രൂപതയുടെ ആദ്യ ബിഷപ്പ് ബെൽജിയം സ്വദേശി വിൻസന്റ് ദെരേര പിതാവിൽ നിന്ന് സ്ഥൈര്യലേപന കൂദാശ സ്വീകരിക്കാൻ എനിക്ക് ഭാഗ്യമുണ്ടായി. തുടർന്ന് പിൻഗാമിയായി വന്ന ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയുടെ സ്ഥാനാരോഹണ ചടങ്ങ് പാളയം പള്ളിക്ക് മുൻപിലുള്ള സ്റ്റേഡിയത്തിൽ നടന്നപ്പോഴും രൂപതയുടെ മൂന്നാമത്തെ ബിഷപ്പ് ജേക്കബ് അച്ചാരുപറമ്പിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങ് ഇതേ സ്റ്റേഡിയത്തിൽ വച്ചുനടന്നപ്പോഴും ആയിരക്കണക്കിന് വിശ്വാസികൾക്കൊപ്പം അതിൽ പങ്കുചേരാൻ എനിക്ക് കഴിഞ്ഞു. അതിനുശേഷം മുപ്പത്തിരണ്ടുവർഷങ്ങൾക്ക് മുൻപ് രൂപതയുടെ നാലാമത്തെ ബിഷപ്പായി സൂസപാക്യം പിതാവ് സ്ഥാനമേറ്റപ്പോൾ ശംഖുമുഖം കടൽക്കരയിൽ വച്ചുനടന്ന ചടങ്ങിലും ഞാൻ പങ്കാളിയായത് ഓർമിക്കുന്നു.

സഹായ മെത്രാൻ ക്രിസ്തുദാസ് പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങ് ക്രിസ്തുരാജ സന്നിധിയിൽ നടന്നപ്പോഴും അതിൽ പങ്കെടുക്കാൻ ദൈവം എന്നെ അനുഗ്രഹിച്ചു.

ഒരു പാപ്പയെ തെരഞ്ഞെടുക്കുമ്പോൾ ലോകം മുഴുവൻ സന്തോഷിക്കുന്നു. പുതിയൊരച്ചൻ വികാരിയായി വരുമ്പോൾ ഇടവകയിലെ എല്ലാ വിഭാഗം ആൾക്കാരും പ്രതീക്ഷയിലായിരിക്കും.

തിരുവനന്തപുരം അതിരൂപതയ്ക്ക് പുതിയൊരു മെത്രാനെ ലഭിച്ചിരിക്കുന്നു. വിശ്വാസികളുടെ ചിരകാലാഭിലാഷം പോലെ ദൈവം അവർ ആഗ്രഹിച്ചിരുന്ന തോമസ് നെറ്റോ അച്ചനെ തന്നെ ബിഷപ്പായി നിശ്ചയിച്ചു. ആശംസകൾ അർപ്പിക്കാൻ വന്ന മതശ്രേഷ്ഠന്മാരുടെ ആഗമനം ശ്രദ്ധേയമാണ്. ഒപ്പം മതസൗഹാർദ്ദവും.

തിരുവനന്തപുരം അതിരൂപതയുടെ പുതിയ മെത്രാൻ ഈശ്വരവിശ്വാസികളുടെയും സാമൂഹിക പ്രവർത്തകരുടെയും കരുത്തുള്ള നേതാവാകുമെന്നതിൽ സംശയമില്ല. പ്രാർഥനാശംസകൾ.

**– ജോൺസൺ ബ്രദർ,**
വലിയതുറ

## ഹൃദയസ്പർശിയായ ലേഖനം

**ഫാ.** ജേക്കബ് ജി. പാലക്കാപിള്ളി എഴുതിയ ലേഖനം വളരെ അർത്ഥവത്തും ഹൃദയസ്പർശിയുമായിരുന്നു. അതിൽ നിന്ന് ഉൾതിരിഞ്ഞ ആശയങ്ങൾ വച്ചുനോക്കുമ്പോൾ ഇന്ന് സഭകൾക്കും ക്രിസ്ത്യൻ സമൂഹത്തിനും, പ്രത്യേകിച്ച് കത്തോലിക്കസഭയ്ക്കും നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ കൂടുതൽ സൂക്ഷ്മതയോടുകൂടി നാം പഠിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ സ്ഥിതി വച്ചുനോക്കുമ്പോൾ ലേഖകൻ പ്രതിപാദിക്കുന്നതുപോലെ ഒരു രാഷ്ട്രീയ സംഘടനയെയോ മറ്റേതെങ്കിലും സമുദായ സംഘടനയെയോ ആശ്രയിക്കുന്നതിൽ ഒരു പ്രയോജനവും ഇല്ല. കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ നമുക്ക് ഒരു ഗുണവും ചെയ്യുന്നില്ല. ഈ വെല്ലുവിളികളിൽ നിന്ന് കരകയറാൻ ഒരേയൊരു മാർഗമേ ഉള്ളൂ. അതായത് മാർക്കോസിന്റെ സുവിശേഷത്തിൽ 9-29 ൽ കർത്താവ് അരുളിചെയ്യുന്നു. പ്രാർഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ വർഗം പുറത്തുപോവുകയില്ല." എന്ന വചനമല്ലെ സത്യം. അതിനാൽ സഭയോട് ചേർന്നുനിന്ന് ക്രിസ്തുവിന്റെ ആശയങ്ങളെ ഉയർത്തിപ്പിടിക്കാൻ നമുക്ക് സാധിക്കണം.

**– ഗീതാനളിനി**

# താളുകളിൽ


**തപസിനെ ഉപാസിക്കാം** 6
ഫാ. ഇമ്മാനുവേൽ

**സേവ്യർ കൊട്ടാരത്തിലെ ഫ്രാൻസീസും...** 8
എഫ്. ആന്റണി പൂത്തൂർ

**കോർപ്പറേറ്റ് താല്പര്യത്തിലൂന്നിയ കേന്ദ്ര ബഡ്ജറ്റ്** 12
ഡോ. സി. ഷീബ ആൻഡ്രൂസ് എ.സി

**കവിത: കേരള നാട്** 15
റെയ്നോൾഡ് തോമസ്

**ചരിത്രപഥം: മെത്രാഭിഷേക കർമ്മം** 16
ഇഗ്നേഷ്യസ് തോമസ്

**വായന: ഫിഫ്ത്ത് മൗണ്ടെൻ** 18
ഡോ. സീന ഫെലിക്സ്

**കാനൻ ലോ** 19
ഫാ. ജോസ് ജി.

**നാടകം: പിറവിയുടെ പുസ്തകം ഒന്നാം അധ്യായം** 20
ബർഗ്മാൻ തോമസ്

**മോൺ. തോമസ് ജെ. നെറ്റോ തിരുവനന്തപുരം മെത്രാപ്പോലീത്ത** 22


**വാർത്തകൾ** 24

**നീർച്ചാൽ** 30

**വചനജ്വാല** 39

**നേർക്കാഴ്ച** 42
ജെ.സി.







ലേഖനം



**മഹത്വത്തിന്റെ കിരീടം മോഹിച്ചവർക്ക് ക്രിസ്തു നീട്ടിയത് സഹനത്തിന്റെ കാസയായിരുന്നു. വലത്തും ഇടത്തും ഇരിക്കാൻ കൊതിച്ചവരെ ക്രിസ്തു ക്ഷണിച്ചത് കുരിശിന്റെ ചുവട്ടിൽ നിൽക്കാനാണ്. സഹനത്തിന്റെ കാസ കുടിക്കാനും കുരിശിന്റെ ചുവട്ടിൽ നിൽക്കാനും ബലമുണ്ടാവണമെങ്കിൽ പ്രാർഥനയിലും ഉപവാസത്തിലും ദാനധർമ്മത്തിലും മുഴുകേണ്ടതുണ്ട്. ശരീരത്തിന്റെ ശബ്ദംകൊണ്ടല്ല; ആത്മാവിന്റെ സ്വരംകൊണ്ടാണ് പ്രാർഥിക്കേണ്ടത്.**

# തപസിനെ ഉപാസിക്കാം



ഫാ. ഇമ്മാനുവേൽ

ദുഃഖവെള്ളിയിൽ എന്നിലെ പ്രകാശം അണഞ്ഞുപോയാലും നെടുവീർപ്പിടാതെ നൊമ്പരപ്പെടാതെ ഞാനൊരു ഈസ്റ്ററിനായി കാത്തിരിക്കും. എനിക്കും നിങ്ങൾക്കും തപസ്സുകാലമാണ്. ഞായറാഴ്ച ഒഴിവാക്കി എണ്ണുകയാണെങ്കിൽ വിഭൂതി ബുധൻ മുതൽ ഉയിർപ്പു തിരുനാൾവരെ നാൽപ്പതുദിനങ്ങളുണ്ടാവും. നാൽപ്പതാമത്തെ എന്നർഥമുള്ള ക്വാഡ്രോജേസിമ എന്ന പദമാണ് ലാറ്റിൻ ഭാഷയിൽ നോമ്പിനുള്ള പേരായി ഉപയോഗിക്കുന്നത്. മോശയും ഏലിയായും ക്രിസ്തുവും നാല്പതുദിവസം ഉപവസിച്ചവരാണെന്ന് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തുവിന്റെ മരണത്തിനും ഉയിർപ്പിനുമിടയ്ക്ക് നാല്പത് മണിക്കൂർ കടന്നുപോയി. ഇവയെ അടിസ്ഥാനപ്പെടുത്തിയാണ് നിക്യാ സൂനഹദോസുമുതൽ നോമ്പാചരണത്തിന് തുടക്കമാകുന്നത്.

ഒരു വിശ്വാസിയുടെ വസന്തകാലമാണ് നോമ്പ്. ഒരു യഥാർഥ വിശ്വാസിയുടെ പരിശീലന കാലഘട്ടവും അതുതന്നെയാണ്. നന്മയെ സ്വീകരിക്കാനും തിന്മയെ തിരസ്കരിക്കാനും ഒരു നോമ്പുകാലംകൂടിവരവായ്. ദൈവമഹത്വത്തിന്റെ സൗന്ദര്യം എന്നേക്കുമായി അണിയാൻ ഒരു അവസരം കൂടി ഉടയോൻ കനിഞ്ഞേകുന്നു. നോമ്പുകാലം ധന്യമാകുന്നത് അത് അനുഷ്ഠിക്കുമ്പോഴാണ്. നോമ്പിനെ പൂത്തുപൂവിട്ടു നിൽക്കുന്ന വൃക്ഷമായി കണ്ടാലും... നക്ഷത്രവിളക്കുകളാൽ അലംകൃതമായ ആകാശമായി നിർവചിച്ചാലും... അനേകം നദികൾ സംഗമിക്കുന്ന സമുദ്രമായി വർ

ണിച്ചാലും... അതിന്റെ കേന്ദ്രസ്ഥാനം ദൈവത്തിനാണ്. ദൈവത്തിൽ നിന്നും അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷ്ണതയോടെ തിരിച്ചുവന്ന് അവിടുത്തെ തേടാനാണ് പ്രവാചകൻ നമ്മെ ഓർമിപ്പിക്കുക.

മഹത്വത്തിന്റെ കിരീടം മോഹിച്ചവർക്ക് ക്രിസ്തു നീട്ടിയത് സഹനത്തിന്റെ കാസയായിരുന്നു. വലത്തും ഇടത്തും ഇരിക്കാൻ കൊതിച്ചവരെ ക്രിസ്തു ക്ഷണിച്ചത് കുരിശിന്റെ ചുവട്ടിൽ നിൽക്കാനാണ്. വലിയവരാകാൻ തർക്കിച്ചവരെ അവിടുന്ന് തിരുത്തിയത് ചെറുതാകാൻ പഠിപ്പിച്ചുകൊണ്ടായിരുന്നു. സഹനത്തിന്റെ കാസ കുടിക്കാനും കുരിശിന്റെ ചുവട്ടിൽ നിൽക്കാനും ബലമുണ്ടാവണമെങ്കിൽ പ്രാർഥനയിലും ഉപവാസത്തിലും ദാനധർമ്മത്തിലും മുഴുകേണ്ടതുണ്ട്. ശരീരത്തിന്റെ ശബ്ദംകൊണ്ടല്ല; ആത്മാവിന്റെ സ്വരംകൊണ്ടാണ് പ്രാർഥിക്കേണ്ടത്. ഈശ്വരനും അപരനും ഒരാളുടെ ജീവിതത്തിന്റെ ഭാഗമാകുന്നതാണ് ഉപവാസം. ഈശ്വര സവിധത്തിലെ വിശിഷ്ടമായ കാഴ്ചയാണ് ദാനധർമം.

പകുത്തുവച്ച ഹൃദയത്തിലിപ്പോഴും സ്നേഹത്തിന്റെ അരുവികളൊഴുകുന്നു. രാത്രിയിലും അവന്റെ സ്നേഹത്തിന് അസ്തമയമില്ല. ഏദൻതോട്ടത്തിലെ വൃക്ഷത്തിൽ സാത്താൻ വിഹരിച്ചപ്പോൾ ആ വൃക്ഷം മരണവൃക്ഷമായിത്തീർന്നു. എന്നാൽ, ഗോൽഗോഥായിലെ മരത്തിൽ ദൈവപുത്രൻ തലചായ്ച്ചപ്പോൾ ആ മരം ജീവന്റെ മരമായി മാറി. കിരീടമണിയിക്കുന്നവർ ഒരിക്കൽ നമ്മെയും കുരിശിൽ തറയ്ക്കുമെന്ന് ഓരോ ദുഃഖവെള്ളിയും നമ്മെ ഓർമ്മിപ്പിക്കും. അതിരുകളില്ലാത്ത സ്നേഹത്തിനുമാത്രമേ അപരനുവേണ്ടി ബലിയായിത്തീരാൻ കഴിയുകയുള്ളൂ. കുരിശിന് മഹത്വം വന്നത് അത് സ്വർണത്തിലോ വെള്ളിയിലോ പണിത് കുറെ ആളുകൾ ധരിക്കുന്നതുകൊണ്ടല്ല; മറിച്ച് യേശുക്രിസ്തു അതിൽ നമുക്കായി ജീവൻ വെടിഞ്ഞതിനാലാണ്.

പെസഹായിലെ ഒറ്റുകൊടുക്കലും ദുഃഖവെള്ളിയിലെ ഒറ്റപ്പെടുത്തലും കഴിഞ്ഞ് മഹത്വത്തിലേക്കുള്ള രംഗപ്രവേശനമാണ് ഉയിർപ്പ്. കല്ലറകൾക്കുള്ളിൽ കുടുങ്ങേണ്ടതല്ല ജീവിതമെന്ന് ഓരോ ഈസ്റ്ററും ഓർമ്മപ്പെടുത്തുന്നുണ്ട്. 'എന്റെ ദൈവം മിരിച്ചവരുടെ ദൈവമല്ല; ഉയിർപ്പിക്കപ്പെട്ടവരുടെ ദൈവമാണ്" - എന്ന് ഏറ്റുപറയാനുള്ള വിശ്വാസമാണ് നമ്മെ ഇനി വഴി നടത്തേണ്ടത്.

'ഒരില മറ്റൊന്നിന്റെ കാതിൽ രഹസ്യം പറഞ്ഞു:

ഞാൻ കൊഴിഞ്ഞുവീണാലും നീ സങ്കടപ്പെടരുത്, നിനക്കെന്നെ നഷ്ടപ്പെടില്ല.

മണ്ണിൽച്ചേർന്ന് വളമായി ഈ മരത്തിന്റെ വേരിലൂടെ

ഞാൻ വീണ്ടും മടങ്ങിയെത്തും.'

ദുഃഖത്തിന്റെയും പീഡനത്തിന്റെയും ഉടയാടകൾ മാറ്റി ഉടയോന്റെ മഹത്വത്തിന്റെ അഴക് എന്നേക്കുമായി ധരിക്കാൻ ഈ നോമ്പുകാലം അർഥപൂർണമായി വിനിയോഗിക്കാം. ദൈവത്തോട് അധികം സംസാരിച്ച് മനുഷ്യനോട് അൽപ്പം ഉരിയാടി, ശരീരത്തെ പ്രായശ്ചിത്തത്താൽ അധീനമാക്കി ആത്മാവിനെ ദൈവത്തിങ്കലേക്ക് ഉയർത്താൻ ഈ തപസ്സുകാലം പരിശീലിക്കാം. യേശുവിനെ മരുഭൂമിയിൽ വച്ച് ആർത്തിയാലും; ദൈവാലയത്തിൽവച്ച് വ്യർത്ഥാഭിമാനത്താലും; മലമുകളിൽവച്ച് അത്യാസക്തിയാലും സാത്താൻ പ്രലോഭിപ്പിച്ചു. എന്നാൽ അഹന്തയുടെ മക്കളുടെ രാജാവായ പിശാചിനെ യേശു കീഴ്പ്പെടുത്തി. ഭൗതീക സാഹചര്യങ്ങളിൽ കുതറി വീഴാതിരിക്കാൻ ആത്മീയ പ്രവർത്തികളിൽ മുഴുകാൻ ദൈവം കൃപചൊരിയട്ടെ! ■

**ഒരു വിശ്വാസിയുടെ വസന്തകാലമാണ് നോമ്പ്. ഒരു യഥാർഥ വിശ്വാസിയുടെ പരിശീലന കാലഘട്ടവും അതുതന്നെയാണ്. നന്മയെ സ്വീകരിക്കാനും തിന്മയെ തിരസ്കരിക്കാനും ഒരു നോമ്പുകാലംകൂടിവരവായ്. ദൈവമഹത്വത്തിന്റെ സൗന്ദര്യം എന്നേക്കുമായി അണിയാൻ ഒരു അവസരം കൂടി ഉടയോൻ കനിഞ്ഞേകുന്നു. നോമ്പുകാലം ധന്യമാകുന്നത് അത് അനുഷ്ഠിക്കുമ്പോഴാണ്.**




ലേഖനം

**ആഗോള കത്തോലിക്കാ സഭയിലെ മഹാ മിഷനറിയും ഭാരതത്തിന്റെ രണ്ടാം അപ്പസ്തോലനുമായ സേവ്യർ കൊട്ടാരത്തിലെ ഫ്രാൻസീസിനെ വിശുദ്ധ പദവിയിലേക്ക് ആനയിച്ചിട്ട് ഈ മാർച്ച് 12-ന് നാനൂറ് വർഷം പൂർത്തിയാകുന്നു. പോൾ അഞ്ചാമൻ പാപ്പ 1619 ഒക്ടോബർ 25-നാണ് ഫ്രാൻസിസ്സേവ്യറെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്**

# സേവ്യർ കൊട്ടാരത്തിലെ ഫ്രാൻസീസും വിശുദ്ധപദ പ്രഖ്യാപനത്തിന്റെ നാലാം ശതാബ്ദിയും





എഫ്. ആന്റണി പൂത്തൂർ,
ചാത്യാത്ത്

ആഗോള കത്തോലിക്കാ സഭയിലെ മഹാ മിഷനറിയും ഭാരതത്തിന്റെ രണ്ടാം അപ്പസ്തോലനുമായ സേവ്യർ കൊട്ടാരത്തിലെ ഫ്രാൻസീസിനെ വിശുദ്ധ പദവിയിലേക്ക് ആനയിച്ചിട്ട് ഈ മാർച്ച് 12-ന് നാനൂറ് വർഷം പൂർത്തിയാകുന്നു. പോൾ അഞ്ചാമൻ പാപ്പ 1619 ഒക്ടോബർ 25-ന് ഫ്രാൻസിസ് സേവ്യറെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. ഗ്രിഗറി പതിനഞ്ചാമൻ പാപ്പയാണ് 1622 മാർച്ച് 12-ന് ഫ്രാൻസീസ് ഓഫ് സേവ്യറിനെ വിശുദ്ധ പദവിയിലേക്കുയർത്തിയത്. 1748 ഫെബ്രുവരി 24-ന് ബെനഡിക്ട് 14-ാമൻ പാപ്പ ഇദ്ദേഹത്തെ ഭാരതത്തിന്റെ പ്രധാന സംരക്ഷകനും പിതാവുമായി പ്രഖ്യാപിച്ചു. 1904 മാർച്ച് 25-ന് വിശുദ്ധ പത്താം പിയൂസ് പാപ്പ വിശ്വാസതിരുസംഘത്തിന്റെ സംരക്ഷകനായും 1927 ഡിസംബർ 14-ന് പതിനൊന്നാം പിയൂസ് പാപ്പ (12. 02.1922 – 10.02.1939) എല്ലാ മിഷനുകളുടെയും സംരക്ഷകനായും പ്രഖ്യാപിച്ചു. വിശുദ്ധന്റെ പൂജ്യശരീരം സംരക്ഷിക്കുന്ന ഗോവയിലെ ബോം ജീസസ്സ് ദൈവാലയത്തെ ഒരു ബസലിക്കയായി ഉയർത്തിയത് 1946 മാർച്ച് 20-ന് പന്ത്രണ്ടാം പീയൂസ് പാപ്പയാണ്.

ഭാരതം ഉൾപ്പെടെ പല രാജ്യങ്ങളിലും ആത്മാക്കളുടെ രക്ഷതേടി ഏറെ തീക്ഷ്ണതയോടെ അലഞ്ഞ അദ്ദേഹം വിശുദ്ധ പൗലോസ് അപ്പ

സ്തോലന് ശേഷമുള്ള ഏറ്റവും വലിയ പ്രേഷിതൻ എന്ന് അറിയപ്പെടുന്നു. വിശുദ്ധന്റെ ആഴമേറിയ വിശ്വാസതീക്ഷ്ണതയും മിഷനറി ചൈതന്യവും ത്യാഗപൂർണമായ ജീവിതവും ആഗോളസഭയ്ക്കും ക്രൈസ്തവ സമൂഹത്തിനും മിഷനറി സമൂഹത്തിനും വലിയൊരു മാതൃകയാണ്.

## ഫ്രാൻസീസ് സേവ്യറിന്റെ ജീവിതത്തിലൂടെ

സ്പെയിനിലെ നവാരെ പ്രവിശ്യയിൽ സേവ്യർഎന്നൊരു പുരാതന കൊട്ടാരമുണ്ടായിരുന്നു. ഈ കൊട്ടാരത്തിൽ 1506 ഏപ്രിൽ 7-ാം തീയതി ജാതനായ കുഞ്ഞാണ് പിന്നീട് ഇന്ത്യയുടെയും ജപ്പാന്റെയും പ്രേഷിതൻ എന്ന് അറിയപ്പെട്ട ഫ്രാൻസീസ് ഓഫ് സേവ്യർ. നവാരെയിലെ രാജാവ് ജോൺ തൃദീയന്റെ പ്രധാന ഉപദേശകനായിരുന്ന ഡോൺ ജൂവാൻ ദെ ജാസോ (Juan de Jaso) യും ആ രാജ്യത്തെ ഒന്നാമത്തെ പ്രഭുകുടുംബത്തിലെ അംഗമായിരുന്ന ഡോണാ മരിയ അസ്നാരെസ് (Dona Maria De Azpilecuoto Y. Aznarez) -ഉം ആയിരുന്നു ഫ്രാൻസീസിന്റെ മാതാപിതാക്കൾ. ഈ ദമ്പതിമാരുടെ ആറു മക്കളിൽ ഏറ്റവും ഇളയവനായ ഫ്രാൻസീസിനെ മൂത്ത സഹോദരരായിരുന്ന ജോണും മൈക്കിളും സൈന്യത്തിൽ ചേരുവാൻ പ്രേരിപ്പിച്ചെങ്കിലും ആ ബാലൻ അതിനു വഴിപ്പെട്ടില്ല. ഒൻപതാം വയസ്സിൽ പിതാവ് നഷ്ടപ്പെട്ട് അമ്മയുടെ സംരക്ഷണയിൽ വളർന്നുവന്ന ഫ്രാൻസിസ് യുദ്ധത്തിൽ വിജയം സംശയഗ്രസ്തമായിരിക്കെ പഠനത്തിൽ വിജയം സുനിശ്ചിതമാണെന്ന ചിന്തയിൽ ജ്ഞാനത്തിന്റെ രത്നങ്ങളെ സ്വായത്തമാക്കുവാൻ ദൃഢനിശ്ചയം ചെയ്തു. യൗവ്വനത്തിലേക്ക് കാലൂന്നിയപ്പോഴേയ്ക്കും നിർഭയനും ദൃഢഗാത്രനുമായി മാറിയ അദ്ദേഹം സ്പെയിൻകാരുടെ ഇഷ്ടവിനോദമായിരുന്ന കുന്തമേറിലും മറ്റു കായികവിനോദങ്ങളിലും പ്രാവീണ്യം നേടുകയും ഏറെ സമ്മാനങ്ങൾ നേടുകയും ചെയ്തു. പഠനത്തിൽ മിടുക്കനായിരുന്ന ആ ബാലൻ ഒരു മാതൃകാ വിദ്യാർത്ഥിയായാണ് അറിയപ്പെട്ടിരുന്നത്. മകനെ ക്രൈസ്തവ വിശ്വാസത്തിൽ ആഴപ്പെടുത്തുവാൻ അമ്മയ്ക്ക് കഴിഞ്ഞിരുന്നു. 1525-ലെ വസന്തകാലത്ത് ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ പാരീസ് സർവ്വകലാശാലയിൽ ഉന്നതപഠനത്തിനെത്തിയ ഫ്രാൻസീസ് അവിടെനിന്നും ഉയർന്ന മാർക്കോടെ ഉന്നതബിരുദം നേടുകയും അവിടെത്തന്നെ പ്രൊഫസറായി നിയമിതനാകുകയും ചെയ്തു.

## ഇഗ്നേഷ്യസ് ലോയോളയെ കണ്ടുമുട്ടുന്നു

ഫ്രാൻസീസിനോടോപ്പം താമസിച്ചിരുന്ന പീറ്റർ ഫേബർ എന്ന വൈദികന്റെ ശ്രമങ്ങളായിരുന്നു അദ്ദേഹത്തെ വിശുദ്ധിയുടെ മാർഗത്തിലേക്ക് കൈപിടിച്ചു നടത്തിയത്. ഈ സാഹചര്യത്തിലാണ് തന്റെ നാട്ടുകാരനും ലോയോളാ കൊട്ടാരത്തിലെ അംഗവുമായ ഇനീഗോ എന്ന ഇഗ്നേഷ്യസ്, ഫ്രാൻസീസിന്റെ കൂടെ താമസിച്ചുപഠിക്കുവാൻ പാരീസ് സർവ്വകലാശാലയിൽ എത്തുന്നത്. ഫ്രാൻസീസിനെപ്പോലെതന്നെ പേരും പെരുമയും സ്ഥാനമാനങ്ങളും ലക്ഷ്യമാക്കി ജീവിച്ചിരുന്ന ഒരാളായിരുന്നു ഇനീഗോയും. അസാധാരണ ധൈര്യവും ആയോധനപാടവവും ഉള്ള ഒരു പട്ടാളമേധാവിയായിരുന്ന അദ്ദേഹത്തിന്റെ രണ്ടു കാലുകൾക്കും വെടിയുണ്ടയേറ്റ് മാരകമായി മുറിവേറ്റതോടെ ഏറെനാൾ കിടപ്പിലായിപ്പോയി. 1521 മെയ് 20-ന് നടന്ന പാംബലോണ യുദ്ധമായിരുന്നു ഇനീഗോയുടെ ഈ അവസ്ഥയ്ക്ക് കാരണമായത്. ദീർഘനാൾ സ്വഭവനത്തിൽത്തന്നെ ശയ്യാവലംബിയായി കഴിഞ്ഞ ഇനീഗോയ്ക്ക് അവിടെ വായിക്കുവാൻ ലഭിച്ചത് ക്രിസ്തുവിന്റെയും വിശുദ്ധരുടെയുമൊക്കെ ജീവചരിത്ര ഗ്രന്ഥങ്ങളായിരുന്നു. ആദ്യമൊക്കെ ഈ ഗ്രന്ഥങ്ങൾ വായിക്കുന്നതിൽ താല്പര്യമില്ലാതിരുന്ന അദ്ദേഹം സാവകാശം അവയെ ധ്യാനപൂർവ്വം സമീപിക്കുവാൻ തുടങ്ങി. അവസാനം അയാൾ അയാളോടുതന്നെ ചോദിച്ചു, 'അവന് ഒരു പുണ്യവാനും, അവൾക്ക് ഒരു പുണ്യവതിയും ആകാമെങ്കിൽ എനിക്കെന്തുകൊണ്ട് ഒരു പുണ്യവാനായിക്കൂടാ?'



ദീനശയ്യയിൽ നിന്നും യേശുവിന്റെ പട്ടാളത്തിലെ ഒരംഗമായി തന്നെയും വിളിച്ചുകഴിഞ്ഞുവെന്ന് മനസ്സിലാക്കിയ ഇനീഗോയെന്ന ഇഗ്നേഷ്യസ് ഓഫ് ലൊയോള ക്രിസ്തുവിനുവേണ്ടി യുദ്ധം ചെയ്യുന്നതിനുള്ള യുവാക്കളെ തേടുന്നതിനും ഒരു സർവ്വകലാശാലാ ബിരുദം സമ്പാദിക്കുന്നതിനും വേണ്ടിയാണ് പാരീസിൽ എത്തിയത്. ഇവിടെനിന്നും സുഹൃത്തുക്കളായി ലഭിച്ച ഫാ. പീറ്റർ ഫേബർ, ഫ്രാൻസീസ് ഓഫ് സേവ്യർ കാസിൽ, ജെയിംസ് ലെയ്നസ്, സൈമൺ റോഡ്രിഗസ്, നിക്കോളാസ് ബോബഡില്ല, അൽഫോൻസോ സാൽമറോൺ എന്നിവരുമായി 1534 ആഗസ്റ്റ് 15-ന് രക്തസാക്ഷികളുടെ കുന്ന് എന്നറിയപ്പെടുന്ന മോണ്ട് മാർട്രെയിലേക്കുപോയി. ലൗകീക സുഖങ്ങളെ പരിത്യജിക്കുന്നതിന്റെ പ്രതീകമായി പരുപരുത്ത ചണവസ്ത്രങ്ങളാണ് അവർ ധരിച്ചിരുന്നത്. ആ കുന്നിലുണ്ടായിരുന്ന ചെറിയ ദൈവാലയത്തിൽ ഫാദർ പീറ്റർ ഫേബർ ദിവ്യബലിയർപ്പിക്കുകയും എല്ലാവരും ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ എടുക്കുകയും ചെയ്തു. Society of Jesus - Jesuits-ന്റെ അനൗദ്യോഗിക തുടക്കമായിരുന്നു അത്. ചിട്ടയായ പരിശീലനത്തിനൊടുവിൽ 1537 ജൂൺ 24-ന് ഇറ്റലിയിലെ വെനീസിൽ വച്ച് ആറുപേരും പൗരോഹിത്യം സ്വീകരിച്ചു. 1540 സെപ്റ്റംബർ 27-ന് പോൾ മൂന്നാമൻ പാപ്പ തന്റെ 'Regimini Militantis Ecclesiae' എന്ന പേപ്പൽ ബുൾ വഴി ഈശോസഭയെ അംഗീകരിച്ചതോടെ ആതുരശുശ്രൂഷാ രംഗത്ത് ശ്രദ്ധ പതിപ്പിച്ചിരുന്ന ഈ സുഹൃദ്സംഘം കത്തോലിക്കാസഭയിൽ ഒരു കൗണ്ടർ റിഫോർമേഷന് (പ്രതിമത നവീകരണത്തിന്) ആരംഭമിട്ടു.

## ഇന്ത്യയിലേക്ക്

പോർച്ചുഗൽ ചക്രവർത്തിയായ ജോൺ മൂന്നാമൻ രാജാവിന്റെ ആവശ്യപ്രകാരം ഇന്ത്യയിൽ മിഷൻവേല ചെയ്യുന്നതിനായി ഫ്രാൻസീസ് ഓഫ് സേവ്യറിനെയും നിക്കൊളാസ് ബോബഡില്ലയെയും പരിശുദ്ധ പിതാവ് പോൾ മൂന്നാമൻ പാപ്പ (03.11.1534 – 10.11.1549) നിയോഗിച്ചതിൻപ്രകാരം യാത്രപറയുവാനെത്തിയ ഫ്രാൻസീസിനോട് ഇഗ്നേഷ്യസ്: 'പോയി കിഴക്കിന് തീയിടുക' എന്നുപറഞ്ഞപ്പോൾ ഫ്രാൻസീസ്: 'അനുസരിക്കുക എന്റെ കടമ' എന്നാണ് മറുപടി നൽകിയത്. പോർച്ചുഗലിൽ എത്തിയ ഫ്രാൻസീസിന് കിഴക്കിന്റെ അപ്പസ്തോലിക് നൂൺഷ്യോ പദവിയും എത്യോപ്യൻ ചക്രവർത്തിയുടെ പോർച്ചുഗൽ അംബാസിഡർ പദവിയും നൽകിക്കൊണ്ടാണ് ജോൺ മൂന്നാമൻ രാജാവ് അദ്ദേഹത്തെ 1541 ഏപ്രിൽ 7-ന് യാത്രയാക്കിയത്. അന്നേദിവസം തന്നെ ഇന്ത്യയ്ക്കായി നിയമിതനായ ഗവർണർ മാർട്ടിൻ ഡിസൂസയ്ക്കൊപ്പം 'സാന്തിയാഗോ' എന്ന കപ്പൽവ്യൂഹത്തിൽ ഫ്രാൻസീസും ബോബഡില്ലയും യാത്രയാരംഭിച്ചു. മെസ്സർ പൗലോ, ഫ്രാൻസീസ് മൻഷീലാസ്, ഡിയാഗോ ഫെർണാണ്ടസ്, ഗവർണറുടെ ചാപ്ലിനായ ഫാദർ ഗബ്രിയേൽ ഫോർമോസോ എന്നിവരും സേനാംഗങ്ങളും കപ്പൽജീവനക്കാരുമായി 500 പേരായിരുന്നു ഈ കപ്പൽവ്യൂഹത്തിലുണ്ടായിരുന്നത്. മൊസാംബിക്കിലെ 'ലെ കേപ്പ് വാർദെ' വഴി, 1542 മെയ് 6-ന് ഇന്ത്യയിലെ പോർച്ചുഗീസ് തലസ്ഥാനമായ ഗോവയിൽ കപ്പൽവ്യൂഹം എത്തിച്ചേർന്നു. ഫ്രാൻസീസിന്റെ 36-ാം ജന്മദിനമായിരുന്നു ആ ദിവസം. ഗോവയിലെ സെന്റ് പോൾസ് കോളേജിനെ ജസ്യൂട്ട് മിഷനറിമാരുടെ മൂന്നാം പ്രവിശ്യയുടെ ആസ്ഥാനമാക്കിയ ഫ്രാൻസീസ് നാലു മാസങ്ങൾക്കുശേഷം തന്റെ അപ്പസ്തോലിക യാത്രയാരംഭിച്ചു. 1535-37 കാലത്ത് ഫ്രാൻസീസ്കൻ പാതിരിമാരിൽ നിന്നും ജ്ഞാനസ്നാനമേറ്റ, മുത്തുവാരിയും മീൻപിടിച്ചും ജീവിച്ചിരുന്ന, ജനസമൂഹത്തിന് വിശ്വാസശിക്ഷണം ലഭിച്ചിരുന്നില്ല. ഈ അവസ്ഥ പരിഹരിക്കുന്നതിനാണ് പരിശുദ്ധ പിതാവും പോർച്ചുഗൽ രാജാവും ഫ്രാൻസീസിനെയും കൂട്ടരെയും ഇങ്ങോട്ടയച്ചത് എന്നതിനാലാണ് ഫ്രാൻസീസ് ഈ യാത്രയ്ക്ക് തുനിഞ്ഞത്. 1542-ലെ ക്രിസ്തുമസ് കാലത്ത് കണ്ണൂർ വഴി കൊച്ചിയിലെത്തിയ ഫ്രാൻസീസും സംഘവും വാസ്കോ ഡ ഗാമയുടെ ഭൗതികശരീരം സംസ്കരിച്ചിട്ടുള്ള സെന്റ് ഫ്രാൻസീസ് ദൈവാലയത്തിൽ ക്രിസ്തുമസ് ദിന ദിവ്യബലി അർപ്പിച്ചതിനുശേഷം മുക്കുവതീരത്തെത്തി മിഷൻ പ്രവർത്തനങ്ങളിൽ മുഴുകി. ഭാരതത്തിലെ ഭാ



**1552 ഡിസംബർ 3-ന് അദ്ദേഹം സ്വർഗ്ഗീയപിതാവിന്റെ സവിധത്തിലേക്ക് യാത്രയായി. ഭൗതികാവശിഷ്ടങ്ങൾ ഗോവയിലേക്ക് കൊണ്ടുപോയി സംസ്കരിക്കണമെന്ന ലക്ഷ്യത്തോടെ ഫ്രാൻസീസിന്റെ മൃതശരീരം വേഗം ക്ഷയിച്ചുകിട്ടുവാൻ കുമ്മായത്തിൽ മൂടി സാൻഷ്യെൻ ദ്വീപിന്റെ കടൽതീരത്ത് സഹപ്രവർത്തകർ സംസ്കരിച്ചു. പിന്നീട് ശവകുടീരം തുറന്നപ്പോൾ ആ ശരീരം തേജസ്സോടെയും വസ്ത്രങ്ങൾ എങ്ങനെ വച്ചോ അതുപോലെയും കാണപ്പെട്ടു.**

വി മിഷനറിമാർക്ക് സഹായകമാകുന്ന കൈപ്പുസ്തകങ്ങളും വേദപാഠങ്ങളും രചിച്ച ഫ്രാൻസിസ് കൊച്ചിയിലെ വികാരിയായ പെദ്രോ ഗോൺസാൽവസിന്റെ അധികാരത്തിലുള്ളതും കന്യാകുമാരി മുതൽ വെമ്പാർ വരെയുള്ളതുമായ പ്രദേശങ്ങളിൽ പ്രവർത്തിച്ച് സഭയെ ശക്തിപ്പെടുത്തുകയും പതിനായിരങ്ങളെ മാനസ്സാന്തരപ്പെടുത്തുകയും ചെയ്തു. ഈ സമയത്ത് ഗോവയിൽ വച്ച് അദ്ദേഹം രചിച്ച 'ഡോക്ട്രൈനാ ക്രിസ്താം' എന്ന പോർച്ചുഗീസ് വേദോപദേശ പുസ്തകം അന്നത്തെ മലബാറിന്റെ ഭാഷയായ തമിഴിൽ Henrique Henriques എന്ന ഈശോസഭ മിഷനറിയെക്കൊണ്ട് മൊഴിമാറ്റം നടത്തി സഭാമക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി. "തമ്പിരാൻ വണക്കം" എന്ന ഈ തമിഴ് പുസ്തകത്തിന്റെ ഒരു കോപ്പിയുള്ളത് അമേരിക്കയിലെ Harward University ലൈബ്രറിയിൽ മാത്രമാണ്. മരത്തിൽ കൊത്തിയെടുത്ത അക്ഷരങ്ങളുപയോഗിച്ച് 1577-ൽ വൈപ്പിക്കോട്ട സെമിനാരി പ്രസ്സിൽ നിന്നും, 1578-ൽ കൊല്ലത്തെ കോളേജ് പ്രസ്സിൽ നിന്നും ഈ പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. ഈ രണ്ടു പ്രസ്സുകളും ഈശോസഭയുടേതായിരുന്നു. 1543 മാർച്ച് മുതൽ സെപ്റ്റംബർ വരെ ഉൾനാടൻ ഗ്രാമങ്ങളിലൂടെ കന്യാകുമാരി വരെയുള്ള പ്രദേശങ്ങളിൽ വേദപ്രചാര പ്രവർത്തനങ്ങൾ നടത്തിയ ഫ്രാൻസീസ് കൊളംബോയും കൗ ഐലന്റും ജാഫ്നയും കാൻഡിയും സന്ദർശിച്ചശേഷം ഡിസംബർ ആദ്യവാരത്തിൽ ഗോവയിൽ തിരിച്ചെത്തി. 1543 ഡിസംബർ 21 ന് കൊച്ചിയിലേക്ക് പുറപ്പെട്ട ഫ്രാൻസീസും മാൻഫില്ലാസും കമ്പനി സെക്രട്ടറിയായ അന്തോണിയോ ഡയസ്സും സ്പാനിഷ് മിഷനറിയായ ജെസ്യൂ ദെ ലിസാനോയും രണ്ടു സഹായികളും ഒരു പട്ടാളക്കാരനും കണ്ണൂർ വഴി 1544 ജനുവരി ഒന്നിന് കൊച്ചിയിലെത്തി പെദ്രോ ഗോൺസാൽവസിന്റെ അതിഥിയായി താമസിച്ച് എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു. ഫെബ്രുവരിയിൽ മുക്കുവതീരത്തേയ്ക്കു പോയ ഫ്രാൻസീസ് കൊല്ലത്തുനിന്നും സിലോണിലേയ്ക്കുപോയി. അധികം വൈകാതെ മുക്കുവതീരത്തെത്തിയ അദ്ദേഹം അതിനെ മൂന്നായി തിരിച്ച് മണപ്പാട്ടിനെ ഫ്രാൻസിസ് മൻഷിലാസിനും തുരുത്തിക്കോണത്തെ ലിസാനോയ്ക്കും ഭരമേല്പിച്ചു. പുന്നക്കായലിനെ അദ്ദേഹം തന്നെ ഏറ്റെടുത്തു. നവംബർ മദ്ധ്യത്തോടെ ഫ്രാൻസിസും പുതിയ അനുയായികളായ ക്രിസ്തതാവാവോ ഫെർണാണ്ടസും അന്തോണിയോ ഫെർണാണ്ടസും കൂടി പൂവാർ, കൊല്ലംകോട്, വലിയവിളതുറൈ, തൂത്തൂർ തുറൈ, പടുതുറൈ, തേങ്ങാപട്ടണം, വാണിയം, മിടാലം, വാണിയക്കുടി, കൊളച്ചൽ, കടിയപട്ടണം, മുട്ടംതുറ, പള്ളം, മണക്കുടി എന്നിവിടങ്ങളിലായി പതിനായിരങ്ങളെ മാമ്മോദീസ മുക്കിയശേഷം 1544 ഡിസംബർ 16-ന് വീണ്ടും കൊച്ചിയിലെത്തി പതിവുപോലെ വികാരിയോടൊപ്പം ഏതാനും ദിവസങ്ങൾ കഴിച്ചുകൂട്ടി. തുടർന്ന് ഗോവയിലെത്തിയ അദ്ദേഹം ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തശേഷം ഗർണറുമായി കൂടിക്കാഴ്ച കഴിഞ്ഞ് കൊച്ചിക്ക് മടങ്ങുംവഴി കണ്ണൂരിലിറങ്ങി മാർതോമാ ക്രിസ്ത്യാനികളുടെ മെത്രാനും,ഫ്രാൻസീസ്കൻ മിഷനറിമാരുടെ സാങ്തോ അന്തോണിയോ ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുന്ന ദേഹവുമായ, മാർ ജേക്കബ്ബിനെ സന്ദർശിച്ചു. അദ്ദേഹം കൊച്ചിയിൽ നിന്നും തെക്കോട്ട് യാത്രയായി. കൊല്ലത്തും കൊളംബോയിലും ഏറെ പ്രവർത്തനങ്ങൾ കാഴ്ചവച്ചശേഷം അദ്ദേഹം നാഗപട്ടണത്ത് ഒരു മാസം താമസിച്ചു. 1545 ഏപ്രിലിൽ ഫ്രാൻസീസ് സാൻതോമയിലെത്തി അവിടത്തെ ക്രിസ്ത്യാനികളെ ധൈര്യപ്പെടുത്തുകയും അവിടെ ദൈവഭയവും സമാധാനവും സാദ്ധ്യമാക്കുകയും ചെയ്തു. സെപ്റ്റംബർ ആദ്യപാദത്തിൽ അദ്ദേഹം മലാക്കയിലേക്കു പോയി.

ഇപ്രകാരം മലയാ ദ്വീപുകളിലും ജപ്പാനിലും സിലോണിലും സുവിശേഷം എത്തിച്ചതിനുശേഷം 1552-ൽ യൂറോപ്യർക്കു വിലക്കപ്പെട്ട രാഷ്ട്രമായി കരുതിയിരുന്ന ചൈനയെ ലക്ഷ്യമാക്കി യാത്രയായ ഫ്രാൻസീസിന് സാൻഷ്യെൻ ദ്വീപിലെത്തിയപ്പോൾ പനി ബാധിച്ചു. 1552 ഡിസംബർ 3-ന് അദ്ദേഹം സ്വർഗ്ഗീയപിതാവിന്റെ സവിധത്തിലേക്ക് യാത്രയായി. ഭൗതികാവശിഷ്ടങ്ങൾ ഗോവയിലേക്ക് കൊണ്ടുപോയി സംസ്കരിക്കണമെന്ന ലക്ഷ്യത്തോടെ ഫ്രാൻസീസിന്റെ മൃതശരീരം വേഗം ക്ഷയിച്ചുകിട്ടുവാൻ കുമ്മായത്തിൽ മൂടി സാൻഷ്യെൻ ദ്വീപിന്റെ കടൽതീരത്ത് സഹപ്രവർത്തകർ സംസ്കരിച്ചു. പിന്നീട് ശവകുടീരം തുറന്നപ്പോൾ ആ ശരീരം തേജസ്സോടെയും വസ്ത്രങ്ങൾ എങ്ങനെ വച്ചോ അതുപോലെയും കാണപ്പെട്ടു. ഈ അത്ഭുതം കണ്ട് അദ്ദേഹത്തിന്റെ ഭൗതികശരീരം സഹപ്രവർത്തകർ 1553 മാർച്ച് മാസത്തിൽ മലേഷ്യയിലെ മലാക്കയിൽ എത്തിച്ചു. 1553 ഡിസംബർ മാസത്തിൽ ആ പൂജ്യശരീരം കപ്പൽമാർഗ്ഗം ഗോവയിലേക്കു കൊണ്ടുപോന്നു. യാത്രാമദ്ധ്യേ സിലോണിലെ ചെട്ടിക്കോള (വെട്ടിക്കോള) തുറമുഖത്തും കൊച്ചിയിലും ആ പൂജ്യശരീരം വണങ്ങുന്നതിനുള്ള ഏർപ്പാടുകൾ പൊതുജനങ്ങൾക്കായി ചെയ്തു കൊടുത്തു. അവസാനം 1554 മാർച്ച് 15-ന് ഗോവാ തുറമുഖത്ത് എത്തിക്കപ്പെട്ട വിശുദ്ധന്റെ ശരീരം ഈശോസഭക്കാരുടെ വകയായ ബോം ജീസസ്സ് ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു.

അവലംബം: ഉടൻതന്നെ പ്രസിദ്ധീകരിക്കുന്ന 'കേരള ക്രിസ്ത്യാനികളും റോമൻ കത്തോലിക്കാ സഭയും ചരിത്രവഴിയിൽ' എന്ന ലേഖകന്റെ തന്നെ പുസ്തകം. ■

**ലേഖനം**



# കോർപ്പറേറ്റ് താല്പര്യത്തിലൂന്നിയ കേന്ദ്ര ബഡ്ജറ്റ്



**ഡോ. സി. ഷീബ ആൻഡ്രൂസ് എ.സി.**
(കോഴിക്കോട് പ്രൊവിഡൻസ് കോളേജ് സാമ്പത്തിക ശാസ്ത്രവകുപ്പ് മേധാവി)

നിങ്ങൾ ഭാവിയിലേക്ക് നോക്കൂ... വർത്തമാനകാലത്തിലെ അരിഷ്ടതകളും കഷ്ടപ്പാടുകളും മറന്നേക്കൂഎന്ന് വിളിച്ചോതുന്നതാണ് കേന്ദ്ര സർക്കാരിന്റെ 2022–23 ലെ ബഡ്ജറ്റ്. ഭാവിയുടെ വിഭവ സൂക്ഷിപ്പുകാർ എന്ന നിലയ്ക്ക് വരും തലമുറയുടെ സുസ്ഥിതിയും ക്ഷേമവും മുൻനിർത്തി ദീർഘകാല പദ്ധതികൾ അവിഷ്കരിക്കുവാൻ ഗവണ്മെന്റ് ബാധ്യസ്ഥരാണ്.

ഈ നിലയ്ക്ക് നോക്കുമ്പോൾ 2022–23 ലേക്കുള്ള ബഡ്ജറ്റ് 25 വർഷത്തെ മുൻകൂട്ടി കണ്ടുകൊണ്ട്, ഭാരത്തിന്റെ അമൃതകാലം സ്വപ്നം കണ്ട്, 75–ാം പിറന്നാൾ ആഘോഷിക്കുന്ന നമ്മുടെ രാജ്യത്തിനുള്ള പിറന്നാൾ സമ്മാനമായാണ് ധനകാര്യമന്ത്രി നിർമ്മല സീതാരാമൻ ഇത് അവതരിപ്പിച്ചത്. നിക്ഷേപം, അടിസ്ഥാന സൗകര്യവികസനം, തൊഴിൽ എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്ന ഈ ബഡ്ജറ്റ് ജനപ്രിയ ബഡ്ജറ്റാകുമെന്നാണ് സർക്കാർ അവകാശവാദം.

വിവരസാങ്കേതികവിദ്യയെ ഫലപ്രദമായും ഇക്കോഫ്രണ്ട്ലിയായും ഉപയോഗിക്കാനുള്ള ഡിജിറ്റൽ പദ്ധതികൾ തികച്ചും സ്വാഗതാർഹമാണ്. ഡിജിറ്റൽ സർവകലാശാലയിലക്കുള്ള കുതിപ്പ് കാലോചിതം തന്നെ. ഈ വിദ്യയും വൺക്ലാസ് വൺ ചാനൽ പദ്ധതിയും ആധുനികവൽക്കരണത്തിന്റെ ഉദാഹരണങ്ങളാണ്.

ഒരു രാജ്യത്തിന്റെ യഥാർത്ഥ സമ്പത്ത് അവിടുത്തെ ജനങ്ങളാണ്. ഒരു രാജ്യത്തിന്റെ പുരോഗതിയുടെയും വളർച്ചയുടെയും ലക്ഷ്യം അവിടുത്തെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ സാക്ഷാൽക്കരിച്ച് ആരോഗ്യകരമായി ജീവിതം ആസ്വദിക്കാൻ കഴിയുന്ന സാഹചര്യമൊരുക്കുക എന്നതാണ്. ഏതൊരു ജനാധിപത്യരാജ്യത്തും ജനങ്ങളുടെ ക്രയശേഷി വർധിപ്പിക്കാനും അവരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കാനും ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊ

ള്ളണം. രാജ്യം നേരിടുന്ന പണപ്പെരുപ്പം, വിലക്കയറ്റം, തൊഴിലില്ലായ്മ, ദാരിദ്ര്യം, ഭവനരാഹിത്യം ഇവയ്ക്കെല്ലാം പരിഹാരമാർഗങ്ങൾ ഉറ്റുനോക്കുന്നത് ഓരോ ബഡ്ജറ്റിലൂടെയാണ്. എന്നാൽ ഇവയ്ക്കൊന്നും വേണ്ടത്ര പരിഗണന നൽകാതെ കോർപ്പറേറ്റ് താല്പര്യങ്ങൾക്ക് ഉന്നൽ നൽകുന്ന മുതലാളിത്ത വ്യവസ്ഥിതിയെ മാറോടണയ്ക്കുന്ന ഒരു സമീപനമാണ് നമുക്ക് ഈ ബഡ്ജറ്റിൽ കാണാൻ കഴിയുക.

ലോകത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന രാജ്യമാണ് ഇന്ത്യ. 132 കോടി ജനങ്ങളിൽ 80 കോടിയിലധികം ഈ മേഖലയിലും അനുബന്ധ മേഖലകളിലുമായി പണിയെടുക്കുന്നവരാണ്. കർഷകന്റെ വരുമാനം ഇരട്ടിയാക്കുമെന്നും കർഷകർക്ക് വേണ്ടിയാണ് ഈ സർക്കാർ നിലകൊള്ളുന്നതെന്നും ആവർത്തിച്ചുപറഞ്ഞുവരുന്നതാണ്. 2021-22 ലെ ബഡ്ജറ്റിൽ 4,74,750.47 കോടി രൂപ കാർഷിക മേഖലയ്ക്ക് വകയിരുത്തുന്ന സ്ഥാനത്ത് ഈ ബഡ്ജറ്റിൽ 3,70,303 കോടി രൂപ മാത്രമാണ് ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുള്ളത്. മോദി സർക്കാർ കൊണ്ടുവന്ന കാർഷിക നിയമങ്ങൾക്കെതിരെ ഐതിഹാസികമായ പോരാട്ടത്തിലൂടെ വിജയം നേടിയ കർഷകരോടുള്ള പ്രതികാരമാണോ ഇത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഗ്രാമീണ മേഖലയിൽ ഏറ്റവുംകൂടുതൽ തൊഴിൽ ലഭിക്കുന്ന മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് 2021-22 ലെ ബഡ്ജറ്റിൽ 98000 കോടി രൂപ വകയിരുത്തിയിരിക്കുന്ന സ്ഥാനത്ത് ഈ ബഡ്ജറ്റിൽ 73,000 കോടി രൂപമാത്രമാണ് നീക്കിവച്ചിട്ടുള്ളത്. ഇതുമൂലം സാധാരണ ജനങ്ങളുടെ ക്രയവിക്രയ ശേഷിയിൽ വളരെ ഇടിവുണ്ടാകും. കോവിഡിന്റെ ദുരിതമനുഭവിക്കുന്ന പാവപ്പെട്ട ജനവിഭാഗത്തിന് ദോഷകരമായി മാറുന്ന ഒരു നടപടിയാണ് ഭക്ഷ്യസബ്സിഡി ഗണ്യമായി വെട്ടിക്കുറച്ചത്. നടപ്പു സാമ്പത്തിക വർഷത്തിൽ 2,86,469 കോടി ഉണ്ടായിരുന്നത് 2022-23 ബഡ്ജറ്റിൽ 2,06,831 കോടിരൂപയായി വെട്ടിക്കുറച്ചു. മുൻവർഷം കാർഷിക മേഖലയിലെ ഇന്ധന സബ്സിഡിക്കായി 38454 കോടി രൂപ വകയിരുത്തിയിരുന്ന സ്ഥാനത്ത് ഇപ്പോൾ അത് 6517 കോടി രൂപയായി വെട്ടിക്കുറച്ചു. പെട്രോൾ, ഡീസൽ സബ്സിഡി ഇനത്തിൽ വെട്ടിക്കുറച്ചത് 31937 കോടി രൂപയാണ്. വളത്തിനുള്ള സബ്സിഡിയിലും വലിയ തോതിലുള്ള വെട്ടിക്കുറവ് ഉണ്ടായി. കൃഷിക്ക് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന യൂറിയയുടെ ഇനത്തിൽ മാത്രം 12168 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. എല്ലാ വിളകൾക്കും മിനിമം സഹായവില പ്രഖ്യാപിക്കണമന്ന കർഷകരുടെ ആവശ്യത്തെ പരിഗണിക്കാതെ നെല്ലിനും ഗോതമ്പിനും മാത്രമായി ചുരുക്കി.

ഇന്ത്യയിൽ തൊഴിലില്ലായ്മ വർധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഐഎൽഒയുടെ കണക്കനുസരിച്ച് ജനസംഖ്യാനുപാതം 2005 ൽ 55 ശതമാനം പേർക്ക് തൊഴിൽ ഉണ്ടായിരുന്നെങ്കിൽ 2020ൽ അത് 43 ശതമാനമായി കുറഞ്ഞു. നമ്മുടെ അയൽരാജ്യമായ ബംഗ്ലാദേശിൽ പോലും ഇത് 52 ശതമാനവും ചൈനയിലേത് 63 ശതമാനവുമാണ്. സി.എം.ഐ.ഇയുടെ 2021 ഡിസംബറിലെ റിപ്പോർട്ടുപ്രകാരം കഴിഞ്ഞ 50 വർഷത്തിലെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മയാണ് ഇന്ത്യയിൽ ഇപ്പോൾ അനുഭവപ്പെടുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരിവില്പനയിലൂടെ 65,000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തികവർഷം എയർ ഇന്ത്യയുടെ സ്വകാര്യവൽക്കരണം പൂർത്തീകരിച്ചെങ്കിൽ ഈ വർഷം രാജ്യത്തെ ഏറ്റവും വലിയ ഇൻഷുറൻസ് സ്ഥാപനമായ എൽഐസിയുടെ വില്പന പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. റോഡ്, റെയിൽവേ, ടെലികോം, എയർപോർട്ടുകൾ, സീ പോർട്ടുകൾ, കൽക്കരി പാടങ്ങൾ എല്ലാം സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകാനുള്ള തീരുമാനത്തിന് പിന്നിൽ ഇന്ത്യയിലെ കോർപ്പറേറ്റ് ശക്തികളാണെന്ന കാര്യത്തിൽ തർക്കമില്ല.

ലോകത്തിൽ ഏറ്റവും കൂടുതൽ

**ലോകത്തിൽ ഏറ്റവും കൂടുതൽ അസമത്വമുള്ള രാജ്യമായി ഇന്ത്യ മാറുന്നു എന്നാണ് 2021 ൽ ഓക്സ്ഫാം പ്രസിദ്ധീകരിച്ച റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. കോവിഡ് മഹാമാരിക്കിടയിൽ 84 ശതമാനം ഇന്ത്യൻ കുടുംബങ്ങളുടെയും വരുമാനം ഇടിഞ്ഞതായി റിപ്പോർട്ട് വെളിപ്പെടുത്തുമ്പോൾ 2021 ൽ ഇന്ത്യൻ ശതകോടീശ്വരൻമാരുടെ എണ്ണം 102 ൽ നിന്ന് 142 ലേക്ക് ഉയർന്നതായും പറയുന്നു.**





**2021-22 ലെ ബഡ്ജറ്റിൽ 4,74,750.47 കോടി രൂപ കാർഷിക മേഖലയ്ക്ക് വകയിരുത്തുന്ന സ്ഥാനത്ത് ഈ ബഡ്ജറ്റിൽ 3,70,303 കോടി രൂപ മാത്രമാണ് ഈ മേഖലയ്ക്ക് വകയിരുത്തിയിട്ടുള്ളത്. മോദി സർക്കാർ കൊണ്ടുവന്ന കാർഷിക നിയമങ്ങൾക്കെതിരെ ഐതിഹാസികമായ പോരാട്ടത്തിലൂടെ വിജയം നേടിയ കർഷകരോടുള്ള പ്രതികാരമാണോ ഇത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു**

അസമത്വമുള്ള രാജ്യമായി ഇന്ത്യ മാറുന്നു എന്നാണ് 2021 ൽ ഓക്സ്ഫാം പ്രസിദ്ധീകരിച്ച റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. കോവിഡ് മഹാമാരിക്കിടയിൽ 84 ശതമാനം ഇന്ത്യൻ കുടുംബങ്ങളുടെയും വരുമാനം ഇടിഞ്ഞതായി റിപ്പോർട്ട് വെളിപ്പെടുത്തുമ്പോൾ 2021 ൽ ഇന്ത്യൻ ശതകോടീശ്വരൻമാരുടെ എണ്ണം 102 ൽ നിന്ന് 142 ലേക്ക് ഉയർന്നതായും പറയുന്നു. ഇന്ത്യയിലെ സാമ്പത്തിക അസമത്വം ഇത്രയേറെ വളർന്നിട്ടും അതിസമ്പന്നരുടെ സ്വത്തിന് ഒരു ശതമാനം പോലും നികുതി വർധിപ്പിക്കാതെയാണ് 2022-23 ലെ ബഡ്ജറ്റ് സർക്കാർ അവതരിപ്പിച്ചത്. ഇതിൽ നിന്നും സർക്കാരിന്റെ കാഴ്ചപ്പാട് നമുക്ക് വ്യക്തമാകും.

കോവിഡ് പ്രതിസന്ധി ഏറ്റവും ബാധിച്ച മാതൃ-ശിശു വികസനത്തിന് പോലും മതിയായ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. ദാരിദ്ര്യം, പോഷകാഹാരലഭ്യതക്കുറവ് തുടങ്ങി ജനസാമാന്യത്തെ മൊത്തം ബാധിക്കുന്ന വിഷയങ്ങൾക്ക് ബഡ്ജറ്റ് യാതൊരു പരിഗണനയും നൽകിയതായി കാണുന്നില്ല. ഭൂമിയും ഭൂമികൈമാറ്റവും സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. എന്നാൽ ഒരു രാജ്യം, ഒരു രജിസ്ട്രേഷൻ' പദ്ധതിയിലൂടെ കേന്ദ്ര ഇടപെടൽ തന്നെയാണ് ലക്ഷ്യമിടുന്നത്. മത്സ്യമേഖലയുടെ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും കാര്യമായ പരിഗണന നൽകിയതായി കാണുന്നില്ല.

കാലാവസ്ഥയും പരിസ്ഥിതി സംരക്ഷണവും ബഡ്ജറ്റിൽ ഉണ്ടെങ്കിലും നഗരവികസനത്തിൽ ഇത് എങ്ങനെ പ്രാവർത്തികമാക്കുംഎന്നുള്ള ഒരു സൂചനപോലും നൽകിയിട്ടില്ല. റോഡ് വികസനവും പർവതമാല റോപ്പ്വേയും ഗ്രീൻബോണ്ടുകളും സാധാരണക്കാരുടെ ജീവിതനിലവാരം എങ്ങനെ ഉയർത്താനാണ്. ജിഎസ്ടി വഴി ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കി എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം നികുതി നിരക്ക് കൂട്ടി സാധാരണജനവിഭാഗത്തെ പിഴിഞ്ഞു എന്നതാണ്. തൊഴിൽദായക പ്രഖ്യാപനങ്ങളും ദൂരവ്യാപകമാണ്.

എത്രയും പെട്ടെന്ന് കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുന്ന പദ്ധതികൾ അവിഷ്കരിക്കുകയോ, അതുമല്ലെങ്കിൽ സാധാരണക്കാരുടെ അക്കൗണ്ടുകളിലേക്ക് ക്ഷേമനിധികൾ കൂട്ടി നൽകുകയോ ചെയ്തിരുന്നെങ്കിൽ മൊത്തം സമ്പദ്വ്യവസ്ഥയ്ക്ക് ഒരു ഉണർവ് പെട്ടെന്ന് ഉണ്ടായേനെ.

വർത്തമാനകാലത്തെ പ്രതിസന്ധിയെ മുഖവിലക്കെടുക്കാതെ ഭാവിയിലേക്ക് കണ്ണുനട്ടിരിക്കുന്ന സർക്കാർ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന 'ജോൺ മൈനാർഡ് കെയ്ൻസ്' പറഞ്ഞത് ഓർമ്മിക്കുന്നത് നന്നായിരിക്കും. അത് ഇതാണ്: 'In the long run we are all dead, then why worry about the long run' ഭാവിയിൽ നമ്മൾ എല്ലാവരും മൃതരായിടും; പിന്നെ ഭാവിയെ ചൊല്ലി എന്തിന് വിഷമിക്കണം? ഇപ്പോൾ ജീവിക്കുന്നവരുടെ കാര്യത്തിൽ വേണ്ടത്ര പരിഗണന നൽകാതെ ഭാവിയെക്കുറിച്ച് മാത്രം ചിന്തിച്ചതുകൊണ്ട് കാര്യമില്ല.

നവലിബറൽ സാമ്പത്തിക പരിഷ്കാരങ്ങളുടെ തുടർച്ചയിലൂടെയാണ് കേന്ദ്രസർക്കാരിന്റെ പ്രയാണമെങ്കിൽ ഇന്ത്യയിലെ ജനസാമാന്യത്തിന്റെ ജീവിതം കൂടുതൽ ദുരിതപൂർണമാകുകയും സാമ്പത്തിക അസമത്വങ്ങൾ വർധിച്ച് ശതകോടീശ്വരന്മാരുടെ എണ്ണം പെരുകയും ചെയ്യുമ്പോൾ ഇന്ത്യ സാമ്പത്തിക വളർച്ച നേടുന്നു എന്ന് സർക്കാരിന് അവകാശവാദമുന്നയിക്കാനാകും. അതിന് ഉപകരിക്കുന്ന തരത്തിലാണ് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ. ■

കവിത

# കേരള നാട്

സുതാര്യ സുന്ദര കേരളം
പടുത്തുയർത്തിയ ധീരരാം
ദേശസ്നേഹികൾ തൻ മന്ത്രം
സ്വാതന്ത്ര്യം സാഹോദര്യം
സമത്വം വിളങ്ങണമെന്നും
ഒന്നായി ജനമത് നെഞ്ചേറ്റി
കേരളം സുന്ദരകേരളം
കേരളം സുന്ദരകേരളം

പ്രേഷിതഗാനം കേട്ടല്ലോ
ഉൾക്കാഴ്ച ലഭിച്ചവർ പതിതർ
അടിമത്വത്തിൻ ചങ്ങലമുറിച്ചു
സ്വാതന്ത്ര്യത്തിൻ പാത കണ്ടു
നവോത്ഥാനത്തിൻ നായകരക്ഷര
വിദ്യകൾ പകർന്നുനൽകി
സാക്ഷരകേരളമുയർന്നു
കേരളം സുന്ദരകേരളം
കേരളം സുന്ദരകേരളം
മതേതരത്വം സംരക്ഷിക്കാൻ
കേരളമൊന്നായ് ഉണർന്നുവല്ലോ
മാമലനാടിൻ സംസ്കാരത്തിൻ
പൊൻതൂവൽ ചൂടിച്ചവരാം
കലാസാഹിത്യ പ്രതിഭകളും
സാമൂഹ്യപരിഷ്കർത്താക്കളും
രാഷ്ട്രീയ നായകരും
നവകേരള സൃഷ്ടാക്കളല്ലോ
കേരളം സുന്ദരകേരളം
കേരളം സുന്ദരകേരളം.

*(കേരള സംഗീത നാടക അക്കാദമി പുരസ്കാരം ലഭിച്ച ഗാനം)*




റെയ്നോൾഡ് തോമസ്

ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്







## ഡോ. വിൻസന്റ് ദെരേര മുതൽ ഡോ. തോമസ് നെറ്റോവരെ

# മെത്രാഭിഷേക കർമ്മം

അറുപത്തി ഏഴുവർഷങ്ങൾക്ക് മുമ്പാണ് തിരുവനന്തപുരം രൂപതയിൽ ആദ്യമായി ഒരു മെത്രാഭിഷേക കർമ്മം നടന്നത്. കൊല്ലം രൂപത മെത്രാനും പിന്നീട് തിരുവനന്തപുരം രൂപതയുടെ പ്രഥമ മെത്രാനുമായി നിയമിതനായ ഡോ. വിൻസന്റ് ദെരേരയുടെ മെത്രാഭിഷേകം കൊല്ലത്തുവച്ചാണ് നടത്തപ്പെട്ടത്. 1936 ഫെബ്രുവരി 10-ാം തീയതി പയസ് XI-ാമൻ പാപ്പ അദ്ദേഹത്തെ കൊല്ലം രൂപതാ മെത്രാനായി നിയമിച്ചു. അതേവർഷം മേയ് 17-ന് അപ്പസ്തോലിക് നൂൺഷ്യോ ആർച്ച് ബിഷപ്പ് ലിയോപീറ്റർ കീർക്കെൽസിന്റെ മുഖ്യകാർമികത്വത്തിൽ മെത്രാഭിഷേകചടങ്ങുകൾ നടന്നു. അതിനുശേഷം ഒരുവർഷവും രണ്ടുമാസവും പൂർത്തിയായപ്പോൾ 1937 ജൂലൈ 1 ന് കൊല്ലം രൂപത വിഭജിക്കുകയും തിരുവനന്തപുരം രൂപത നിലവിൽവരുകയും ചെയ്തു. ഡോ. വിൻസന്റ് ദെരേര തിരുവനന്തപുരം രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായി.

1955 മേയ് 5 ന് തദ്ദേശീയനായ ഫാ. പീറ്റർ ബർണാർഡ് പെരേര സഹായ മെത്രാനായി നിയമിക്കപ്പെട്ടു. ആഗസ്റ്റ് 24 ന് നടന്ന പ്രൗഢഗംഭീര ചടങ്ങായിരുന്നു. തലസ്ഥാന നഗരി സാക്ഷ്യം വഹിച്ച ആദ്യത്തെ മെത്രാഭിഷേകകർമ്മം.

അപ്പസ്തോലനായ വിശുദ്ധ ബർത്തലോമിയായുടെ തിരുനാൾ ദിനത്തിലായിരുന്നു മെത്രാഭിഷേക കർമ്മം പാളയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടന്നത്. കുരിശാകൃതിയിൽ നിർമ്മിച്ച വിശാലമായ പന്തൽ. ഒരു ലക്ഷത്തോളം വിശ്വാസികളുടെ പങ്കാളിത്തം. രാവിലെ 7.10 ന് ആരംഭിച്ച മെത്രാഭിഷേക ചടങ്ങിൽ രൂപതാധ്യക്ഷനായ ഡോ. വിൻസെന്റ് വി. ദെരേരയായിരുന്നു മുഖ്യ കാർമികൻ. ഡോ. അഗ്നിസ്വാമി (കോട്ടാർ) ഡോ. അംബ്രോസ് ആബസ്ലോ (വിജയപുരം) എന്നീ മെത്രാന്മാർ സഹകാർമികരായിരുന്നു. 11 മെത്രാന്മാർ വിവിധ രൂപതകളിൽ നിന്ന് ചടങ്ങിനെത്തിയിരുന്നു. പത്തരക്ക് അവസാനിച്ച മെത്രാഭിഷേകകർമ്മത്തെ തുടർന്ന് അനുമോദനയോഗവും നടന്നു. യോഗത്തിനുശേഷം ഭദ്രാസനദേവാലയ പരിസരത്ത് സെന്റ്. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ അന്നദാനവും നടത്തി.

അന്നുവൈകുന്നേരം 6 മണിക്ക് മെത്രാഭിഷേക പന്തലിൽവച്ച് നഗരത്തിലെ പൗരപ്രമുഖർ, മന്ത്രിമാർ, ഉദ്യോഗസ്ഥർ അനുദ്യോ

ഗസ്ഥർ അൽമായ പ്രമുഖർ എന്നിവർക്കായി ഉദ്യാനവിരുന്നും ഒരുക്കിയിരുന്നു. അന്നത്തെ കേരള മുഖ്യമന്ത്രി പനമ്പള്ളി ഗോവിന്ദമേനോൻ ഹൈക്കോടതി ജഡ്ജി റ്റി.കെ. ജോസഫ് വ്യവസായ വകുപ്പ് ഡയറക്ടർ കെ.സി.ചാക്കോ തുടങ്ങിയവർ ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയ്ക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു.



തിരുവനന്തപുരം രൂപതയുടെ മൂന്നാമത്തെ മെത്രാനായി 1979 ആഗസ്റ്റ് 3 ന് ഡോ. ജേക്കബ് അച്ചാരുപറമ്പലിനെ ഭാഗ്യസ്മരണാർഹനായ വിശുദ്ധ ജോൺ പോൾ രണ്ടാമൻ നിയമിച്ചു. മോൺ. മാർക്ക് നെറ്റോയുടെ നേതൃത്വത്തിൽ 101 പേരടങ്ങുന്ന സംഘാടക സമിതി മെത്രാഭിഷേകത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 1979 ഒക്ടോബർ 7-ാം തീയതി ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ ഒരിക്കൽക്കൂടി ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം മെത്രാഭിഷേക ചടങ്ങുകൾക്ക് വേദിയായി. കേരള ലത്തീൻ ഹയരാർക്കിയുടെ തലവനും വരാപ്പുഴ മെത്രാപ്പൊലീത്തയുമായിരുന്ന ഡോ. ജോസഫ് കേളന്തറ മുഖ്യ കാർമികനും ചങ്ങനാശേരി ആർച്ചുബിഷപ്പ് മാർ ആന്റണി പടിയറ, കോട്ടർ ബിഷപ്പ് ഡോ. മരിയാനൂസ് ആരോഗ്യ സ്വാമി എന്നിവർ സഹകാർമികരുമായിരുന്നു. മെത്രാഭിഷേകാനന്തരം നടന്ന അനുമോദന യോഗത്തിൽ മന്ത്രിമാരായിരുന്ന ബേബിജോൺ, എ.എൽ.ജേക്കബ് തുടങ്ങിയ പ്രമുഖർ ആശംസകളർപ്പിച്ച് സംസാരിച്ചു.

രൂപതയുടെ നാലാമത്തെ മെത്രാനായി 1989 ഡിസംബർ 2 ന് ഡോ. എം. സൂസപാക്യം നിയമിതനായി. 1989 ഡിസംബർ 12 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വൈദിക സന്യസ്ത അൽമായ പ്രമുഖരുടെ യോഗം ചേർന്ന് 163 പേരടങ്ങിയ മെത്രാഭിഷേക സംഘാടക സമിതി രൂപീകരിച്ചു. ഇത്തവണ ശംഖുംമുഖം കടൽപ്പുറത്തേക്ക് മെത്രാഭിഷേക വേദിമാറ്റി. വിശുദ്ധജോൺ പോൾ രണ്ടാമന്റെ പാദസ്പർശത്താൽ ധന്യമായ ശംഖുംമുഖം കടലോരത്താണ് ചടങ്ങുകൾ നടന്നത്. വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കലായിരുന്നു മുഖ്യകാർമികൻ. ഡോ. ജോസഫ് ഫെർണാണ്ടസ് (കൊല്ലം) ഡോ. ലിയോൺ ധർമ്മരാജ് (കോട്ടാർ) എന്നീ മെത്രാന്മാർ സഹകാർമികരുമായിരുന്നു. മെത്രാഭിഷേക ചടങ്ങിനെ തുടർന്ന് നടന്ന പൊതുസമ്മേളനം ബനഡിക്ട് മാർഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ആർ.രാമചന്ദ്രൻനായർ ഐഎഎസ്, അബ്ദുൾ ഗാഫർ മൗലവി, പ്രൊഫ. കിറ്റി എഡ്വിൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.



1996 നവംബർ 1 ന് മറ്റൊരു മെത്രാഭിഷേകകർമത്തിനുകൂടി തലസ്ഥാനം സാക്ഷ്യംവഹിച്ചു. തിരുവനന്തപുരം രൂപത വിഭജിച്ച് നെയ്യാറ്റിൻകര രൂപത ജന്മംകൊള്ളുകയും മെത്രാനായി ഡോ. വിൻസന്റ് സാമുവൽ നിയമിതനാവുകയും ചെയ്തപ്പോൾ പാങ്ങോട് കാർമ്മൽ ഹിൽ ആശ്രമഗ്രൗണ്ടിൽ വച്ചാണ് മെത്രാഭിഷേക കർമ്മങ്ങൾ നടന്നത്.

ഏറ്റവും അവസാനമായി സൂസപാക്യം പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 26-ാം വാർഷിക ദിനത്തിൽ 2016 ഫെബ്രുവരി 2 ന് അതിരൂപതയുടെ സഹായ മെത്രാനായി ഡോ. ക്രിസ്തുദാസ് രാജപ്പൻ നിയമിതനായി. 2016 ഏപ്രിൽ 3-ാം തീയതി തീർത്ഥാടക കേന്ദ്രമായ വെട്ടുകാട് ക്രിസ്തുരാജ സന്നിധിയിൽ അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ മുഖ്യകാർമികത്വത്തിലും ഡോ. വിൻസെന്റ് സാമുവൽ (നെയ്യാറ്റിൻകര), ഡോ. സ്റ്റാൻലി റോമൻ (കൊല്ലം) എന്നീ മെത്രാന്മാരുടെ സഹകാർമികത്വത്തിലും മെത്രാഭിഷേകം നടന്നു. ■

ഡോ. സീന ഫെലിക്സ്

Misfortunes are not a punishment from God
but a challenge to rove your worth
Fifth Mountain - Paulo Coelo






# ഫിഫ്ത്ത് മൗണ്ടെൻ

ലോകത്ത് ഏറ്റവുമധികം വായിക്കപ്പെടുന്നത് ബ്രസീലിയൻ നോവലിസ്റ്റായ പൗലോ കൊയ്ലോയുടെ കൃതിയാണ് 'ഫിഫ്ത് മൗന്റെൻ'. 120 ൽപ്പരം രാജ്യങ്ങളിൽ മലയാളം ഉൾപ്പെടെ 45 ഭാഷകളിൽ ഈ നോവൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 'ഞാൻ വിശ്വസിക്കുന്ന എന്റെ ദൈവം ഇപ്പോഴിതാ എന്നെ കൈവെടിഞ്ഞിരിക്കുന്നു... എന്നെ ശത്രുകരങ്ങളിലേക്ക് എറിഞ്ഞിരിക്കുന്നു.' ഏലിയാ പ്രവാചകന്റെ ഈ വാക്കുകളിലൂടെയാണ് നോവൽ ആരംഭിക്കുന്നത്. പ്രതിസന്ധികൾ നിറഞ്ഞ നിമിഷങ്ങൾ എല്ലാവരുടേയും ജീവിത്തിൽ ഉണ്ടാകും. ഒഴിവാക്കാൻ കഴിയാത്ത ആ സാഹചര്യങ്ങൾക്ക് പിന്നിൽ ഓരോ കാരണങ്ങളുമുണ്ടാകും. പരീക്ഷണഘട്ടങ്ങൾ തരണം ചെയ്തു കഴിഞ്ഞതിനുശേഷമാവും നാം അത് മനസ്സിലാക്കുക. ഏലിയാ പ്രവാചകന്റെ ജീവിതത്തിലും അതാണ് സംഭവിച്ചത്. പരിഹാരമോ പ്രതിവിധിയോ കണ്ടെത്താൻ കഴിയാത്ത ജീവിത സാഹചര്യങ്ങളിലൂടെ ചിലപ്പോൾ ദൈവം നമ്മെ കടത്തിവിടും. ചിലതൊക്കെ നമ്മൾ അനുഭവിച്ചേ തീരൂ. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഏലിയാ പ്രവാചകന്റെ ജീവിതത്തിലൂടെ അത് വെളിപ്പെടുന്നു. ബൈബിളിൽ പ്രതിപാദിക്കുന്ന ഏലിയാ പ്രവാചകന്റെ ജീവിതത്തിനൊരു വ്യാഖ്യാനമാണ് ഈ നോവൽ.

ഫിനീഷ്യർ ആരാധിക്കുന്ന ബാൽദേവനെ വിശ്വസിക്കുന്നു എന്നു സമ്മതിച്ചില്ലെങ്കിൽ കൊന്നുകളയും എന്ന ആഹാബ് രാജാവിന്റെ കല്പനകേട്ട് ഏലിയ ഓളിച്ചോടുന്നു.

ആഹാബ് രാജാവിന്റെ ഏറ്റവും സമർത്ഥനായ വില്ലാളിക്ക് മുന്നിൽ നിന്ന് ഏലിയ അത്ഭുതകരമായി രക്ഷപ്പെടുന്നു. അവിടെ നിന്ന് വിധവയുടെ ജീവിതത്തിലേക്ക് കടന്നുവരുന്നു. വിധവയുടെ മകൻ മരിക്കാനിടവരുന്നു. ഏലിയായുടെ പ്രാർഥന ദൈവം കേട്ടില്ല. ഏലിയായ്ക്ക് വധശിക്ഷലഭിക്കുന്നു. വധിക്കുന്നതിന് മുൻപ് ഫിനിഷ്യരുടെ ദൈവങ്ങളുടെ മുൻപിൽ മാപ്പിരക്കാനായി അഞ്ചാംമലയുടെ (ഫിഫ്ത്ത് മൗണ്ടൻ) മുകളിലേക്ക് അവർ ഏലിയായെ കൊണ്ടുപോയി അവിടെ വച്ച് നിരാശനായ ഏലിയായോട് മാലാഖ പറയുന്നു. നഗരത്തിലേക്ക് മടങ്ങിച്ചെന്ന് ആ കുട്ടിയുടെ ജീവൻ രക്ഷിക്കുക. അങ്ങനെ അഞ്ചാം മലയിൽ നിന്നും ഏലിയാ തിരിച്ചെത്തി പിന്നീട് അത്ഭുതകരമായ മാറ്റത്തിലേക്ക് ഏലിയ എത്തിച്ചേരുന്നു. ഏലിയാ കുട്ടിക്ക് നൽകുന്ന ഉൾക്കാഴ്ചകൾ നോവലിനെ കൂടുതൽ കരുത്തുറ്റതാക്കുന്നു. ജീവിതത്തിൽ ചിലപ്പോഴെങ്കിലും ദൈവത്തിനെതിരായി നമുക്ക് പൊരുതി നിൽക്കേണ്ടിവരും. പട്ടണത്തിന്റെ തകർച്ച, മകന്റെ മരണം, രോഗം, അടിസ്ഥാനരഹിതമായ കുറ്റാരോപണം ഇങ്ങനെ നിർണായകമായ നിമിഷങ്ങളിലൂടെ ഏലിയാ കടന്നുപോകുന്നുണ്ട്. ജീവിതത്തിലെ ദുരന്തങ്ങൾ വാസ്തവത്തിൽ ദൈവം മനുഷ്യന് നൽകുന്ന ശിക്ഷകളല്ല, വെല്ലുവിളികളാണ്. നമ്മെ വളർച്ചയിലേക്ക് നയിക്കുന്നതിന് ഉപയുക്തമാണ് ഇത്തരം വെല്ലുവിളികൾ. ഈ നോവലിൽ ഇത് വ്യക്തമാക്കപ്പെടുന്നു. ■

കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ

# ജ്ഞാനസ്നാന തെളിവും രജിസ്റ്ററും



ജീവിതത്തിൽ ഒരുതവണ മാത്രം സ്വീകരിക്കാവുന്ന കൂദാശകളുടെയും ജീവിതാവസ്ഥ നിർണ്ണയിക്കുന്ന കൂദാശകളുടെയും സ്ഥിതിവിവരം ഒരു രേഖയായി / തെളിവായി ഇടവകകളിൽ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടവയാണ്.

ഒരു വ്യക്തി ക്രൈസ്തവ വിശ്വാസത്തിലേക്ക് പ്രവേശിക്കുന്നത് സഭ അംഗീകരിക്കുന്ന നിയമാനുസൃത ജ്ഞാനസ്നാനമെന്ന കൂദാശ സ്വീകരിക്കുന്നതിലൂടെയാണ്. പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഓർമിപ്പിക്കുന്നതുപോലെ ഒരു വ്യക്തി ക്രൈസ്തവ വിശ്വാസിയായി ജനിക്കുന്നത് ജ്ഞാനസ്നാനത്തിലൂടെയാണ്. വിശ്വാസി എന്ന നിലയിൽ ക്രൈസ്തവ വിശ്വാസിയുടെ ജനന സർട്ടിഫിക്കറ്റാണ് ജ്ഞാനസ്നാന സർട്ടിഫിക്കറ്റ്. മറ്റ് കൂദാശകൾ സ്വീകരിക്കാനുള്ള യോഗ്യത തെളിയിക്കുന്ന രേഖയാണ് ജ്ഞാനസ്നാന സർട്ടിഫിക്കറ്റ്.

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 875–878 ജ്ഞാനസ്നാനത്തിന്റെ തെളിവിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും പ്രതിപാദിക്കുന്നു. CIC 877§1പ്രകാരം, ജ്ഞാനസ്നാന വിവരം ജ്ഞാനസ്നാന രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള ഉത്തരവാദിത്വം ജ്ഞാനസ്നാനം നല്കപ്പെട്ട സ്ഥലത്തെ ഇടവക വികാരിയുടേതാണ്.

CIC 877§1 പ്രകാരം, ജ്ഞാനസ്നാന വിവരം നിർബന്ധമായും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. രേഖപ്പെടുത്തേണ്ട കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

1 ജ്ഞാനസ്നാനം സ്വീകരിച്ച കുഞ്ഞിന്റെ / മുതിർന്ന വ്യക്തിയുടെ പേര്.
2 ജ്ഞാനസ്നാനം നല്കിയ കാർമ്മികന്റെ പേര്
3 ജ്ഞാനസ്നാനം സ്വീകരിച്ചയാളിന്റെ മാതാപിതാക്കളുടെ പേര്
4 ജ്ഞാനസ്നാന മാതാപിതാക്കളുടെ പേര് (സാക്ഷിയുണ്ടെങ്കിൽ അയാളുടെ പേരും)
5 ജ്ഞാനസ്നാന തീയതിയും സ്ഥലവും
6. ജ്ഞാനസ്നാനം സ്വീകരിച്ചയാളിന്റെ ജനനതീയതിയും സ്ഥലവും

സഭാപരമായി വിവാഹിതയല്ലാത്ത ഒരമ്മയുടെ കുഞ്ഞിന് ജ്ഞാനസ്നാനം നല്കുമ്പോൾ മാതാപിതാക്കളുടെ പേരുകൾ എങ്ങനെ തിരിച്ചറിയും എന്ന സംശയം പലരും പ്രകടിപ്പിക്കാറുണ്ട്. 1986ലെ ഇന്ത്യൻ ജനന, മരണ, വിവാഹ രജിസ്ട്രേഷൻ ആക്ട് പ്രകാരം രാജ്യത്തെ മുഴുവൻ ജനനം, മരണം, വിവാഹം എന്നിവ രജിസ്റ്റർ ചെയ്യേണ്ടതാണ്. വലിയൊരു പരിധിവരെ ഇവ പാലിക്കപ്പെടുന്നുണ്ട്. ആയതിനാൽ അവിവാഹിതയായ അമ്മയുടെ കുഞ്ഞിന് ജ്ഞാനസ്നാനം നല്കുമ്പോൾ കുഞ്ഞിന്റെ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ആവശ്യപ്പെടാവുന്നതാണ്. ഈ സർട്ടിഫിക്കറ്റ് ഒരു പബ്ളിക് ഡോക്യുമെന്റ് എന്ന നിലയിൽ CIC 877§2 പ്രകാരം, ജനന സർട്ടിഫിക്കറ്റിൽ നല്കിയിരിക്കുന്ന മാതാപിതാക്കളുടെ പേരുകൾ കുഞ്ഞിന്റെ ജ്ഞാനസ്നാന രജിസ്റ്ററിലും ചേർക്കാവുന്നതാണ്.

CIC 878 പ്രകാരം, സാധാരണയായി ജ്ഞാനസ്നാനം നല്കേണ്ടത് ഇടവക വികാരിയോ അദ്ദേഹത്തിന്റെ സാന്നിധ്യത്തിലോ ആണ്. അല്ലാതെ നല്കുന്ന ജ്ഞാനസ്നാന വിവരം ജ്ഞാനസ്നാനം നല്കിയ കാർമ്മികൻ അത് പരികർമ്മം ചെയ്ത സ്ഥലത്തെ ഇടവക വികാരിയെ അറിയിക്കേണ്ടതാണ്. ■

നാടകം

# പിറവിയുടെ പുസ്തകം: ഒന്നാം അധ്യായം



ബർഗ്മാൻ തോമസ്

അണിയറയിൽ സംഹാരനൃത്തമാടുന്ന ആൾക്കൂട്ടം. ഉച്ചസ്ഥായിയിൽ അതിൻെറ ശബ്ദകോലാഹലം. അരങ്ങത്ത്, താഴ്ന്നതലത്തിൽ ഇപ്പോഴും കൈകൾ മുന്നിലേക്കുകെട്ടിയ നിലയിൽ. ആൾക്കൂട്ടവിചാരണയ്ക്കഭിമുഖം മനിതൻ. നിസ്വനും നിസ്സഹായനും. സംഹാരനൃത്തം ചടുലമാവുന്തോറും നെഞ്ചിലും മുതുകിലും മുഖത്തും വന്നുപതിക്കുന്ന മുഷ്ടിചുരുട്ടിയ ഇടികൾ സഹനത്തോടെ ഏറ്റുവാങ്ങുകയാണ് അവൻ.

ഒടുവിൽ ആൾക്കൂട്ടത്തിൻെറ ചടുലതാളം ശമനതാളമാവുകയും മനിതൻ ഉടൽ നുറുങ്ങി നിലത്തുവീഴുകയും...

അരങ്ങ് കൊല്ലുന്ന ഒരു നിശബ്ദതയിലാവുകയും...

ശേഷം മനിതൻെറ ഉള്ളകം അനന്തതയിലേക്കുനോക്കി മൂന്നുവട്ടം നിലവിളിച്ചു: എന്നെ കയ്വിട്ടതെന്ത്?

നിമിഷങ്ങൾ വേഗതപൂണ്ട് കിതച്ചു...

എപ്പോഴോ, മനിതൻ ഒരു മഹാസ്വപ്നത്തിൽ ഉണർന്നു: തെയ്വം... തെയ്വം... മനസ്സിൽ ഉരുവിട്ടു. അവൻെറ ഉള്ളുരയിലേക്ക് ദൈവം പ്രത്യക്ഷനായി.

സഹൃദയനായ ദൈവം കൈകൊട്ടി അവന്റെ ശ്രദ്ധ ക്ഷണിച്ചു.

ദൈവം പറഞ്ഞു: ഇല്ല ഞാൻ നിന്നെ കൈവിട്ടില്ല.

മനിതൻ = (ദൈവത്തെ കണ്ടു) തെയ്വം തെയ്വം...?

ദൈവം = (ശാന്തം) അതെ, ദൈവം, നിൻെറ സ്രഷ്ടാവായ ദൈവം.

മനിതൻ = (പരിഭവം) ഞാൻ ഭൂമീല് നരകിച്ചപ്പൊ ഒരിക്കപ്പോലും വന്ന്, നീ എന്ത് ഇങ്ങനെയായി എന്ന് ചോദിച്ചില്ല. ഇപ്പൊ ഈ നരകത്തില് ഏന്നെ കാണാൻ വന്ന്. നീ, നല്ല തെയ്വം.

അവൻെറ പരാതി കേട്ടു എന്നാകിലും ദൈവം അവനെ കുറ്റപ്പെടുത്തി: ഞാൻ നിന്നെ ഭൂമിയിലേക്കയച്ചത്, ഭൂമിയിലെ വിഭവസമൃദ്ധി അനുഭവിക്കാനും ഭൂമിയിൽ നിറയാനുമാണ്. അല്ലാതെ അവിടെ നരകിക്കാനും നരകത്തിലേക്കു വരാനുമല്ല.

മനിതൻ ഈവിധം പിറുപിറുത്തു: അതിന് ഞാൻ ഭൂമില് നെറയുന്നതിനുംമുന്നേ അവര് എൻെറ ഭൂമ്യേം എന്നേം കീഴ്മേലാക്കിയില്ലേ?

ദൈവം = (കാര്യം) അതു നിൻെറ തെറ്റ്. കാരണം നീ പണ്ടേ അവർക്കു കീഴ്പ്പെട്ടു.

മനിതൻ = (പരാതി) ഞാമ്പറേം, തെറ്റ് ചെയ്തത് നീയാണ്. നീ മനിശനെ  ഉണ്ടാക്കി. മനിശൻ കറുത്തവനേം വെളുത്തവനേം ഉണ്ടാക്കി. പിന്നെ, കറുത്തവൻ എന്നും കീഴേയും വെളുത്തവൻ എന്നും മേലേയും ആയി.

ഇടിവെട്ടേറ്റപോലെ ദൈവം, (സ്വയം) ആ പറഞ്ഞത് ശരിയാണല്ലോ. നടുക്കം മറച്ച് കീഴെ അവനിലേക്കിറങ്ങി വന്നു.  ഭൂമിയിൽ എഴുതപ്പെട്ടതിൽ മിക്കതും നിനക്കായ്,  മഹത്ഗ്രന്ഥങ്ങൾ... ബൃഹത് വ്യാഖ്യാനങ്ങൾ... പ്രത്യയശാസ്ത്രങ്ങൾ... വാഴ്ത്തിപ്പാടുന്നതും നിന്നെ, ഹാ മനുഷ്യനെത്ര സുന്ദരപദം...

ബാക്കികേൾക്കാൻ ത്രാണിയില്ലാതെ മനിതൻ ഖിന്നനായി; അതിനൊക്കെക്കൊണ്ടാ എൻെറ നെഞ്ചില് ഇടിച്ച്, എന്നെ കൊന്ന് എൻെറ ചങ്ക് കീറി, കൊടല് അവർ കഴുത്തിലിട്ടെ. നിശബ്ദനിമിഷങ്ങൾ...

ദൈവം = (പരിതാപം) എൻെറ മഹാസൃഷ്ടിയുടെ പതനം. (ധർമ്മസങ്കടം) മനുഷ്യർ ഈവിധം അധഃപതിച്ചതെന്ത്? (വേദന) പലകാലങ്ങളിൽ അതു ഞാൻ എന്നോടുതന്നെ ചോദിച്ചുകൊണ്ടേയിരിക്കുന്നു. അതെ, എന്നോടുതന്നെ ചോദിച്ചുകൊണ്ടേയിരിക്കുന്നു. സ്വയം നെഞ്ചത്തടിച്ചു, മുകളിലേക്കു കയറി: (ആത്മഗതം) എൻെറ ധർമ്മസങ്കടം ഇവനോട് ഞാനെങ്ങനെ പറയും. ഈവിധം, ഭൂമിയിലേക്കു മുഖം താഴ്ത്തി. പീഡഭൂമിയിൽനിന്നും അസംഖ്യം മുഖമറ്റവർ, പുരാതനവും ആധുനികവുമായ ഗോത്രസങ്കടങ്ങളോടെ തൻെറ നേർക്ക് വരുന്നപോലെ... പരിഭ്രാന്തനായി ദൈവം; അരുത് എൻെറ മുന്നിലേക്കു വരരുത്. ഞാൻ വല്ലാതെ സങ്കടപ്പെടുന്നു. ആത്മസംഘർഷങ്ങളിൽപ്പെട്ടുഴറി ദൈവം. ആ ഗോത്രസങ്കടം മനിതനും അനുഭവിച്ചു.

മനിതൻ = സ്വയം തന്നോടുതന്നെയായി സങ്കടപ്പെട്ടു: ഒരു കുമ്പിള്  അരിയല്ലേ കട്ടത്, വിശന്നി

ട്ടല്ലേ, പിച്ചിച്ചീന്താനായിക്കൊണ്ട് ഞാന്...

ദൈവം = (വിലാപം) ഏതു നെഞ്ചിൻ കൂടിനുള്ളിൽ നിന്നാണ് കുതിർന്നുപോയ ആ കുറുകൽ? പിച്ചിച്ചീന്താനായിക്കൊണ്ട് ഞാന്...ഇവന്റെയോ, അതോ എൻെറയുള്ളിൽ നിന്നുതന്നെയോ?

വീണ്ടും താഴേക്കുവന്നു = (വേദന) ഭൂമിയിലെ എണ്ണിയാലൊടുങ്ങാത്ത അശാന്തികൾ... അനർഥങ്ങൾ അനീതികൾ... പീഡകൾ... പീഡാസഹനങ്ങൾ... വിയർത്തു, തളർന്നു, നിലത്തിരുന്നു. വിഷമനിമിഷങ്ങൾ... ചില തീരുമാനങ്ങളോടെ ഉയിർത്തു: ഇല്ല, ഇനിയുമത് ആവർത്തിച്ചു കൂടാ... ഒരു പോംവഴിയുരച്ചു: പ്രിയമുള്ളവനേ, നി



നക്ക് ഞാൻ പുനർജന്മം നൽകുകയാണ്.

മനിതൻ = മുട്ടുകുത്തി, യാചന; ഇല്ല, ഇനിയും ഞാന് ഭൂമിയിലേക്കില്ല.

ആ കണ്ണുകളിൽ പീഡഭൂമിയിലേക്കിനിയുമയക്കല്ലേയെന്ന ദീനതകണ്ട് ദൈവം വല്ലാതെയായി.

മനിതൻ = (ഓർമ്മ, സങ്കടം) എനിക്ക് ഒന്നും വേണ്ടാ, ഇരിപ്പിടമോ ചെങ്കോലോ കിരീടമോ ഒന്നും. എൻെറ കാടിൻെറ അത്രയും പച്ച, ഒരു മുഴം മണ്ണ്, കടുകോളം ജിവിതം...

ദൈവത്തിനു നൊന്തു. പെട്ടെന്ന് അവനെ മുറുക്കെപ്പിടിച്ചു: പൊള്ളുന്ന ഈ മരുഭൂമിയിലേക്ക് ഏതു വചനമാരി ചൊരിയും... (സ്വയം) ഞാനുമതെ, ചുട്ടുപൊള്ളുന്നു... ഭ്രാന്തമായി അലഞ്ഞു, വേദന; ആകാശവും അനന്തതയും വിശ്വം മുഴുവനും പരതുന്നു. ഒളിക്കാൻ ഒരു കഷണം ഇരുട്ട്, മേഘക്കുന്നുകളിൽ നൂലോളം വിടവ്... വേണ്ട ഒന്നും വേണ്ട, മുഖം മറയ്ക്കാൻ ഏകാന്തതയുടെ ഒരു ജനാല... അതിലൂടെ എന്നെക്കാണാതെ ഞാനവനെക്കണ്ട്, ആവലാതികൾ കേൾക്കാനും, തപിക്കാനും ഒടുവിൽ ജനലഴിയിൽ മുഖംപൊത്തിക്കരയാനും...

മനിതൻെറ കണ്ഠം മുറിഞ്ഞു: പൊറുക്കുക തെയ്‌വേ, എൻെറ ഗതി നിന്നോടല്ലാതെ...

വിധി, എരിതീയിലേക്ക് കൂപ്പുകുത്തി. നേരവും നിസ്സഹായതയും നിന്നുകത്തി.

ദൈവം = ഒടുവിൽ മനിതനേയും നയിച്ച് പ്രേക്ഷകനു മുന്നിലേക്ക്, ഒരു പ്രത്യേകഭാവം; കാഴ്ചക്കാരാ, നോക്കൂ മനിതനും ദൈവവും. ആരേകും ഒരു കൈക്കുമ്പിൾ സ്വാസ്ഥ്യം?

ദൈവവും മനിതനും ഇപ്പോൾ നിലത്ത്, പ്രേക്ഷകനിലേക്കു കണ്ണുംനട്ട്.

ദൈവത്തിൻെറ മടിയിൽ മനിതൻ. പിതാവും പുത്രനും അഥവാ മറ്റൊരു 'പിയാത്തെ'.

വിചാരങ്ങളുടെ ബഹുദൂരങ്ങൾക്കുശേഷം ദൈവം: മകനേ, ഒരിക്കൽകൂടി നീ ഭൂമിയിലേക്കു പോകണം, എൻെറ ആഗ്രഹമാണ്.

മനിതൻ = ഗോത്രസങ്കടം: പുതിയ പിറവിക്കൊപ്പം എനിക്ക് നീ തരും പണ്ടേപോലെ ഒര് കാടോളം സഹനം. അല്ലേ?

ദേഷ്യം വന്ന ദൈവം: 'സഹനം' അവനെ കുത്തിനുപിടിച്ചുപൊക്കി നിലത്തിട്ടു.

നിലത്തു കിടന്ന് പരിഭവിച്ചു മനിതൻ: എന്നെ ഭൂമീലേക്ക് അയച്ചപ്പോ നീയല്ലേ പറഞ്ഞത്, സഹിക്കണം സഹിക്കണം അതുകൊണ്ടല്ലേ ഞാന്...

അവനെ എഴുന്നേല്പിച്ച ദൈവം ക്ഷുഭിതനായി: സഹിക്കാനാണ് പറഞ്ഞത്, സഹനത്തിൻെറ ബലിയാകാനല്ല.

തൻെറ പോയകാലത്തിലേക്ക് സ്വയം സന്ദേഹപ്പെട്ടു മനിതൻ: ശരിയാണ്, ഉള്ളകാലമത്രയും സഹിച്ചതും പോരാഞ്ഞ് ഒടുക്കം ബലിത്തറയിലേക്ക് തലവെക്കുകയായിരുന്നില്ലേ ഞാന്? അവൻെറ ഉള്ള് പിടച്ചു. (സ്വയം) അതെ, അതെ, അതെ... ബലി... സഹനബലി. ആലോചനയോടെ അലഞ്ഞു. ഒടുവിൽ അവനിൽ ഏതോ ചിന്ത വന്നുദിച്ചു. കുടഞ്ഞുണർന്നു. സ്രഷ്ടാവിൻെറ മുഖത്തേക്കു ദൃഷ്ടിയൂന്നി ഉറക്കെ വിളിച്ചു: എൻെറ തെയ്‌വേ... അപ്രതീക്ഷിതമായ വിളിയിലേക്കൊരമ്പരപ്പാകുന്നതിനു മുന്നേ, ദൈവം കേട്ടു,

മനിതൻ = ഞാനിനിയും ഭൂമിയിലേക്കു പോവാം. നെഞ്ചുയർത്തിയ മനിതൻ. കണ്ണുകളിൽ നക്ഷത്രത്തിളക്കം. തീക്ഷ്ണമായ ആ പ്രകാശത്തിലേക്കുറ്റുനോക്കിനിന്നു ഏറെനേരം ദൈവം.

വീറോടെ പറഞ്ഞു മനിതൻ; ഞാൻ ചെലത് തീരുമാനിച്ച്... ആ വിചാരം ദൈവത്തോടു പങ്കിടാനുള്ള വെപ്രാളത്താലെ മനിതൻ...

"ഞാനും ചിലതു തീരുമാനിച്ചു..." അതിൽ ചേർത്തുവയ്ക്കാനൊരു വചനം അവൻെറ കാതിൽ പറയാനുള്ള ആവേശത്താൽ ദൈവം... അവർ പരസ്പരമെന്തോ കാതിലോതി. ശേഷം പുതുപ്പിറവിയുടെ നൃത്തം ചവിട്ടി മനിതനും ദൈവവും. (ചെയ്ത്ത്)

ദൈവം അവൻെറ മുഖതാവിൽ പറഞ്ഞു: സ്നേഹത്തിനും സഹനത്തിനുമൊപ്പം വേണ്ടത് രോഷം. ധാർമ്മികരോഷം. നിൻെറ കാലം നില്ലോട് ആവശ്യപ്പെടുന്നത്.

മനിതൻ = (ഉൾക്കൊണ്ടു) ഓ... ഇപ്പൊ എനക്ക് മനശ്ശിലായി. (തീരുമാനം) എൻെറ കാലത്തോടൊപ്പം അതെ, ഞാനും...

അവനിൽ സംപ്രീതനായ ദൈവം: ഇനി നീ മനിതൻ അല്ല, ഒരു മനുഷ്യരാശി. ശേഷം, അവനെ അഭിവാദനം ചെയ്ത് അപ്രത്യക്ഷനായി.

സ്വപ്നത്തിൽ നിന്നും ജാഗ്രത്തിലേക്കു വന്നു മനിതൻ. അവൻ ഉയിർത്തപോലെ... കൈകുടഞ്ഞ് വല്ലാത്തൊരുശിരോടെ ചൂണ്ടുവിരൽ എതിർപക്ഷത്തേക്ക് അഥവാ പ്രേക്ഷകർക്കുനേർക്ക് ചൂണ്ടി. രംഗവെളിച്ചം ഇപ്പോൾ ചൂണ്ടിയ വിരലിലേക്കു മാത്രമായി. അപ്പോൾ ഒരു അലൗകിക ശബ്ദത്തിൽ ദൂരെ വായന:

"പിറവിയുടെ പുസ്തകത്തിൽനിന്നും: അധ്യായം ഒന്ന്, വാക്യം ഒന്ന്; അനന്തരം അവൻ അവൻെറ ജീവനത്തറയിൽ തോറ്റംപാട്ടായ് ഒരു മാറ്റൊലിയായ്......

അങ്ങുദൂരെ, പെയ്യാൻ കാത്ത്, പിറവിയുടെ കാലവും കാലപരിണാമവും ഒരുതുള്ളി നക്ഷത്രവും പഴംപാട്ടും..... ■

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ രണ്ടാമത് മെത്രാപ്പൊലീത്തയായി മോൺ. തോമസ് ജെ. നെറ്റോയെ നിയമിച്ചുകൊണ്ടുള്ള ഫ്രാൻസീസ് പാപ്പയുടെ പ്രഖ്യാപനം. ഫെബ്രുവരി രണ്ടിന് വൈകിട്ട് 4 ന് പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ വച്ച് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യമാണ് വിശ്വാസ സമൂഹത്തെ അറിയിച്ചത്. ഇതേസമയം റോമിലും മോൺ. തോമസ് ജെ. നെറ്റോയുടെ നിയമന പ്രഖ്യാപനം നടന്നു.



# മോൺ. തോമസ് ജെ. നെറ്റോ

## തിരുവനന്തപുരം മെത്രാപ്പോലീത്ത

**അഗസ്റ്റിൻ കണിപ്പിള്ളി**

മോൺ തോമസ് ജെ. നെറ്റോ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്ത. മെത്രാഭിഷേകം മാർച്ച് 19 ന് വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിവസം. വെട്ടുകാട് സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ടിൽ നടക്കുന്ന മെത്രാഭിഷേക ചടങ്ങിൽ മുഖ്യകാർമികനും, പ്രധാന അഭിഷേകകനുമായി അഭി. സൂസപാക്യം പിതാവും സഹ അഭിഷേകകരായി അഭി. ജോസഫ് കളത്തിപ്പറമ്പിൽ മെത്രാപ്പൊലീത്തയും അഭി. വിൻസെന്റ് സാമുവേൽ പിതാവും, സുവിശേഷ പ്രഘോഷകനായി അത്യുന്നത കർദ്ദിനാൾ ക്ലീമിസ് കാത്തോലിക്കാ ബാവയും കൂടാതെ മുപ്പതിലേറെ മെത്രാന്മാരും പങ്കെടുക്കും.

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ രണ്ടാമത് മെത്രാപ്പൊലീത്തയായി മോൺ. തോമസ് ജെ. നെറ്റോയെ നിയമിച്ചുകൊണ്ടുള്ള ഫ്രാൻസീസ് പാപ്പയുടെ പ്രഖ്യാപനം. ഫെബ്രുവരി രണ്ടിന് വൈകിട്ട് 4 ന് പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ വച്ച് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യമാണ് വിശ്വാസ സമൂഹത്തെ അറിയിച്ചത്. ഇതേ

സമയം റോമിലും മോൺ. തോമസ് ജെ. നെറ്റോയുടെ നിയമനപ്രഖ്യാപനം നടന്നു.

കർത്താവിന്റെ സമർപ്പണ തിരുനാളിൽ, ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ 32–ാമത് മെത്രാഭിഷേക വാർഷികത്തോടനുബന്ധിച്ച് അർപ്പിച്ച കൃതജ്ഞതാ ദിവ്യബലിയുടെ ആമുഖമായാണ്, വിരമിക്കാനുള്ള തന്റെ അപേക്ഷ അംഗീകരിച്ചുകൊണ്ടും തന്റെ പിൻഗാമിയെ അതിരൂപതയിൽ നിന്നുതന്നെ കണ്ടെത്തി നിയമിച്ചുകൊണ്ടുമുള്ള ഇന്ത്യയിലെ അപ്പസ്തോലിക നൂൺഷ്യോ ആർച്ച്ബിഷപ്പ് ലെയോപാദൾദോ ജിറേല്ലിയുടെ ഔദ്യോഗിക സന്ദേശം ആർച്ച്ബിഷപ്പ് സൂസപാക്യം വായിച്ചത്. ശാരീരിക അവശതകളെ തുടർന്ന് പദവി ഒഴിയാൻ ആർച്ച്ബിഷപ്പ് സൂസപാക്യം നേരത്തെ ആഗ്രഹം പ്രകടിപ്പിച്ചിരുന്നുവെങ്കിലും പുതിയ







ആർച്ച്ബിഷപ്പിനെ നിയമിക്കുന്നതുവരെ ചുമതലകളിൽ തുടരാൻ വത്തിക്കാനിൽ നിന്ന് നിർദ്ദേശിക്കുകയായിരുന്നു.

അതിരൂപതാ എപ്പിസ്ക്കോപ്പൽ വികാരിയും ശുശ്രൂഷാ സമിതികളുടെയും കമ്മീഷനുകളുടെയും അതിരൂപതാ കോ-ഓർഡിനേറ്ററുമായി സേവനം ചെയ്തുവരികയായിരുന്നു മോൺ. തോമസ് ജെ. നെറ്റോ. തിരുവനന്തപുരം പുതിയതുറ ഇടവകയിൽ യേശയ്യൻ നെറ്റോയുടെയും ഇസബെല്ല നെറ്റോയുടെയും മകനായി 1964 ഡിസംബർ 29 ന് ജനിച്ച മോൺ. തോമസ് ജെ. നെറ്റോ സെന്റ് നിക്കോളാസ് എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ലൂർദ്ദ്പുരം സെന്റ് ഹെലൻസ് സ്കൂളിലും കാഞ്ഞിരംകുളം പികെഎസ്എച്ച്എസ് സ്കൂളിലുമായി വിദ്യാഭ്യാസം നടത്തി. വൈദികാർഥിയായി 1980 ൽ തിരുവനന്തപുരം സെന്റ് വിൻസെന്റ് മൈനർ സെമിനാരിയിൽ ചേർന്നു. സെന്റ് സേവ്യേഴ്സ് കോളേജിലായിരുന്നു പ്രീഡിഗ്രി പഠനം. മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം 1983-86 കാലഘട്ടത്തിൽ ആലുവ കാർമൽഗിരി സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും ഫിലോസഫിയും മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് 1986–89 കാലഘട്ടത്തിൽ തിയോളജിയും പഠിച്ചു. 1989 ഡിസംബർ 19 ന് പാളയം കത്തീഡ്രലിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു.

തുടർന്നുള്ള അഞ്ചുവർഷക്കാലം പെരിങ്ങമല,പാളയം ഇടവകകളിൽ സഹവികാരിയായും പാളയം കാത്തലിക് ഹോസ്റ്റലിലെ അസിസ്റ്റന്റ് വാർഡനായും, സഭൈക്യ-സംവാദ കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. അക്കാലത്തുതന്നെ സാമൂഹിക ശാസ്ത്രത്തിൽ ലെയോള കോളേജിൽ നിന്ന് ബിരുദാനന്തരബിരുദവും നേടി.

ഉപരിപഠനത്തിനായി 1995 ൽ റോമിലേക്ക് പോവുകയും റോമിലെ ഉർബാനിയാന യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോഗ്മാറ്റിക് തിയോളജിയിൽ (സഭാവിജ്ഞാനീയം) ഡോക്ടറേറ്റ് നേടി 1999 ൽ തിരിച്ചെത്തുകയും ചെയ്തു. തുടർന്ന് പേട്ട ഇടവക വികാരിയായി. 2000–2004 കാലഘട്ടത്തിൽ ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച മോൺ. നെറ്റോ 2003 മുതൽ 2010 വരെ മേനംകുളം സെന്റ് വിൻസെന്റ് സെമിനാരി റെക്ടറുമായിരുന്നു. 2007–ൽ രൂപതാ കൺസൾട്ടറായും 2008–2010 വർഷങ്ങളിൽ ബോർഡ് ഓഫ് ക്ലെർജി ആന്റ് റിലീജിയസ് ഡയറക്ടറായും സേവനം അനുഷ്ഠിക്കുകയുണ്ടായി.

2009–ൽ വലിയതുറ സെന്റ് ആന്റണീസ് ഫെറോനപള്ളിയുടെ താൽക്കാലികമേൽനോട്ടം വഹിച്ചു. 2010–ൽ അതിരൂപതാ ശുശ്രൂഷാ സമിതികളുടെ കോ-ഓർഡിനേറ്ററും 2010–2014 കാലയളവിൽ തോപ്പ് സെന്റ് ആൻസ് ഇടവക വികാരിയുമായിരുന്നു. 2014 ൽ അതിരൂപതാ മിനിസ്ട്രീസ് എപ്പസ്കോപ്പൽ വികാരിയും, അതിരൂപതാ പ്രസിദ്ധീകരണമായ ജീവനും വെളിച്ചവും മാസികയുടെ പത്രാധിപരും മുരുക്കുംപുഴ സെന്റ് അഗസ്റ്റിൻ ഇടവക വികാരിയുമായിരുന്നു.

പാളയം കത്തീഡ്രലിൽ മെത്രാപ്പോലീത്താ നിയമനത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം നടക്കുമ്പോൾ സീറോ മലങ്കര മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവ, കൊല്ലം ബിഷപ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി, പുനലൂർ ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ., വികാരി ജനറൽ മോൺ സി. ജോസഫ്, രൂപതാ വൈദികർ, സന്യസ്തർ, അതിരൂപതാ സിനഡ് ടീം അംഗങ്ങൾ എന്നിവർ സന്നിഹിതായിരുന്നു.

നിയുക്ത മെത്രാപ്പോലീത്തയെ ആർച്ച്ബിഷപ് ഡോ. സൂസപാക്യം സ്ഥാനചിഹ്നങ്ങളായ കുരിശുമാലയും മോതിരവും അണിയിച്ചു.ഇന്നുമുതൽ അതിരൂപതയിലെ സ്തോത്രയാഗപ്രാർഥനയിൽ നിയുക്ത മെത്രാപ്പോലീത്തയുടെ പേരുപറയണമെന്ന് ആർച്ച്ബിഷപ്പ് സൂസപാക്യം നിർദ്ദേശിക്കുകയും ചെയ്തു. ■



*കർദ്ദിനാൾ മാർ ക്ലീമിസ് കാത്തോലിക്ക ബാബ ആശംസ നേരുന്നു*



*കേന്ദ്രമന്ത്രി വി. മുരളീധരൻ മെത്രാപ്പോലീത്തയ്ക്ക് ആശംസ നേരുന്നു*

# നിയുക്ത മെത്രാപ്പോലീത്തക്ക് ആശംസപ്രവാഹം

തിരുവനന്തപുരം ലത്തീൻ അതിരൂപത നിയുക്ത മെത്രാപ്പൊലീത്ത മോൺ. താമസ്.ജെ.നെറ്റോയ്ക്ക് ആശംസപ്രവാഹം. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ആത്മീയ മേഖലയിലെ പ്രമുഖർ വെള്ളയമ്പലം ബിഷപ്പ് ഹൗസിലെത്തിയാണ് നിയുക്ത മെത്രാപ്പൊലീത്തയെ ആശംസകളും അഭിനന്ദനങ്ങളും അറിയിച്ചത്. രാഷ്ട്രീയ രംഗത്ത് നിന്നും ആദ്യമായി ബിഷപ്പ് ഹൗസിലെത്തി ആശംസയറിയിച്ചത് സംസ്ഥാന ഭക്ഷ്യ മന്ത്രി ജി. ആർ. അനിൽ ആണ്. തുടർന്നുള്ള ദിവസങ്ങളിൽ കേന്ദ്രമന്ത്രി എം. മുരളീധരൻ, ഗതാഗത മന്ത്രി ആന്റണി രാജു, ജല സേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, പ്രതിപക്ഷ നേതാവ് വി.ടി. സതീശൻ, എം.പി.മാരായ കെ. മുരളീധരൻ, ശശി തരൂർ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, എം.എൽ.എ മാരായ എം. വിൻസന്റ്, വി.കെ. പ്രശാന്ത്, കോൺഗ്രസ് പ്രമുഖ നേതാവ് രമേഷ് ചെന്നിത്തല, സി .പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, സി.പി.എം. നേതാവ് എം.വിജയകുമാർ, യു.ഡി.എഫ്. കൺവീനർ എം.എം.ഹസൻ, കെ.പി.സി.സി. പ്രസിഡന്റ് കെ. സുധാകരൻ , അഡ്വ. ജനറൽ കെ.പി. ജയചന്ദ്രൻ, ബി.ജെ.പി. നേതാവ് വിജയൻ തോമസ്, മുൻ എം.എൽ.എ.മാരായ വി.എസ്. ശിവകുമാർ, കെ.എസ്. ശബരീനാഥ്, സി.പി. ഐ. നേതാവ് പന്ന്യൻ രവീന്ദ്രൻ, രാജ്ഭവൻ പ്രോട്ടോക്കോൾ ഓഫീസർ , മാർത്തോമ ബിഷപ്പ് മാർ ബർണബാസ്, സി.എസ്.ഐ. ബിഷപ്പ് എ.ധർമ്മരാജ് റസാലം, പത്തനംതിട്ട രൂപത മെത്രാൻ സാമുവൽ മാർ ഐറേനിയസ്, പാളയം ഇമാം വി.പി. സുഹൈബ് മൗലവി, സ്വാമി സന്ദീപാനന്ദ ഗിരി, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ ആന്റോ , വിവിധ സന്യാസ-സന്യാസി സഭ സുപ്പീരിയേഴ്സ് എന്നിവർ നിയുക്ത മെത്രാപ്പോലീത്തക്ക് ആശംസയറിയിക്കാൻ എത്തിയവരിൽ ഉൾപ്പെടുന്നു.



*മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി മെത്രാപ്പോലീത്തയ്ക്ക് ആശംസ നേരുന്നു*



*സംസ്ഥാന ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ ആശംസ നേരുന്നു*



*കേരള കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ. മാണി ആശംസ അർപ്പിക്കുന്നു*



# പ്രതീക്ഷയും സ്വപ്നങ്ങളും ആശംസകളുമായി...

**രജിത വിൻസെന്റ്**

തിരുവനന്തപുരം ലത്തീൻ അതിരൂപതക്ക് പുതിയൊരു ഇടയനെ ലഭിച്ചതിന്റെ സന്തോഷത്തിലും ആഹ്ലാദത്തിലുമാണ് രൂപത മക്കൾ. വിശ്വാസ പാരമ്പര്യത്തിന്റെ തീക്ഷ്ണതയും ഊഷ്മളതയും ഇന്നും കൈവിടാതെ നെഞ്ചോട് ചേർത്ത് പിടിക്കുന്ന വിവിധ ജീവിത സാഹചര്യങ്ങളിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചു കടന്നുപോകുന്ന അജഗണം. കാലത്തിന്റെ തികവിൽ ദൈവം ഇടപ്പെട്ട് തിരഞ്ഞെടുത്ത ഇടയന്മാർ രൂപതയ്ക്കും രൂപത മക്കൾക്കുമായി നടത്തിയ ഇടപെടലുകളും പോരാട്ടങ്ങളും സഭയേയും സമുദായത്തേയും ഉന്നമനത്തിന്റെ സുദീർഘ പാതയിലേക്കാണ് കൈപിടിച്ചു നടത്തിയത്.

അതിരൂപതയിൽ മൂന്നുപതിറ്റാണ്ടിന്റെ നായകസ്ഥാനത്ത് നിന്ന് സൂസൈപാക്യം പിതാവ് പടിയിറങ്ങുമ്പോൾ ദൈവം തന്നിൽ ഭരമേല്പിച്ച അജഗണങ്ങൾക്കുവേണ്ടി ആത്മീയതയുടെ കെടാവിളക്കാകുവാൻ ഒരുങ്ങുകയാണ് നിയുക്ത മെത്രാപ്പോലീത്ത മോൺ.തോമസ്.ജെ.നെറ്റോ.

അധികാരത്തിന്റെ കിരീടമോ ആധികാരികതയുടെ ചെങ്കോലോ അല്ല, മറിച്ച് എളിയവൻ അരമുറുക്കി ശുശ്രൂഷകനാകാൻ തയ്യാറാകുമ്പോൾ രൂപത മക്കൾക്ക് തങ്ങളുടെ ഇടയനോടായി ഒരുപിടി പ്രതീക്ഷകളും സ്വപ്നങ്ങളും പങ്കുവെക്കാനുണ്ട്. അവരിൽ ചിലരിലൂടെ...



**ബി.**സി.സി. പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കിയാൽ ഇവയ്ക്ക് ശക്തിയും പൂർണതയും കൈവരും അതിന് തക്കവിധത്തിലുള്ള നടപടികൾ കൈക്കൊള്ളണം ആഡംബരമായ തിരുനാൾ ദിവ്യബലി അർപ്പണങ്ങൾക്കു പകരം അതിനായി സ്വരുക്കൂട്ടുന്ന പണം ഇടവകയിലെ രോഗികൾക്കും നിർധനരായ കുടുംബങ്ങൾക്കും നൽകി പുണ്യപ്രവർത്തകരാകണം. എല്ലാ ഇടവകകളിലും കുടുംബരജിസ്റ്റർ നിർബന്ധമാക്കുന്നതിനും യുവജനങ്ങളിൽ പ്രാർത്ഥന ചൈതന്യം നിറക്കുന്നതിനും ഓരോ ഇടവകയും തയ്യാറാകും വിധം വിശ്വാസസമൂഹത്തെ ബോധവാന്മാരാക്കണം. രൂപത അദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്യപ്പെടുന്ന നെറ്റോ പിതാവിനെ സാധാരണക്കാരായ ഞങ്ങൾക്കും സന്ദർശിക്കാനാകുന്ന രീതിയിൽ അദ്ദേഹം ജനസമ്മതനാകണം എന്നാണ് ആഗ്രഹിക്കുന്നത്.

**ലോറൻസ് റ്റി.ജെ.**
വിൻസന്റ് ഡി പോൾ സൊസൈറ്റി,
തിരു. അതിരൂപത സെൻട്രൽ
കൗൺസിൽ സെക്രട്ടറി



**പാ**രമ്പര്യ മത്സ്യതൊഴിലാളികൾ അവഗണിക്കപ്പെട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ മത്സ്യതൊഴിലാളികളെ അംഗീകരിക്കപ്പെടുന്ന ഇന്നത്തെ അവസ്ഥയിലേയ്ക്ക് എത്തിനിൽക്കുമ്പോൾ ഇതിന് കാരണഭൂതനായ സൂസൈപാക്യം പിതാവിനേയും നമ്മുടെ രൂപതയേയും അവർ വഹിച്ച പങ്കുകളേയും മറക്കാനാകുന്നതല്ല. എങ്കിലും ഇന്നും നിരവധി ചൂഷണങ്ങൾക്കും അവഗണനകൾക്കും പാരമ്പര്യ മത്സ്യതൊഴിലാളികൾ ഇരയാകുന്നുണ്ട്. രൂപതക്ക് പുതിയൊരു ഇടയനെ ലഭിക്കുന്ന ഈ അവസരത്തിൽ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് വേണ്ടുന്ന വിദ്യാഭ്യാസവും തൊഴിലും ഉറപ്പ് വരുത്തുന്നതിനും അതുവഴി ഞങ്ങൾക്കും സമൂഹത്തിനും ഒരു പുതിയ മുഖം നൽകാൻ തോമസ്.ജെ.നെറ്റോ പിതാവിന്റെ പുതിയ നേതൃത്വത്തിന് കഴിയട്ടെയെന്ന് ആഗ്രഹിക്കുന്നു.

**ജെറുമി ക്രിസ്റ്റഫർ,**
മത്സ്യകച്ചവട സ്ത്രീ



**അ**തിരൂപത ആസ്ഥാനം കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നു എന്നത് വളരെ ശ്രദ്ധേയമായ വസ്തുതയാണ്. സൂസൈപാക്യം പിതാവ് കാലത്തിനൊത്ത മാറ്റങ്ങളെ അംഗീകരിച്ച്തിനും വിപ്ളവാത്മകമായ ചിന്തകൾ ഉൾകൊണ്ട് അതിനനുസൃതമായ നിലപാടുകൾ എടുത്തു എന്നത് വിസ്മരിക്കാനാവില്ല. എങ്കിൽ തന്നെയും പുതിയൊരു പിതാവിനെ ലഭിക്കുന്ന ഈ അവസരത്തിൽ ആത്മീയ വശങ്ങളോടൊപ്പം രാഷ്ട്രീയ-സാമൂഹിക വിഷയങ്ങളിൽ അതിരൂപതയുടെ നിലപാടുകൾ യഥാസമയം വ്യക്തമാക്കി അത് ജനങ്ങളെ ബോധ്യപ്പെടുത്തി പ്രതിബദ്ധത നിലനിർത്തണം. ഇടയനൊപ്പം അജഗണങ്ങളും ഇത്തരം നിലപാടുകളിൽ വ്യക്തത വരുത്തുവാൻ ഇത് കൊണ്ട് സാധ്യമാകും എന്ന് വിശ്വസിക്കുന്നു.

**നിഖിൽ സന്തോഷ്.**
എം. എ. എൽ. എൽ.ബി



മാനം കറുക്കുമ്പോൾ ഉള്ളം കറുക്കുന്ന സമൂഹമാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ഭൂരിഭാഗവും. കടലിന്റെ മക്കളും, തീരദേശത്തിന്റെ പ്രിയപ്പെട്ടവർ, കടലോരത്തെ പ്രണയിച്ചവർ ഇവരെ കേൾക്കാനും അണച്ചുപിടിക്കാനും സുഹൃത്തിനെപോലെയൊരാൾ ആകണം മെത്രാൻ എന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രതീക്ഷ അസ്തമിക്കുന്നിടത്ത് മാറ്റങ്ങളുടെ വഴിയടയും, നമ്മൾ വീണ്ടും പിന്നിലേയ്ക്ക് സഞ്ചരിക്കും. ആത്മീയതയോടൊപ്പം തിരുവനന്തപുരത്തിന്റെ സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിലും മെത്രാപ്പോലീത്തയുടെ സാന്നിധ്യം ദൃശ്യമാകണം. തിരുവനന്തപുരം അതിരൂപത ലത്തീൻ കത്തോലിക്കരുടേതാണ്. ആയതിനാൽ സമുദായ ശാക്തീകരണത്തിനുവേണ്ടി കുടുംബ കൂട്ടായ്മയേയും സംവിധാനത്തേയും നവീകരിക്കണം. പരസ്പര സഹകരണത്തിനും സഹവർത്തിത്വത്തിലുമായിരിക്കണം നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടത്. അതിരൂപതയുടെ നിലനിൽപ്പിനും വരുംതലമുറ അന്തസോടെ തലയുയർത്തി നിൽക്കുന്നതിനും ഇത്തരം മാറ്റങ്ങൾ അനിവാര്യമാണ്. ഇങ്ങനെ അനിവാര്യമായ മാറ്റങ്ങൾ രൂപതയിൽ കൊണ്ടുവന്നു ക്രിസ്തുവിലേക്ക് എല്ലാവരേയും അടുപ്പിക്കാൻപുതിയ ഇടയന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ജേസു, മംഗളം ട്രാവൽസ്**
**ബിസിനസ്**



തിരുവനന്തപുരം അതിരൂപത എല്ലാ അർത്ഥത്തിലും സമ്പന്നമാണ്. കഴിവും സിദ്ധിയുമുള്ള യുവ വൈദികരാണ് നമ്മുടെ ധനം. യേശു ചുങ്കക്കാരനായ ലേവിയിലും തീവ്രവാദിയായ ശിമയോനിലും വിശ്വാസം അർപ്പിച്ചാണ് സഭയുടെ അടിത്തറ പാകിയത്. എല്ലാവരിലും നന്മ കണ്ടു വളരുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നാളുകളിൽ നല്ലൊരു അൽമായ നേതൃത്വം വളർത്തിയെടുക്കാൻ സാധിച്ചതിൽ നമുക്ക് സന്തോഷിക്കാം, അഭിമാനിക്കാം. ഇവിടേയും പുതിയ ഒരു തലമുറ ഇന്നിന്റെ ആവശ്യമാണ്. സുമനസുകളെ കണ്ടെത്തി ഒരു ശരീരത്തിലെ അവയവങ്ങൾ പോലെ യോജിപ്പിച്ച് നിർത്തി പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നത് ഒരു കലയാണ്, അനുഗ്രഹമാണ്. പുതിയൊരു ചുവടുവയ്പ്പിൽ , നമ്മുടെ പ്രവർത്തന ലക്ഷ്യം പ്രാധാന്യം അർഹിക്കുന്നു. ദൈവരാജ്യം സ്ഥാപിക്കാൻ കടന്നുവന്ന യേശു നേരിട്ട പ്രശ്നം, ജനം രക്ഷകനിൽ നിന്നും പ്രതീക്ഷിച്ചത് രാഷ്ട്രീയ സ്വാതന്ത്ര്യവും ഭൗതീക നേട്ടങ്ങളും മാത്രമായിരുന്നു. എന്നാൽ ഇതിനുള്ള യേശുവിന്റെ മറുപടി : "നിങ്ങൾ ആദ്യം അവിടത്തെ രാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും" (മത്തായി 6:3) നമ്മുടെ കരുത്തുക്കൾ പങ്കുവയ്ക്കുമ്പോൾ അന്നും ഇന്നും ഒരു വെല്ലുവിളിയാണ്.

ദൈവജനം പ്രതീക്ഷയോടെ നോക്കിക്കാണുന്ന, തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത, ഡോ. തോമസ് ജെ. നെറ്റോയുടെ നേതൃത്വത്തിന് യേശുവിന്റെ സ്വപ്നങ്ങൾ പൂവണിയിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

**വെരി. റെവ. മോൺ. ജോർജ് പോൾ. എ**
ഡയറക്ടർ, അനുഗ്രഹഭവൻ



ഓഖിയുടെ ദുരന്തം ഇന്നും മറക്കാനാവില്ല. പ്രിയപ്പെട്ടവരുടെ വേർപാടിൽ ആശ്വാസമായി തിരുവനന്തപുരം അതിരൂപതയും സൂസൈപാക്യം പിതാവും ഞങ്ങളെ വീടുകളിൽ വന്ന് സന്ദർശിച്ചത് ഒരനുഭവം തന്നെയായിരുന്നു. എന്തിനും ഏതിനും ഞങ്ങളോടൊപ്പം സഭയും സമുദായവും എന്ന ബോധ്യം ഞങ്ങൾക്കുണ്ടായി. പുതിയ പിതാവും ഞങ്ങളിൽ ഒരാളായി ഉണ്ടാവണമെന്നാണ് ആഗ്രഹിക്കുന്നത്.

**ജോബായ്**
മത്സ്യതൊഴിലാളി



തിരുവനന്തപുരം അതിരൂപതക്ക് നായകനായി പുതിയൊരു ഇടയനെ ലഭിച്ചതിന്റെ സന്തോഷത്തിനും ആഹ്ളാദത്തിനുമാണ് നാമെല്ലാവരും. പുതിയ മെത്രാനിൽ സാധാരണക്കാരായ ഞങ്ങൾക്ക് നിരവധി പ്രതീക്ഷകളാണുള്ളത്. രൂപതയ്ക്ക് എല്ലാ ഇടവകകളും ഒരുപോലെയാണ്, എന്നാൽ ചില ഇടവകകളിൽ മാത്രമായി കണ്ടുവരുന്നതാണ് ആർഭാടമായ തിരുനാളുകളും അതിനോട് അനുബന്ധിച്ചുള്ള കലാപരിപാടികളും അവയ്ക്ക് രൂപത നൽകുന്ന അനുവാദവും.തീർത്ഥാടന കേന്ദ്രങ്ങളാണ് ഈ ഇടവകകൾ എന്നതാണ് ഇതിനെ സംബന്ധിച്ച് പലരിൽ നിന്നും പലപ്പോഴായി ലഭിച്ച മറുപടികൾ. ഒരു രൂപതയുടെ കീഴിൽതന്നെയുള്ള ഇടവകകളിലെ ഇത്തരം വേർതിരിവുകൾ വേദന ജനിപ്പിക്കുന്നതാണ്. ഇത്തരം വേർതിരിവുകൾ കുറക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ പുതിയ നേതൃത്വം തയ്യാറാക്കണം. റ്റി.എസ്.എസ്. എസിന്റെ കീഴിൽ നിരവധി സഹായ-പദ്ധതികളാണ് രൂപത ജനങ്ങൾക്കായി മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ ഇത്തരം സഹായങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കാതിരിക്കുകയും മറ്റുള്ള വ്യക്തികൾക്ക് കിട്ടുകയും ചെയ്യുന്ന പ്രവണത തടയുന്നതിനും രൂപത പ്രവർത്തനങ്ങൾ കൂടുതൽ സുധാര്യമാക്കാനും ശ്രമമുണ്ടാകണം. സാധാരണകാരന്റെ ശബ്ദമാകാനും അവരുടെ കണ്ണീരിന് ആശ്വാസമാകാനും പിതാവിന് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഷീബ ഫ്രെഡി,**
വീട്ടമ്മ



ഏതൊരു വ്യക്തിയേയും ഔപചാരികതയില്ലാതെ കാണാനും, അവരിൽ ഒരുവനായി അവനെ കേൾക്കാൻ തയ്യാറാകുന്ന ഒരു പിതാവാകണം നിയുക്ത മെത്രാപ്പോലീത്ത. 'എന്റെ വീട്ടിൽ പിതാവ് വന്നു' എന്ന് പറയുന്നത് ഒരു വിശ്വാസിയെ സംബന്ധിച്ചെടുത്തോളം ശ്രേഷ്ഠമായ സമ്മാനവും അനുഭവവുമായിരിക്കും. അത്തരത്തിൽ പിതാവ് ജനങ്ങൾക്ക് സമീപസ്ഥനായിരിക്കണം. ദൈവസ്നേഹം ഉള്ളിൽ ഉറകൂടുവാനുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകണം. ഇടയന്റെ സാന്നിധ്യം ആടുകൾക്ക് 'പേടിയല്ല, സുരക്ഷിതത്ത്വവും പരിചിതത്ത്വവും' അനുഭവവേദ്യവുമാവണം.

**സിസ്റ്റർ സുനിത റൂബി**
സി സി ആർ കൗൺസിലർ
സൈക്കോതെറാപ്പിസ്റ്റ്



അർത്ഥശൂന്യമായ ആരവങ്ങൾക്ക് ചെവികൊടുക്കാത്ത വ്യക്തിത്വമാണ് നെറ്റോ പിതാവ്. സാധാരണക്കാരനിലെ മാനുഷിക നേട്ടങ്ങളെ സൂഷ്മമായി വിലയിരുത്തി അംഗീകരിക്കാനുള്ള പിതാവിന്റെ പാടവം എടുത്ത് പറയേണ്ടത് തന്നെയാണ്. ശാന്ത പ്രൗഢമായൊരു അന്തർധാരയുടെ പ്രവാഹം ജീവിതത്തിലുടനീളം പ്രതിഫലിക്കുന്നത് പിതാവിനെ കണ്ടുമുട്ടുന്നവർക്ക് അനുഭവവേദ്യമാണ്. കഠിനമായ പ്രയത്നം കൊണ്ട് സാമൂഹിക ആത്മീയ നവോത്ഥാനത്തെ കരപ്പിടിപ്പിക്കാൻ പിതാവിനാകുമെന്നതിൽ തെല്ലും ശങ്കയില്ല, അതിനുള്ള ആത്മവിശ്വാസവും പരിശ്രമവും പിതാവിനുണ്ട്. പുതിയ ദൗത്യം ഏറ്റെടുക്കുമ്പോൾ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു,

**ലോറൻസ് ഫെർണാഡസ്**
അധ്യാപകൻ, ഗാനരചയിതാവ്

## കവിത

# പുണ്യപാതയിൽ



**അലിത അഗസ്റ്റിൻ**
തൈയ്ക്കാട്

ഭൂവിൽ വിളങ്ങുമനുഗ്രഹങ്ങൾ
താതന്റെ കാരുണ്യ സ്വപർശമല്ലോ
നാഥാ നിൻ സവിധേ മാത്രമല്ലോ
ആനന്ദപൂർണതയെന്നുമെന്നും...
അതിരൂപതയ്ക്കെന്നുമഭിമാനമായ്
ഒരു നല്ലയിടനെക്കൂടി നൽകി
സഹനത്തിൻ പാതേ വഴി നടത്താൻ
വിശ്വാസദീപം കെടാതെ കാക്കാൻ
അവശനിലെന്നുമേ നന്മ കൊയ്യാൻ
കരുണാമയാ നിൻ കരുതലല്ലോ...
കടലിന്റെ മക്കൾ തൻ കൈവല്യമേ
ജഗദീശൻ തന്നുടെ വരദാനമേ..
തിന്മയും നന്മയും വേർതിരിക്കാൻ
രൂപതാ മക്കളെയുദ്ധരിക്കാൻ
പ്രത്യാശാ തീരങ്ങളെത്തിപ്പെടാൻ
സഭാതനയരെന്നും തഴച്ചുയരാൻ
വിശ്വാസ നാമ്പുകളാൽ നിറയാൻ
വിണ്ണിന്നനുഗ്രഹമാരി പെയ്യാൻ
പുത്തനുണർവ്വിൻ ഫലങ്ങൾ കൊയ്യാൻ
നന്മതൻ പച്ചപ്പിലെന്നുമെന്നും
നല്ലിടയൻ നിത്യം നയിച്ചീടട്ടെ..

# തിരയിലും തീരത്തും



**ലാലിക്കുട്ടി**
ക്രിസ്തുരാജപുരം

ജീവിതത്തോണിയിൽ
ഇരവുകൾ പകലുകൾ
മറുകരതേടുവാൻ അലഞ്ഞീടുമ്പോൾ
'ഇവിടെയും എവിടെയും എത്തുന്ന
എൻദൈവം അരികിലും അമരത്തും
സാരഥിയായ്... ..
അതുമാത്രമാണെന്റെനേട്ടം
ഈയുഗസാഗരച്ചുഴികളിൽ നാമെല്ലാം
പതറാതെ വീഴാതെ നിന്നുവെങ്കിൽ
അതിൻപിന്നിലെല്ലാം ദൈവത്തിൻകരങ്ങൾ
അതുമാത്രമാണെന്റ വിടവാങ്ങൽ സന്ദേശം
വരും ദിനമഖിലവും നമ്മെ നടത്തുവാൻ
നമ്മളിൻഒരുവനെ നൽകിദൈവം
നന്ദിയും സ്നേഹവും ദൈവത്തിനർപ്പിക്കാം
പരിശുദ്ധത്രിത്വത്തിൽ ശരണംവയ്ക്കാം
നല്ലിടയൻ നൽകും വഴിയെ നീങ്ങാം
തിരയിലും തീരത്തും വചനമാകാം.

*സൂസൈപാക്യം പിതാവിന്റെ*
*വിടവാങ്ങൽ പ്രസംഗം ഉൾക്കൊണ്ടുകൊണ്ട്*




## ബോക്സിങ് ക്വീൻ സ്നേഹ



തിരുവനന്തപുരം :യൂത്ത് ഗെയിം ഇന്റർനാഷണൽ ബോക്സിങ് ചാമ്പ്യൻഷിപ്പിൽ ഗോൾഡ് മെഡൽ സ്വന്തമാക്കി സ്നേഹ സഹായ രാജൻ. നേപ്പാളിൽ വച്ച് നടന്ന ബോക്സിങ് മത്സരത്തിലാണ് സ്നേഹ സ്വർണ്ണം മെഡൽ ജേതാവായത്.

മുൻ ഏഷ്യ ബോക്സിങ് മത്സരാർത്ഥിയും അർദ്ധ സൈനികനുമായ അച്ഛൻ സഹായ രാജുവും സഹോദരൻ ബിനോയുമാണ് ബോക്സിങ്ങിലേക്കുള്ള വഴികാട്ടികൾ. ലോക ഒളിംപിക്സിൽ രാജ്യത്തെ പ്രതിനിധികരിക്കുക എന്നതാണ് സ്നേഹയുടെ സ്വപ്നം. പെൺകുട്ടികൾക്ക് കൈയടക്കാൻ കഴിയാത്ത മേഖലകൾ ഒന്നും തന്നെയില്ല എന്നതാണ് തന്റെ വിജയത്തിൽ സമപ്രായക്കാരോട് പറയാൻ ഉദ്ദേശിക്കുന്നതെന്നും സ്നേഹ പറഞ്ഞു.

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ കാരക്കമണ്ഡപം ഇടവക അംഗമായ സ്നേഹ ആലപ്പുഴ ഹരിപ്പാട് എസ്. എൻ കോളേജിൽ രണ്ടാം വർഷ എം എസ് സി ജിയോഗ്രഫി വിദ്യാർത്ഥിനിയാണ്. സിന്ധു ആണ് അമ്മ




## 'ഫ്രഷ് ഫിഷ്': ഇനിമുതൽ വീട്ടുപടിക്കൽ

തിരുവനന്തപുരം : മാമ്പള്ളിയിലെ മൽസ്യവിപണന സ്ത്രീ തൊഴിലാളികളുടെ നൂതന സംരംഭമായ 'ഫ്രഷ് ഫിഷ്' ശ്രദ്ധയമാക്കുന്നു. അഞ്ചുതെങ്ങ്, മാമ്പള്ളി മുതലപ്പൊഴി എന്നീ തീരങ്ങളിൽ നിന്നും സംഭരിക്കുന്ന മീനുകൾ ഓൺലൈൻ വഴി ഓർഡർ അനുസരിച്ച് ഉപഭോക്താക്കൾക് എത്തിച്ചു കൊടുക്കുന്നതാണ് 'ഫ്രഷ് ഫിഷ്' സംരംഭം . മാമ്പളി ഇടവകയിലെ ജോയ്സ്,ലിയ, അജിത , ജെസ്‌ലി,ലിസി ,ഷേർളി എന്നിവർ ചേർന്നാണ് സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന 'സെൽഫ് എംപ്ലോയ്മെന്റ് വിമൻ അസോസിയേഷന്റെ'(SEWA) നേതൃത്വത്തിൽ ഫ്രഷ് ഫിഷ്' വിപണന ശൃംഖലക്ക് രൂപം നൽകിയത്. നിലവിൽ ആറ്റിങ്ങൽ, വർക്കല, ചിറയൻകീഴ് എന്നീ പ്രദേശങ്ങളിലാണ് 'ഫ്രഷ് ഫിഷ്' പ്രവർത്തിക്കുന്നത്.

**സ്നേഹ സ്മരണയിൽ**

**7–ാം ചരമവാർഷികം**



**പ്രദീപ് സക്കറിയാസ്**
**പുതിയതുറ**

ജനനം: 18.07.1987
മരണം: 25.02.2015

*പ്രാർത്ഥനയോടെ,*
*കുടുംബാംഗങ്ങൾ*




*തിരുവനന്തപുരം ലത്തീൻ അതിരൂപത നിയുക്ത മെത്രാപ്പോലീത്ത മോൺ. തോമസ്.ജെ. നെറ്റോയുടെ മെത്രാഭിഷേക ആഘോഷ സംഘാടക സമിതിയുടെ മീഡിയാ സെന്ററിന്റെ ഉദ്ഘാടനം ബിഷപ്പ് ഡോ. ക്രിസ്തുദാസ്.ആർ നിർവഹിക്കുന്നു.*

# മെത്രാഭിഷേകം : മീഡിയാ സെന്റർ പ്രവർത്തനം ആരംഭിച്ചു

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപത നിയുക്ത മെത്രാപ്പോലീത്ത മോൺ. തോമസ്.ജെ. നെറ്റോയുടെ മെത്രാഭിഷേക ആഘോഷ സംഘാടക സമിതിയുടെ മീഡിയാ സെന്റർ പ്രവർത്തനം ആരംഭിച്ചു.വെള്ളയമ്പലം ബിഷപ്പ് ഹൗസിലെ ജീവനും വെളിച്ചവും ഓഫീസിൽ പ്രവർത്തനം ആരംഭിച്ച മീഡിയ സെന്ററിന്റെ ഉദ്ഘാടനം ആഘോഷകമ്മിറ്റി ചെയർമാൻ ബിഷപ്പ് ഡോ. ക്രിസ്തുദാസ്.ആർ നിർവഹിച്ചു. മീഡിയ ആന്റ് പബ്ളിസിറ്റി കമ്മിറ്റി കൺവീനർ ഫാ.ദീപക്ആന്റോ, ഫാ. റോബിൻസൻ, കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# എ. അലക്സാണ്ടർ മികച്ച ജില്ലാ കളക്ടർ



തിരുവനന്തപുരം:സംസ്ഥാനത്തെ മികച്ച ജില്ലാ കളക്ടറായി തിരഞ്ഞെടുക്കപ്പെട്ട എ. അലക്സാണ്ടറിന് അഭിനന്ദന പ്രവാഹം . പൂന്തുറ ഇടവകാംഗമാണ് അദ്ദേഹം. 2019ൽ ഐ.എ.എസ് ലഭിച്ച അലക്സാണ്ടർ റവന്യൂ വകുപ്പിൽ സബ് കളക്ടർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, ഹൗസിംഗ് ബോർഡ് കമ്മീഷണർ, സഹകരണസംഘം രജിസ്ട്രാർ എന്നീ നിലകളിൽ പ്രവർത്തിച്ച ശേഷമാണ് ആലപ്പുഴ ജില്ലാ കളക്ടർ ആയി നിയമിതനാകുന്നത്. ആലപ്പുഴ ജില്ലയുടെ 52ാമത്തെ കളക്ടറായി 2020 ജൂൺ മാസത്തിലാണ് എ. അലക്സാണ്ടർ ചുമതലയേറ്റത്. കോവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കും വിപുലമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും വെള്ളപ്പൊക്കത്തിന്റെ ആഘാതം കുറയ്ക്കുന്നതിനുള്ള മുൻകരുതലുകളും ക്രമീകരണങ്ങളും ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏകോപിപ്പിക്കാൻ ഇദ്ദേഹത്തിന് സാധിച്ചു. പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ടു നടത്തിയ ഇടപെടലുകളും ഏറെ ശ്രദ്ധേയമായി.

റവന്യൂദിനത്തിൽ തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ മുഖ്യ മന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിച്ചു. എ. അലക്സാണ്ടർനൊപ്പം ജില്ലാ കളക്ടർമാരായി മൃൺമയി ജോഷി (പാലക്കാട്), ഡോ. നവജ്യോത് ഖോസ (തിരുവനന്തപുരം) എന്നിവരും മികച്ച കളക്ടർക്കുള്ള പുരസ്കാരത്തിന് അർഹരായി.

# ദൈവപുത്രൻ പറഞ്ഞതും വെളിപ്പെടുത്തിയതും

**തപസ്സുകാലം 1-ാം ഞായർ (മാർച്ച്. 06)** നിയമ. 26, 4-10, റോമാ. 10:8-13, ലൂക്ക. 4:1-13

ഫാ. വർഗീസ് ജോസഫ്

**പരീക്ഷണങ്ങളോടുള്ള ക്രിസ്തുവിന്റെ സമീപനമാണ് വീണ്ടും ശ്രദ്ധേയമാകുന്നത്. മൂന്നുപരീക്ഷണങ്ങളേയും ക്രിസ്തു നേരിട്ടത് വചനം കൊണ്ടാണ്. ഒന്നാമത്തെ പരീക്ഷണത്തിൽ അപ്പം കൊണ്ടു മാത്രമല്ല, മനുഷ്യൻ ജീവിക്കുന്നത് കർത്താവിന്റെ നാവിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടാണ് (നിയമ 8:3; 17:20) എന്ന യേശുവിന്റെ വാക്കുകൾ ആ പ്രലോഭനം അവസാനിക്കുന്നതിന് കാരണമായി.**

മരുഭൂമിയിലെ പ്രാർത്ഥനയും പരീക്ഷണവും പരസ്യ ജീവിതത്തിന്റെ തുടക്കം മാത്രമല്ല, ക്രിസ്തു ആരാണെന്നും എന്തിന് ഭൂമിയിൽ വന്നു എന്നതിന്റെയും വെളിപ്പെടുത്തലുമായിരുന്നു. ക്രിസ്തു ആരായിരുന്നു? അവൻ എന്തിന് ഈ ഭൂമിയിൽ വന്നു. വ്യത്യസ്തമായ നിരവധി ഉത്തരങ്ങൾ നൽകാനാകുമെങ്കിലും വചനത്തിന്റെ വെളിച്ചത്തിൽ ഒരു ഉത്തരം മാത്രമാണ്: ദൈവപുത്രൻ (ലൂക്കാ. 1:35; യോഹ 11:4; 1 യോഹ 3:8). എന്തിന് അവൻ ഭൂമിയിൽ വന്നു: രക്ഷ നൽകുവാൻ (മാർ. 16:16; ലൂക്കാ. 3:6; ലൂക്കാ. 7.50 യോഹ. 3:17). ഈ രണ്ടു കാര്യങ്ങളും ആദ്യം വെളിപ്പെടുന്നത്. മരുഭൂമിയിലെ പരീക്ഷണത്തിലാണ്. പിന്നീട് ഈ വെളിപ്പെടുത്തലിനെ കേന്ദ്രീകരിച്ചാണ് പരസ്യജീവിതം. കാരണം, ക്രിസ്തു ആരാണെന്നും എന്താണെന്നും അവന്റെ അത്ഭുതങ്ങളും അടയാളങ്ങളും ജീവിതവും കുരിശുമരണവും വഴി ലോകം തിരിച്ചറിയണം. ഇത് ദൈവപിതാവിന്റെ സ്വപ്നമാണ്.

സാത്താന്റെ ആദ്യ ചോദ്യം ഇങ്ങനെ ആരംഭിക്കുന്നു: 'നീ ദൈവപുത്രനാണെങ്കിൽ' (ലൂക്കാ. 4:3) കല്ലിനെ അപ്പമാകാൻ പറയുക. വിശപ്പിന്റെ പ്രലോഭനത്തെ അതിജീവിക്കുന്ന ക്രിസ്തു അത് ചെയ്തില്ല. കാരണം തന്റെ ജീവിതം കൊണ്ട് ലോകം അറിയേണ്ട സത്യം സാത്താന്റെ മുമ്പിൽ തെളിയിക്കേണ്ട ആവശ്യം ക്രിസ്തുവിന് ഇല്ലായിരുന്നു.

രണ്ടാമത്തേത്, അധികാരത്തിന്റെ പ്രലോഭനമാണ്. പിശാച് യേശുവിനെ ഉയർന്ന സ്ഥലത്തേക്ക് കൊണ്ടുപോയി. ഭൂമിയിലെ സകല രാജ്യങ്ങളും ക്ഷണനേരം കൊണ്ട് കാണിച്ച ശേഷം ആരാധിക്കാൻ പറഞ്ഞു. ഇവയെല്ലാം എനിക്ക് നൽകപ്പെട്ടിരിക്കുന്നു (ലൂക്കാ. 4:6) എന്ന വാചകം കൂടെ. പിതാവായ ദൈവത്തിന്റെ മകൻ നീയല്ല, ഞാനാണ് പിതൃത്വ അവകാശം എനിക്ക് പിതാവ് നൽകിയിരുന്നു എന്നാണ് സാത്താൻ ഉദ്ദേശിച്ചത്. മൂന്നാമത്തേത് പിശാചിന്റെ അവസാന തന്ത്രമാണ്. ഉയർന്ന ഒരു മലമുകളിൽ നിർത്തിയിട്ട് പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ ഇവിടെ നിന്നും എടുത്തുചാടുക നിന്നെ ദൂതന്മാർ താങ്ങിക്കൊള്ളും (ലൂക്ക. 4:11). താഴെ ജെറുസലേം ദേവാലയമാണ്. ക്രിസ്തു ചാടിവരുമ്പോൾ ദൂതന്മാർ വഹിച്ചുകൊള്ളും. താഴെ ദേവാലയത്തിലെ എല്ലാ വിശ്വാസികളും കണ്ട് കയ്യടിക്കും. അവർ ക്രിസ്തുവിനെ രാജാവാക്കും. കുരിശുമരണം നടക്കുകയില്ല.

വളരെ കൃത്യതയോടെ വചനഭാഗം വായിക്കുമ്പോൾ നമ്മൾ തിരിച്ചറിയുന്ന സത്യം വലുതാണ്.

'നീ ദൈവപുത്രനാണെങ്കിൽ' എന്ന പ്രയോഗം വളരെ കൃത്യമായി സാ

ത്താൻ ഓരോ പരീക്ഷണത്തിനും ഉപയോഗിക്കുന്നുണ്ട്. യേശു ആരാണെന്ന് വളരെ നന്നായി തിരിച്ചറിഞ്ഞത് പിശാചാണ്. അതുകൊണ്ടുതന്നെ കുരിശുമരണത്തിലൂടെ ലോകം അറിയേണ്ട ഈ സത്യം കുരിശുമരണത്തിന് മുൻപ് അറിയാൻ സാത്താൻ ആഗ്രഹിക്കുന്നു. അങ്ങനെ ചെയ്താൽ കുരിശുമരണം സംഭവിക്കുകയില്ല. രക്ഷ ഭൂമിയിൽ സംജാതമാകുകയില്ല. പിതാവിന്റെ നിയോഗം തുടക്കം മുതലേ ശ്രദ്ധയോടെ ക്രിസ്തുനാഥൻ നോക്കി കാണുന്നുണ്ട്. നമുക്ക്, നൽകപ്പെട്ട നിയോഗം എത്ര കരുതലോടെയാണ് നാം നോക്കികാണുന്നത്? ക്രിസ്തുവിന്റെ ആ നിയോഗത്തോടുള്ള ദർശനമാണ് അവന്റെ ജീവിതം.

പരീക്ഷണങ്ങളോടുള്ള ക്രിസ്തുവിന്റെ സമീപനമാണ് വീണ്ടും ശ്രദ്ധേയമാകുന്നത്. മൂന്നുപരീക്ഷണങ്ങളേയും ക്രിസ്തു നേരിട്ടത് വചനം കൊണ്ടാണ്. ഒന്നാമത്തെ പരീക്ഷണത്തിൽ അപ്പം കൊണ്ടു മാത്രമല്ല, മനുഷ്യൻ ജീവിക്കുന്നത് കർത്താവിന്റെ നാവിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടാണ് (നിയമ 8:3; 17:20) എന്ന യേശുവിന്റെ വാക്കുകൾ ആ പ്രലോഭനം അവസാനിക്കുന്നതിന് കാരണമായി. രണ്ടാമത്തെ പരീക്ഷണത്തിൽ നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം; അവനെ മാത്രമേ പൂജിക്കാവൂ. (നിയമ 6:13, 7:1-26) എന്ന വചനത്തിലൂടെയും മൂന്നാമത്തെ പരീക്ഷണത്തിൽ നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് (നിയമ. 6:16-25) എന്ന വചനം പിശാചിനെ ഓർമപ്പെടുത്തി. വചനംകൊണ്ട് ജീവിത പരീക്ഷണങ്ങളെ നേരിട്ട ക്രിസ്തുവിന് എല്ലാം സാധ്യമായിരുന്നു. വചനം ജീവിതപ്രതിസന്ധികളിലും പരീക്ഷണങ്ങളിലും പാദത്തിന് വിളക്കും പാതയിൽ പ്രദേശവുമാണ് (സങ്കീ. 119:105).

ക്രിസ്തു ലോകത്തോട് വെളിപ്പെടുത്താൻ കരുതിവച്ച രഹസ്യമായിരുന്നു ദൈവപുത്രനാണെന്ന മഹത്വം. തന്നെ സ്നേഹിക്കുന്നവർക്ക് ആദ്യം ആ മഹത്വം അവൻ വെളിപ്പെടുത്തി. ലാസറിന്റെ ഉയിർപ്പിന് കാരണം പോലും മാർത്തായുടെ ആ വിശ്വാസ പ്രഖ്യാപനം തന്നെയാണ് (യോഹ. 11:27). പിന്നീട് താൻ സ്നേഹിക്കുന്ന പന്ത്രണ്ടു ശിഷ്യന്മാർക്കും ആ സത്യം അവൻ വെളിപ്പെടുത്തി. തോളോടു തോൾ ചേർന്ന് നടന്ന പത്രോസും ശിഷ്യന്മാരും പറഞ്ഞു: 'ഇവൻ ദൈവപുത്രനാണ് (മത്താ. 18:16; മത്താ. 14:22). ഒടുവിൽ സ്വർഗം തുറന്ന് പിതാവ് വെളിപ്പെടുത്തി. ഇവൻ എന്റെ പ്രിയപുത്രൻ (മത്താ. 17:5).

ഒടുവിൽ കുരിശിന്റെ അടുത്തേക്ക് പോകുമ്പോഴും പ്രധാന പുരോഹിതന്റെ ചോദ്യമുണ്ട്: നീ ദൈവപുത്രനാണോ? 'അതെ' അല്ലെങ്കിൽ 'അല്ല' എന്നതാണ് പ്രതീക്ഷിക്കുന്ന ഉത്തരം. ക്രിസ്തു മൗനം അവലംബിക്കുകമാത്രമാണ് ചെയ്തത്. അവസാനം കുരിശിലും വേദനിച്ച് കിടക്കുമ്പോൾ ശത്രുക്കൾ വിളിച്ചുപറഞ്ഞു: ദൈവപുത്രനാണെങ്കിൽ ഇറങ്ങിവരട്ടെ (മത്താ. 27:43). രക്ഷഭൂമിയിൽ വരാൻ മനുഷ്യപുത്രൻ കുരിശിൽ മരിക്കണം. തിരുവെഴുത്ത് പൂർത്തിയായി. രക്ഷകൻ മരിച്ചു. രക്ഷ ഭൂമിയിൽ സംജാതമായി. ഇതെല്ലാം കണ്ടുനിന്ന ശതാധിപൻ (100 പേരുടെ അധിപൻ) വിളിച്ചുപറഞ്ഞു: ഇവൻ ദൈവപുത്രനായിരുന്നു (മത്താ. 27:54).

ദൈവപുത്രന് രക്ഷ നൽകുന്നത് വരെ ചില രഹസ്യങ്ങൾ രഹസ്യമായി സൂക്ഷിക്കണമായിരുന്നു. ചില നിയോഗം പൂർത്തീകരിക്കണമായിരുന്നു. ചില രഹസ്യങ്ങൾ രഹസ്യമായിരിക്കട്ടെ! ചില നിയോഗം പൂർത്തീകരിക്കാൻ ദൈവം സഹായിക്കട്ടെ! ■

# ജീവിതത്തെ ദീപ്തമാക്കാം

**തപസ്സുകാലം 2-ാം ഞായർ (മാർച്ച്. 13)**

ഉത്പ. 15: 5-12. 17-18. ഫിലി. 3:17-4. ലൂക്ക് 9: 28-36

**ഫാ. ഡൈസൻ**

**താബോർ മലയിൽ പ്രാർഥനയുടെ അവസരത്തിൽ പത്രോസ് ദൈവികസാന്നിധ്യം അനുഭവിച്ചു. ആ ദിവ്യാനുഭവം ലഭിച്ച പത്രോസ് മലമുകളിൽ ഇരിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ യേശു അത് അനുവദിക്കുന്നില്ല. കാരണം, പ്രാർഥന പ്രവർത്തനത്തിലേക്കുള്ള പ്രേരകമാണ്.**

പുരാതനകാലം മുതൽ മനുഷ്യൻ സാധാരണ ജീവിതത്തിലുണ്ടാകുന്ന ശബ്ദകോലാഹലങ്ങളിൽ നിന്ന് പിന്മാറി ദൈവത്തെ ദർശിക്കുവാനും ശ്രവിക്കുവാനും മലമുകളിൽ പോവുക പതിവായിരുന്നു. കാരണം 'ശബ്ദമുഖരിതമായ ഈ ലോകജീവിതത്തിൽ എന്റെ ആത്മാവ് ചുറ്റും നോക്കുന്നു. പക്ഷേ, ദൈവത്തിന്റെ സൗന്ദര്യം കാണുന്നില്ല; കാതോർക്കുന്നു, ദൈവത്തിന്റെ സംഗീതം കേൾക്കുന്നില്ല; മണക്കുകയാണ്, അങ്ങയുടെ സ്വാദറിയുന്നില്ല. 'അതുകൊണ്ട് ദൈവത്തിന്റെ സൗന്ദര്യം കാണുകയും, സംഗീതം കേൾക്കുകയും, സ്വാദ് അറിയുകയും ചെയ്യണമെങ്കിൽ മലമുകളിൽ പോകണം. ക്രൈസ്തവ ദർശനമനുസരിച്ച് ദൈവിക സാന്നിധ്യം ഉള്ളത് മലമുകളിലാണ്. ദൈവദർശനം ലഭിക്കുന്നതും ദൈവിക വെളിപാടുകൾ ഉണ്ടാകുന്നതും മലമുകളിലാണ്. പ്രാർഥനയുടെ നിറവിൽ മറുരൂപം പ്രാപിക്കുന്നതും മലമുകളിലാണ്.

അപ്പസ്തോലന്മാർ യേശുവിന്റെ സ്നേഹിതരാണ് (യോഹ 15:15). അപ്പസ്തോല സംഘമെന്ന സ്നേഹവലയത്തിൽ രൂപപ്പെട്ട ആന്തരിക വലയയമാണ് (Inner Circle) പത്രോസും, യാക്കോബും, യോഹന്നനുമുള്ള ചെറുസംഘം. മലയിൽ ഈ ചെറുസംഘത്തെ യേശു കൊണ്ടുപോകുന്നത് തന്റെ പീഡാസഹനവും മരണവും ദൈവനിശ്ചയമാണെന്ന ബോധ്യം നല്കാനാണ്. മാത്രമല്ല പത്രോസ് അപ്പസ്തോല സംഘത്തിന്റെ വക്താവെന്ന നില

യിലും യാക്കോബും യോഹന്നാനും തന്റെ രാജ്യത്തിൽ പങ്കു ചോദിച്ചു വരെന്ന നിലയിലുമാണ് യേശു അവരെ മലമുകളിൽ കൊണ്ടു പോകുന്നത്.

**ശ്രവണം**

മേഘത്തിലെ സ്വരം പ്രലോഭകനെ ശ്രവിക്കാനോ ജഡികരായ ഈ ലോകനേതാക്കളെ കേൾക്കാനോ അല്ല മറിച്ച് യേശുവിനെ ശ്രവിക്കാനാണ് ആഹ്വാനം ചെയ്യുന്നത്. യേശുവിനെ ശ്രവിക്കണമെങ്കിൽ ഒരു 'എഫാത്ത' കർമ്മത്തിലൂടെ അടഞ്ഞുപോയ കാതുകൾ തുറക്കപ്പെടണം (മർ 7:32-35). അല്ലെങ്കിൽ ഇതാണ് ദൈവസ്വരമെന്ന് ഇളം തലമുറക്കാരെ ബോധ്യപ്പെടുത്തുന്ന ഗുരുവായ ഒരു ഏലി ഉണ്ടാകണം (1 സാമു 3:8-9).

കേൾവി കർമ്മത്തിലേക്ക് നയിച്ചില്ലെങ്കിൽ യാക്കോബ് ശ്ലീഹാ പറയുന്നതുപോലെ നമ്മൾ വചനം കേൾക്കുന്ന ആത്മവഞ്ചകരാകും (യാക്കോബ് 1:22). വചനം ആത്മാവും, ജീവനുമാണ് (യോഹ 6:63). അത് ആത്മാവിന് പുതുജീവൻ നല്കുകയും, ഹൃദയത്തെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു (സങ്കീ 19:7-8). അതുകൊണ്ടാകണം വി.സിസിലി എവിടെ പോയാലും സുവിശേഷത്തിന്റെ ചെറിയ പതിപ്പ് ഹൃദയത്തോട് ചേർത്തു വയ്ക്കുമായിരുന്നു. കേൾവി കർമ്മമാകുമ്പോൾ നമ്മിൽ രൂപാന്തരീകരണം സംഭവിക്കും. അപ്പോൾ അവിടെ മുപ്പതും അറുപ്പതും നൂറും മേനി ഫലമുണ്ടാകും (മത്താ 13:8).

**ദർശനം**

ദൈവത്തിന്റെ മഹത്വം ദർശിച്ച മോശയുടെ മുഖം പ്രകാശിച്ചു. താബോറിൽ യേശുവിന്റെ മഹത്വം കണ്ട ശിഷ്യന്മാർക്ക് ഉൾവെളിച്ചം ലഭിച്ചു. തൽഫലമായി അവർക്ക് മോശയെയും ഏലിയായെയും കാണുവാൻ സാധിച്ചു. മോശ ദൈവത്തിന്റെ നിയമങ്ങൾ യഹൂദ ജനതയ്ക്ക് നല്കിയവനാണ്. ഏലിയ പ്രവാചകന്മാരിൽ ഏറ്റവും തീഷ്ണമതിയാണ്. യഹൂദ വിശ്വാസമനുസരിച്ച് ഇവർ ഇരുവരും ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവരാണ്. അവർ താബോർ മലയിൽ വന്നിരിക്കുന്നത് സ്വർഗ്ഗത്തിൽ നിന്നുമാണ്. ജീവിതത്തിൽ പ്രകാശമുള്ളവരാകാൻ യേശുവിനെ നാം നോക്കേണ്ടിയിരിക്കുന്നു. കാരണം യേശു ലോകത്തിന്റെ പ്രകാശമാണ്. യേശുവിനെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും (യോഹ 8:12). വൃദ്ധനായ ശിമയോനെ പോലെ യേശുവിന്റെ മുഖം ദർശിക്കാം അപ്പോൾ നമ്മൾ പ്രകാശിതരാകുകയും, രക്ഷ പ്രാപിക്കുകയും ചെയ്യും (ലൂക്ക 2:31-32). മനുഷ്യരെ മരങ്ങളായി (വസ്തുക്കളായി) കാണാതിരിക്കുവാൻ, എല്ലാം വ്യക്തമായി കാണുവാൻ യേശു ദർശനത്തിനായും സ്പർശനത്തിനായും പ്രാർത്ഥിക്കാം (മർ 8:22-25). മദർ തെരേസായുടെ അനുദിന ദിവ്യകാരുണ്യ ദർശനമാണ് അവളെ പ്രകാശമുള്ള വ്യക്തിയാക്കിയത്. അനാഥരിലും, പീഡിതരിലും, മുറിവേറ്റവരിലും ക്രിസ്തുവിനെ കാണുവാനുള്ള വെളിച്ചം വിശുദ്ധരെല്ലാം നേടിയത് ദിവ്യകാരുണ്യദർശനത്തിലും, ദിവ്യബലി അനുഭവത്തിലുമാണ്.

**രൂപാന്തരീകരണം**

യേശുവിന് മലമുകളിൽ പ്രാർഥനയുടെ നിർവൃതിയിൽ രൂപാന്തരീകരണം സംഭവിക്കുന്നു. നമ്മുടെ ജീവിതത്തിലും പ്രാർഥനയുടെ നിറവിൽ രൂപാന്തരീകരണം നടക്കേണ്ടിയിരിക്കുന്നു. പാപം കൊണ്ട് പൊക്കം കുറഞ്ഞതാണ് നമ്മുടെ മനസ്സെങ്കിൽ നന്മ കൊണ്ട് പൊക്കം കൂട്ടുന്ന രൂപാന്തരീകരണം നടക്കേണ്ടിയിരിക്കുന്നു. ദുഷ്ടതയും അധർമവും നിറഞ്ഞതാണ് നമ്മുടെ ഹൃദയമെങ്കിൽ പ്രാർഥനയുടെ നിറവിൽ രൂപാന്തരീകരണം പ്രാപിച്ച് സ്നേഹവും കരുണയുമുള്ള തിരുഹൃദയമാകേണ്ടിയിരിക്കുന്നു. നമ്മുടെ നോട്ടത്തിൽ പിഴവുണ്ടെങ്കിൽ പ്രാർത്ഥനയുടെ ശക്തിയാൽ നോട്ടത്തിൽ രൂപാന്തരീകരണം നടത്തി യേശുവിന്റെ ദർശനശക്തി നാം നേടേണ്ടിയിരിക്കുന്നു. എങ്കിൽ യേശുവിനെപ്പോലെ നമുക്കു ചിന്തിക്കുവാൻ, കേൾക്കുവാൻ, കാണുവാൻ സാധിക്കും.

താബോർ മലയിൽ പ്രാർഥനയുടെ അവസരത്തിൽ പത്രോസ് ദൈവികസാന്നിധ്യം അനുഭവിച്ചു. ആ ദിവ്യാനുഭവം ലഭിച്ച പത്രോസ് മലമുകളിൽ ഇരിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ യേശു അത് അനുവദിക്കുന്നില്ല. കാരണം, പ്രാർഥന പ്രവർത്തനത്തിലേക്കുള്ള പ്രേരകമാണ്. മാനുഷിക ദുഃഖങ്ങളിൽ പങ്കെടുക്കുവാനുള്ള ആത്മാവിന്റെ വിളിയും ശക്തിയുമാണ്. താബോറിലെ പ്രാർഥനയുടെ തേജസ് ജറുസലെം താഴ്‌വരയിലെ ജനങ്ങളുടെ ആത്മരക്ഷയായി, നന്മയായി തീർന്നതുപോലെ നമ്മുടെ പ്രാർഥനകൾ നമ്മുടെ കർമമേഖലകളെ ശക്തിപ്പെടുത്തുന്നതാകണം. ■

# മാനസാന്തരത്തിനുള്ള അവസരങ്ങൾ

**തപസ്സുകാലം 3-ാം ഞായർ (മാർച്ച് 20)** പുറ. 3:1-8, 1കൊറി. 10:1-6, 10-12. ലൂക്ക്: 13:1-9

**ഫാ. പ്രബൽ ജെ.പി.**

മാനസാന്തരമെന്നാൽ, മനസ്സിന് സംഭവിക്കേണ്ട മാറ്റം - ഗ്രീക്കിൽ 'മെത്തനോയിയ', ഹീബ്രുവിൽ 'എബൈ' - സഞ്ചരിക്കുന്ന ദിശയിൽ നിന്നും എതിർദിശയിലേക്കു തിരിക്കുക എന്ന് വാച്യാർത്ഥം. നമ്മെ 'മെത്തനോയിയ' അഥവാ മാനസാന്തര അനുഭവത്തിലേക്ക് നയിക്കാൻ തന്റെ കാലഘട്ടത്തിലെ രണ്ടു സംഭവങ്ങൾ ലൂക്ക 13:1-4 ൽ യേശു പ്രതിപാദിക്കുന്നു. ജറുസലേം ദേവാലയത്തിൽ ബലിയർപ്പിക്കാൻ ഗലീലയിൽ നിന്നുവന്ന തീർത്ഥാടകരെ വിപ്ലവകാരികളായി മുദ്രകുത്തി പീലാത്തോ

> **അവധികഴിഞ്ഞാൽ ദൈവം വിധി നടപ്പാക്കും. അനേകം അവസരങ്ങൾ ലഭിച്ച, ലഭിക്കുന്ന നമുക്ക് അവ പരമാവധി പ്രയോജനപ്പെടുത്താം. 40 ദിവസത്തെ നോമ്പും ഉപവാസവും വീട്ടിലെ ചെലവുകളുടെ ഭാരം കുറയ്ക്കാനുള്ള കുറുക്കുവഴിയല്ല. മനസ്സിന്റെ ഭാരങ്ങൾ ഒഴിവാക്കാനുള്ള അവസരമാണെന്ന ഓർമപ്പെടുത്തലാണ് 'മെത്തനോയിയ'.**

സ് ദേവാലയത്തിൽവച്ചു വധിച്ചു. സീലോഹ കുളത്തിന് സമീപം ഗോപുരഭിത്തിയിടിഞ്ഞ് 18 ജറുസലേം നിവാസികൾ മരിച്ചു.

ഈ രണ്ടു സംഭവങ്ങൾ യേശു ഒന്നിച്ചു സൂചിപ്പിക്കുവാനുള്ള കാരണം, ഗലീലിയക്കാരെ പീലാത്തോസിന്റെ പടയാളികൾ കൊന്നതിന്റെ ഫലമായുള്ള ശാപമാണ് 18 ജറുസലേം നിവാസികൾ മരിക്കാനിടയാക്കിയതെന്ന ചിന്ത യഹൂദർ വച്ചുപുലർത്തി. നമ്മുടെ ജീവിതത്തിലെ കുറവുകൾക്ക്, വീഴ്ചയ്ക്ക് കാരണം ഞാനല്ല, മറ്റുള്ളവർ വഴിയുള്ള ശാപവും പാപവുമാണെന്ന് കരുതിയിരുന്ന, ഇന്നും കരുതുന്ന വ്യക്തികളോട് നിങ്ങളുടെ ജീവിതത്തിൽ മെത്തനോയിയ അഥവാ മാനസാന്തരം ഉണ്ടാകില്ല എങ്കിൽ നിങ്ങളും ഇതുപോലെ നശിക്കുമെന്ന് യേശുനാഥൻ ഓർമ്മപ്പെടുത്തുന്നു. ശാപവും നാശവുമെന്ന് നാം കരുതുന്നവ മാനസാന്തരത്തിനുള്ള അവസരങ്ങളെന്നു ചുരുക്കം. മാനസാന്തരം മനുജന് ആവശ്യമാണ്. കാരണം,

- നമ്മുടെ ജീവിതത്തിൽ എന്തൊക്കെ അനർഥങ്ങൾ എപ്പോഴൊക്കെ അഭിമുഖീകരിക്കേണ്ടി വരുമെന്ന് നമുക്കറിയില്ല, കൊറോണ പോലെ.
- ജീവിതത്തിൽ മാനസാന്തരത്തിന് ദൈവം നൽകുന്ന അവസരങ്ങൾ പാഴാക്കരുത്.
- മരണഭയം കൂടാതെ ജീവിക്കുവാനും മരണഭയം കൂടാതെ സ്വീകരിക്കുവാനും മാനസാന്തരം നമ്മെ സഹായിക്കും.

തന്റെ ശ്രോതാക്കളെ മാനസാന്തരചിന്തയിലേക്ക് നയിക്കാൻ അത്തിവൃക്ഷത്തിന്റെ ഉദാഹരണം യേശു നൽകുന്നു.

അത്തി നട്ട് മൂന്നുവർഷം കഴിഞ്ഞേ കായ്ക്കൂ. മൂന്നുവർഷമായി ഈ വൃക്ഷത്തിൽ നിന്നും ഫലമന്വേഷിക്കുന്നുവെന്ന് ഉടമ പറയുമ്പോൾ ആറുവർഷം പ്രായമായ മരമാകാനാണ് സാധ്യത. ഫലം തരുന്ന അത്തിമരം ഐശ്വര്യത്തിന്റെ പ്രതീകവും ഫലം തരാത്തത് അധോഗതിയുടെ സൂചനയുമായാണ് (ജോയെൽ. 1:7-12) ബൈബിൾ അവതരിപ്പിക്കുക.

എന്തുകൊണ്ടാവും ഉടമസ്ഥൻ അത്തിവൃക്ഷത്തെ വെട്ടിക്കളയാൻ കല്പിച്ചത്. മുന്തിരിച്ചെടികൾക്ക് വേണ്ടിയിരുന്ന വെള്ളവും വളവും കൂടി വലിച്ചെടുത്ത് വളർന്ന അത്തിവൃക്ഷം ഫലം നൽകിയില്ലെന്ന് മാത്രമല്ല, മുന്തിരിച്ചെടികളെക്കൂടി ഫലശൂന്യങ്ങളാക്കുകയാണ് ചെയ്തത്. നമ്മിൽ ചിലർ അങ്ങിനെയാണ്. തമ്പുരാനിൽ നിന്നും കരുണ ആവോളം സ്വീകരിച്ചിട്ട് ലഭിച്ച കരുണയുടെ ഒരംശംപോലെ മറ്റുള്ളവർക്ക് നൽകിയില്ല. സഭയുടെയും സമുദായത്തിന്റെയും പേരിൽ നേട്ടങ്ങൾ സ്വന്തമാക്കിയശേഷം മറ്റുള്ളവരെ സഹായിക്കേണ്ട ഉത്തരവാദിത്വം മറക്കുന്നവരും ഇക്കൂട്ടത്തിൽപ്പെടും. മൂന്നുകാര്യങ്ങൾ ഇവിടെ ചിന്തനീയമാണ്. ഒരു വർഷത്തെ അവധിചോദിക്കുന്ന പ്രതീക്ഷാനിർഭരനായ തോട്ടക്കാരൻ, മൂന്നുവട്ടം തന്നെ തള്ളിപ്പറഞ്ഞിട്ടും പത്രോസിൽ പ്രതീക്ഷവച്ച തമ്പുരാൻ, നമ്മിൽ പ്രതീക്ഷവയ്ക്കുന്ന അനേകരുണ്ട് എന്നത് ഓർമപ്പെടുത്തലാണ്.

തന്റെ ശുശ്രൂഷയുടെ കുറവുകൊണ്ടാണ് അത്തിവൃക്ഷം ഫലം പുറപ്പെടുവിക്കാത്തതെങ്കിൽ അത് പരിഹരിക്കുവാനുള്ള തോട്ടക്കാരന്റെ എളിമപ്പെടൽ. 'ഞാൻ അതിന്റെ ചുറ്റും കിളച്ച് വളമിടാം' അധ്വാനത്തിന് അനുസൃതമായ ഫലം ലഭിക്കുന്നില്ലെന്ന ചിന്ത ആത്മശോധന ജീവിത്തിൽ അവശ്യഘടകമാക്കുന്നു. അവ തിരുത്തലുകൾക്ക് സഹായമാകുന്നു.

അവധികഴിഞ്ഞാൽ ദൈവം വിധി നടപ്പാക്കും. അനേകം അവസരങ്ങൾ ലഭിച്ച, ലഭിക്കുന്ന നമുക്ക് അവ പരമാവധി പ്രയോജനപ്പെടുത്താം. 40 ദിവസത്തെ നോമ്പും ഉപവാസവും വീട്ടിലെ ചെലവുകളുടെ ഭാരം കുറയ്ക്കാനുള്ള കുറുക്കുവഴിയല്ല. മനസ്സിന്റെ ഭാരങ്ങൾ ഒഴിവാക്കാനുള്ള അവസരമാണെന്ന ഓർമപ്പെടുത്തലാണ് 'മെത്തനോയിയ'.

# കെ ആർ എൽ സി ബി സി കുടുംബ സംഗമവും കൺവൻഷനും

തിരുവനന്തപുരം : ആഗോള കത്തോലിക്കാ കുടുംബ വർഷാചരണത്തിന്റെ ഭാഗമായി കെ ആർ എൽ സി ബി സി കുടുംബ സംഗമവും ഫാമിലി കൺവെൻഷനും സംഘടിപ്പിക്കുന്നു. കേരളത്തിലെ 12 ലത്തീൻ രൂപത കളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തോളം കുടുംബാംഗങ്ങൾ പങ്കെടുക്കുന്ന സംഗമം 2022 മാർച്ച് 26, 27 തിയതി കളിലായി അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ബസ്ലിക്കയിൽ നടക്കും. മാർച്ച് 27 ന് രാവിലെ 8.30 ന് കെ ആർ എൽ സി ബി സി ചെയർമാൻ ബിഷപ്പ് ഡോ ജോസഫ് കാരിക്കാശ്ശേരിയുടെ അധ്യക്ഷതയിൽ നടക്കുന്ന സംഗമം അലക്സാണ്ടർ ജേക്കബ്ബ് ഐ പി എസ് ഉദ്ഘാടനം ചെയ്യും. പ്രൊഫ. ഗോപിനാഥ് മുതുകാട് മുഖ്യ പ്രഭാഷണം നടത്തും. തുടർന്നു നടക്കുന്ന ദിവ്യബലിയിൽ തിരുവനന്തപുരം അതിരൂപത മെത്രാപ്പോലിത്ത ഡോ തോമസ് ജെ നെറ്റോ മുഖ്യ കാർമ്മികത്വം വഹിക്കും. വൈകീട്ട് 3 ന് നടക്കുന്ന സമാപന സമ്മേളനം സംസ്ഥാന ഗതാഗത വകുപ്പുമന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യും.

# സ്നേഹത്തിൽ ധൂർത്തനായപിതാവ്

**തപസുകാലം 4-ാം ഞായർ (മാർച്ച് 27)** ജോഷ്വ 5: 10-12, 2 കോറി. 5:17-21. ലൂക്ക്: 15:1-3. 11-32

**ഫാ. ലോറൻസ് കുലാസ്**

യേശു ഉപമകളിൽ ഏറ്റവും ഹൃദ്യവും മനോഹരവുമായ ഒരു ചെറുകഥയാണ് സ്നേഹത്തിൽ ധൂർത്തനായ പിതാവിന്റെ കഥ. ധൂർത്തപുത്രനല്ല, രണ്ടു പുത്രന്മാരുടെ പിതാവാണ് കഥയിലെ മുഖ്യകഥാപാത്രം. അദ്ദേഹം ധൂർത്തടിക്കുന്ന സ്നേഹവും കരുണയും ക്ഷമയും നമ്മുടെ എല്ലാ പ്രതീക്ഷകൾക്കും കണക്കുകൂട്ടലുകൾക്കും അപ്പുറമാണ്. ഇവിടെ തന്റെ സ്നേഹസന്നിധിയിലേക്ക് മടങ്ങിവരുന്ന പാപികൾക്ക് നിരുപാധികമായ സ്നേഹവും അഗാധമായ ക്ഷമയും പ്രകടിപ്പിക്കുന്ന സ്നേഹനിധിയായ ഒരു പിതാവായ ദൈവത്തെ സുവിശേഷകൻ ചിത്രീകരിക്കുന്നു.

ഫരിസേയരും നിയമജ്ഞരും യേശുവിനെതിരെ ഉന്നയിക്കുന്ന ആരോപണങ്ങൾക്കെതിരേ, പ്രത്യേകിച്ച് പാപികളോടുള്ള യേശുവിന്റെ സ്നേഹസമീപനത്തിനെതിരെ, മറുപടി നൽകാൻ ഈ ഉപമ മറുപടി നൽകുന്നു. ഇക്കൂട്ടരുടെ മനോഭാവമാണ് കഥയിലെ മൂത്തമകനിൽ നിഴലിക്കുന്നത്. അനുജന്റെ പാപകരവും വഴിതെറ്റിയതുമായ ജീവിതത്തെ മാത്രമല്ല, അവനോട് പിതാവ് പ്രകടമാക്കുന്ന ആഴമായ സ്നേഹത്തെയും അടുപ്പത്തെയും മൂത്തമകൻ വിമർശിക്കുന്നു. എന്നാൽ ഇളയമകന് മാപ്പുനൽകിയ തന്നോട് അസന്തുഷ്ടി കാട്ടുന്ന മൂത്തമകനെയും നിരുപാധികം സ്നേഹിക്കാൻ പിതാവ് തയ്യാറാണ്.

യേശുവിലൂടെ ദൈവം പ്രഖ്യാപിക്കുന്ന സ്നേഹസാമ്രാജ്യത്തിന്റെ പരപ്പ് വിശദമാക്കുകയാണ് ഈ ഉപമ. ദൈവത്തിന്റെ തീവ്രവുംഅഗാധവുമായ സ്നേഹം ഏവർക്കും വേണ്ടിയുള്ളതാണ്. അതിന് പരിമിതികൾ നിശ്ചയിക്കപ്പെടുന്നില്ല. പാപികളോടുള്ള തന്റെ സഹവർത്തിത്വത്തിലൂടെയും അവർക്കുവേണ്ടിയുള്ള നിലപാടുകളിലൂടെയും പിതാവിന്റെ നിസീമമായ സ്നേഹം യേശു അവർക്ക് കാണിച്ചുകൊടുത്തു. സ്വയം നീതീകരിക്കുന്നവരും (15:29-30)കോപിഷ്ഠരും കാണാതായതു കണ്ടെത്തിയതിൽ ആഹ്ലാദിക്കാത്തവരുമായ (15:31-32) തന്റെ സമകാലികരുടെ പോർവിളികളെ അവഗണിച്ച് 'നസ്രത്ത് മാനിഫെസ്റ്റോ' യിലെ പ്രഖ്യാപനത്തെ (4:1819) യേശു ഇവിടെ അർത്ഥപൂർണമാക്കുന്നു.

കഥയ്ക്ക് ഒരു തുറന്ന സമീപനമാണ് ഉള്ളത്. ഇപ്രകാരമുള്ള കഥകളിൽ നിന്നോ ആഖ്യാനങ്ങളിൽ നിന്നോ ശ്രോതാക്കൾ അവർക്കുമുന്നിൽ അവതരിപ്പിക്കപ്പെട്ടതിൽ നിന്ന് അവരുടെ നിഗമനങ്ങൾ കണ്ടെത്തണം. ഇവിടെ മൂത്തമകന് എന്തുസംഭവിച്ചുവെന്ന് പറയാതെയാണ് കഥ അവസാനിക്കുന്നത്. അവൻ പിതാവിന്റെ ഭവനത്തിൽ പ്രവേശിച്ചോ? അതിനുള്ളിൽ നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തോ? ശ്രോതാക്കൾക്കറിയില്ല. എങ്കിലും നമുക്ക് ഈ കഥയിൽ നിന്ന് ചിലതൊക്കെ ഉൾക്കൊള്ളാം.

ഒന്ന്, ദൈവത്തിന്റെ നിരുപാധിക ക്ഷമയും സ്നേഹവും യേശുവിലൂടെ സകലർക്കും നൽകപ്പെടുന്നു. ദൈവത്തിന്റെ ഈ മഹാമനസ്കതയോട് ഞാൻ അസന്തുഷ്ടി പ്രകടമാക്കാൻ പാടില്ല. മറിച്ച്, അതിൽ ആനന്ദിക്കണം. രണ്ട്, ദൈവം നമ്മെ അംഗീകരിക്കുകയും നമുക്ക് മാപ്പുതരികയും ചെയ്യുന്നതുപോലെ നാമും അന്യോന്യം അംഗീകരിക്കുകയും അനുരഞ്ജിതരായി കഴിയുകയും വേണം. സമൂഹത്തിൽ മതിലുകളും തടസങ്ങളും നാം സൃഷ്ടിക്കുമ്പോൾ ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം പ്രാപിക്കാൻ നമുക്ക് കഴിയാതെ പോകും. മൂന്ന്, നാം പാപികളായിരിക്കുമ്പോഴും അനുതപിക്കുന്നതിനു മുമ്പുതന്നെ, ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവത്തിന് നമ്മോടുള്ള ഈ സ്നേഹം അനുരഞ്ജന കൂദാശയിലൂടെ സ്വീകരിക്കാൻ നാം ക്ഷണിക്കപ്പെടുന്നു. 'ദൈവസ്നേഹം ഒരു സമുദ്രം പോലെയാണ്. അതിന്റെ ആരംഭം കാണാനാകും, പക്ഷേ അതിന്റെ അവസാനം കാണാനാകില്ല. ■

**ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവത്തിന് നമ്മോടുള്ള ഈ സ്നേഹം അനുരഞ്ജന കൂദാശയിലൂടെ സ്വീകരിക്കാൻ നാം ക്ഷണിക്കപ്പെടുന്നു. 'ദൈവസ്നേഹം ഒരു സമുദ്രം പോലെയാണ്. അതിന്റെ ആരംഭം കാണാനാകും, പക്ഷേ അതിന്റെ അവസാനം കാണാനാകില്ല.**

നീർച്ചാൽ

# നിയമം+നീതി= ക്രിസ്തു

**തപസുകാലം 5-ാം ഞായർ (ഏപ്രിൽ 03)** ഏശ. 43:16-21. ഫിലി. 5: 8-14. യോഹ. 8:1-11

**ഫാ. വർഗീസ് ജോസഫ്**

ക്രിസ്തുവും നമ്മളും തമ്മിൽ വ്യത്യസ്തമാക്കപ്പെടുന്നത് ഏത് തലത്തിൽ നിന്നു കൊണ്ടാണ്? ഒരായിരം കാര്യങ്ങൾ എടുത്തുപറയാൻ ഉണ്ടായിരിക്കുമ്പോഴും ഒരു കാര്യം എടുത്തുപറയേണ്ടിവരും. അത് കാഴ്ചപാടിന്റെ വ്യത്യാസമാണ്.

ക്രിസ്തു കണ്ട കണ്ണുകളിലൂടെയല്ല നമ്മൾ കാണുന്നത്. ക്രിസ്തു കേട്ട കാതുകളിലൂടെയല്ല നാം കേൾക്കുന്നത്. ക്രിസ്തു സംസാരിച്ച നാവിലൂടെയല്ല നാം സംസാരിക്കുന്നത്.

സുവിശേഷത്തിൽ പാപിനിയായ സ്ത്രീയെ രണ്ടു കണ്ണുകൾ വിധിക്കുന്നതിനുപിന്നിൽ നിന്ന് നിയമത്തിന്റെ കണ്ണുകളും മുന്നിൽ നിന്ന് ക്രിസ്തുവിന്റെ കണ്ണുകളും. നിയമജ്ഞരും ഫരിസേയരും നിയമത്തിന്റെ സാധുതകളെ പരമാവധി വളച്ചൊടിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ നിയമമായിരുന്നു എല്ലാ പ്രശ്നങ്ങളുടെയും അളവുകോലായി അവർ സൂക്ഷിക്കുന്നത്. അവൾക്കെതിരെ അവരുടെ ആരോപണം ഇങ്ങനെയാണ് : 'ഗുരോ ഈ സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ്. ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശയുടെ നിയമം കല്പിച്ചിരിക്കുന്നത്' (യോഹ. 8:4-5). ക്രിസ്തു നിയമത്തെ ശ്രദ്ധയോടെ നോക്കിക്കണ്ടവനാണ്. ഒരിക്കലും നിയമത്തെ താറടിച്ചു കാണിക്കുവാൻ അവൻ ആഗ്രഹിച്ചിട്ടുമില്ല. അതിനാൽ തന്നെ നിയമത്തെ വളച്ചൊടിക്കുന്നവരുടെ മുമ്പിൽ ക്രിസ്തു നിയമത്തെ ധ്യാനിച്ചു. ലേവ്യരുടെ പുസ്തകം 20:10 പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്: 'ഒരുവൻ അയൽക്കാരന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്താൽ അവനും അവളും മരണശിക്ഷ അനുഭവിക്കണം. വീണ്ടും നിയമാവർത്തനം 22:22 ൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്: അന്യന്റെ ഭാര്യയോടൊത്ത് ഒരുവൻ ശയിക്കുന്നത് കണ്ടുപിടിച്ചാൽ ഇരുവരെയും - സ്ത്രീയേയും പുരുഷനേയും വധിക്കണം. നിയമത്തിന്റെ കൃത്യതയെ ക്രിസ്തു ധ്യാനിച്ചു എന്നുമാത്രമല്ല അതിന്റെ നീതി ബോധത്തെയും അവൻ ചൂണ്ടിക്കാട്ടി. 'നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ (യോഹ. 8:7). അതാണ് ശരി. ആരൊക്കെ ഇവളോടൊപ്പം കിടക്കപങ്കിട്ടിട്ടുണ്ടോ അവരെല്ലാം കൊല്ലപ്പെടണം എന്നതാണ് നിയമം. മറുവശം ചിന്തിച്ചാൽ കല്ലെറിയാത്തവരെല്ലാം ഇപ്പോൾ വധിക്കപ്പെടണം.

> **നിയമത്തിന്റെ കൃത്യതയിൽ കരുണയുടെ നീതിബോധത്തിന്റെ ഒരു തലമുണ്ട്. നിയമത്തിൽ മാത്രം കുരുങ്ങിപ്പോയവർക്ക് ക്രിസ്തു ശത്രുവായിരുന്നു. നിയമത്തിന്റെ മുകളിലെത്തിയവർക്ക് ക്രിസ്തു രക്ഷകനായിരുന്നു**

ക്രിസ്തുനാഥൻ നിയമത്തിന് അപ്പുറമുള്ള ഒരു കാഴ്ച കാണിച്ചുകൊടുത്തു. കരുണകൊണ്ട് പൊതിയുന്ന ഓരോ മനുഷ്യരും പുതിയൊരു സൃഷ്ടിയാകും എന്നതിൽ സംശയമില്ല. നിയമങ്ങളും ചട്ടക്കൂടുകളും ഒരാളുടെ നന്മയെ പുറത്തെടുക്കാനായിരിക്കണം എന്ന ബോധ്യം കൃത്യമായി ക്രിസ്തുവിന് ഉണ്ടായിരുന്നു. അതുകൊണ്ട് അവൻ പറഞ്ഞു: പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത് (യോഹ. 8:11).

രണ്ടാംവായനയിൽ പൗലോസ് അപ്പസ്തോലൻ ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ ഇത് ഓർമ്മിപ്പിക്കുന്നുണ്ട്. എനിക്ക് നിയമത്തിൽ നിന്നുള്ള നീതിയല്ല ഉള്ളത്: പിന്നയോ ക്രിസ്തുവിലുള്ള വിശ്വാസം വഴി ലഭിക്കുന്ന നീതിയാണ് (ഫിലി. 3:9)

നിയമത്തിന്റെ കൃത്യതയിൽ കരുണയുടെ നീതിബോധത്തിന്റെ ഒരു തലമുണ്ട്. നിയമത്തിൽ മാത്രം കുരുങ്ങിപ്പോയവർക്ക് ക്രിസ്തു ശത്രുവായിരുന്നു. നിയമത്തിന്റെ മുകളിലെത്തിയവർക്ക് ക്രിസ്തു രക്ഷകനായിരുന്നു. ഇനിയും രക്ഷകനിലേക്ക് എത്ര ദൂരം? ■

# ഓശാന

**കുരുത്തോല ഞായർ (ഏപ്രിൽ 10)** ഏശ. 50: 4-7, ഫിലി. 2: 6-11, ലൂക്ക. 22: 14-23; 56

**ഫാ. ഡൈസൻ**

യവന ചിന്തകനായ സോക്രട്ടീസ് പറയുന്നു: പരിശോധിക്കപ്പെടാത്ത ജീവിതം ജീവിത യോഗ്യമല്ല. നമ്മുടെ ജീവിതത്തെ പരിശുദ്ധമാക്കാൻ, പരിശോധിക്കാൻ തിരുസഭ മാതാവ് നമുക്ക് നല്കുന്ന പുണ്യദിനങ്ങളാണ് വിശുദ്ധവാരം. ഓശാന വിശുദ്ധ വാരത്തിന്റെ വാതിലാണ്, കവാടമാണ്.

### 1. ഓശാന ഒരുക്കമാണ്

നിസാൻ മാസം 14-ാം തീയതി യഹൂദരുടെ പെസഹാ തിരുനാളാണ്. പെസഹാ തിരുനാളിന് 4 ദിവസം മുമ്പ് വൈകല്യമില്ലാത്ത, കറപുരളാത്ത, ഊനമറ്റ ഒരു മുട്ടാടിനെ പെസഹാബലിക്കു വേണ്ടി തിരഞ്ഞെടുത്ത് യഹൂദ ഭവനങ്ങളിൽ സൂക്ഷിക്കും. പെസഹാ തിരുനാളിന് നാലു ദിവസം മുൻപ് അതായത് ഓശന ഞായറിലാണ് തന്നെത്തന്നെ ബലിയർപ്പിക്കുവാനുള്ള കുഞ്ഞാടായി തെരഞ്ഞെടുക്കുന്നത്. ഓശാന യഥാർത്ഥത്തിൽ പെസഹാ ബലിക്കുവേണ്ടിയുള്ള ഒരുക്കത്തിന്റെ ദിനങ്ങളാണ് !

ഒരുക്കം നോഹയെയും കുടുംബത്തെയും ജലപ്രളയത്തിൽ നിന്നും രക്ഷപ്പെടുത്തുമ്പോൾ ഒരുക്കമില്ലായ്മ ലോകത്തെ മുഴുവനും (ഉല്പത്തി 7:21), ഈ ലോകത്ത് 969 ജീവിച്ച മെത്ത്ശെലഹിനെ (ഉല്പത്തി 5:27) പോലും പ്രളയത്തിൽ ആഴ്ത്തി കളയുന്നു. ഒരുക്കം ലോത്തിനെയും മക്കളെയും അഗ്നി വർഷത്തിൽ നിന്ന് രക്ഷിക്കുമ്പോൾ ഒരുക്കമില്ലായ്മ ലോത്തിന്റെ ഭാര്യയെ ഉപ്പുതൂണാക്കി മാറ്റുന്നു (ഉല്പത്തി 19:26). ഒരുക്കം വിവേകമതികളെ, മണവാളന്റെ വിരുന്നിന് അർഹരക്കുമ്പോൾ (മത്താ 25:1-13). ഒരുക്കമില്ലായമ് വിവേകരഹിതകളെ അതിന് അനർഹരാക്കുന്നു. ഒരുക്കം ജീവിതത്തെ ചലനമുള്ളതാക്കി മാറ്റുന്നു; കരുത്തുള്ളതാക്കി തീർക്കുന്നു, ജീവനുള്ളതാക്കി മാറ്റുന്നു; ഒരുക്കം രക്ഷയെന്ന വലിയ ദാനം നല്കി ജീവിതത്തെ സമ്പന്നമാക്കുന്നു.

ലോകം മുഴുവനും വിവേകാന്ദനു വേണ്ടിയുള്ള തിരച്ചലിലായിരുന്നു. അവസാനം ഒരു കുടിലിൽ അദ്ദേഹത്തെ കണ്ടെത്തി. പത്രക്കാരിൽ ഒരാൾ ചോദിച്ചു. ഈ ലോകം മുഴുവനും അങ്ങയെ തേടുമ്പോൾ അങ്ങ് ഇവിടെ എന്ത് ചെയ്യുന്നു? I am preparing, preparing for death. മരണത്തിനു വേണ്ടി ഞാൻ ഒരുങ്ങുന്നു. യേശുവും ഓശാന ഞായർ മുതൽ പെസഹാ വ്യാഴം വരെ മരണത്തിനു വേണ്ടി ഒരുങ്ങുകയായിരുന്നു. യേശുവിന്റെ ജനനത്തിൽ 2 വയസ്സിനു താഴെയുള്ള ആൺകുട്ടികൾ പാലസ്തീനായിൽ വധിക്കപ്പെടുമ്പോൾ യേശുവിന്റെ മരണത്തിൽ ലോകം മുഴുവനും രക്ഷ പ്രാപിക്കുന്നു. ലോകം മുഴുവനെയും രക്ഷിക്കുവാൻ വേണ്ടി യേശു തന്നെത്തന്നെ ബലികുഞ്ഞാടാക്കി മരണത്തിനുവേണ്ടി ഒരുങ്ങിയ ദിനമാണ് ഓശാന ഞായർ.

**ഇന്ന് യേശു വരുന്നത് ഹൃദയപീഠം തേടിയാണ് അതുകൊണ്ട് വഴിപിഴക്കാത്ത ഹൃദയത്തോടു കൂടി, കഠിനമാകാത്ത ഹൃദയത്തോടുകൂടി, ശിലാതുല്യമല്ലാത്ത ഹൃദയത്തോടു കൂടി യേശുവിനെ സ്വീകരിക്കാം**

### 2. ഓശാന ദൈവത്തിനുള്ളത്

യഹൂദരുടെ തിരുനാളുകളിൽ വലിയ തിരുനാൾ പെസഹാ തിരുനാളാണ്! ലോകം മുഴുവനുമുള്ള യഹൂദ ജനങ്ങൾ അവരുടെ ഏക ദേവാലയമായ ജെറുസലേം ദൈവാലയത്തിൽ ഒരുമിച്ച് കൂടുന്ന പുണ്യദിനം. ജെറുസലേം റോമൻ ആധിപത്യത്തിലായിരുന്നു. തിരുനാളിന്റെ സുരക്ഷാ ക്രമീകരണങ്ങൾ നടത്തിയിരുന്നത് റോമൻ ഗവർണ്ണർമാരാണ്. അവർ രാജകീയ പരിവാരത്തോടും അകമ്പടിയോടും കൂടെ നിസാൻ മാസം 10-ാം തീയതിയാണ് വന്നിരുന്നത്. സീസറിനെ ദൈവമായി ആരാധിച്ചിരുന്ന റോമാ ഭക്തർ ഗവർണ്ണർമാരെ നോക്കി ഇങ്ങനെ പറഞ്ഞിരുന്നു. ദൈവമേ ഞങ്ങളെ രക്ഷിക്കണമേ! ഓശാന എന്ന ഹീബ്രുവാക്കിന്റെ അർത്ഥം ഇപ്പോൾ രക്ഷിച്ചാലും എന്നാണ്. റോമാഭക്തർ രക്ഷിക്കാൻ കഴിവില്ലാത്ത വെറും പൊടിയും ചാരവുമായ, മണ്ണോടു മണ്ണായി തീരുന്ന മനുഷ്യരോടാണ് രക്ഷിക്കാൻ ആവശ്യപ്പെടുന്നതും ഓശാന പ്രാർത്ഥന നടത്തുന്നതും ഹെബ്രായാകാർക്കെഴുതിയ ലേഖനം പറയുന്നതുപോലെ രക്ഷിക്കാൻ കഴിവുള്ള ദൈവത്തോടാണ് പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യേണ്ടത് (ഹെബ്ര 5:7).

നെബുക്കത്ത്നേസർ മൂന്നു യഹൂദ യുവാക്കാന്മാരെ അഗ്നിയിലേക്ക്

എറിഞ്ഞു. രക്ഷിക്കുവാൻ കഴിവുള്ള ദൈവത്തോട് അവർ ഓശാന പ്രാർത്ഥന എത്തിച്ചു. ദൈവം തന്റെ ദൂതനെ അയച്ച് അത്ഭുതകരമായി അവരെ രക്ഷിച്ചു (ദാനി 3:1-50). ദാരിയുസ് രാജാവ് ദാനിയേലിനെ സിംഹക്കുഴിയിലെറിഞ്ഞു. ദാനിയേലിന്റെ ഓശാന യാചന ദൈവസന്നിധിയിലുയർന്നു. ദൈവം അവനെ അത്ഭുതകരമായ രീതിയിൽ രക്ഷപ്പെടുത്തി (ദാനി 6:16-22). രക്ഷിക്കാൻ കഴിവുള്ള ദൈവത്തെ നോക്കി സുസന്ന നിലവിളിച്ചു. ദൈവം ദാനിയേലിനെ അയച്ചു അവളെ രക്ഷപ്പെടുത്തി. കർത്താവേ, ദാവീദിന്റെ പുത്രാ എന്നിൽ കനിയണമെന്നുള്ള കാനാൻകാരിയുടെ കണ്ണുനീരിൽ കുതിർന്ന നിലവിളിക്ക് യേശു ഉത്തരം നല്കുന്നത് അവളുടെ മകളുടെ സൗഖ്യത്തിലൂടെയാണ് (മത്തായി 15:21-28). പത്തു കുഷ്ഠരോഗികൾ യേശുവിനോട് ഓശാന പ്രാർത്ഥയുർത്തി; യേശുവേ, ഗുരോ ഞങ്ങളിൽ കനിയണമേ അവരുടെ യാചനയ്ക്ക് യേശു സൗഖ്യത്തിലൂടെ ഉത്തരം നല്കി (ലൂക്ക 17:11-19). രക്ഷിക്കാൻ കഴിവുള്ള ദൈവത്തിന് മാത്രമേ ഓശാന പാടേണ്ടതുള്ളൂ.

### 3. ഓശാന ഹൃദയപീഠം തേടിയുള്ള യാത്ര

പ്രണരക്ഷാർത്ഥം ദൈവസന്നിധിയിൽ ഉയർത്തിയ നിലവിളിയായ ഓശാന കാലാന്തരത്തിൽ യുദ്ധത്തിൽ വിജയിച്ചുവരുന്ന രാജാവിനെ വരവേൽക്കുന്ന സ്വാഗതാശംസ്സയായി, മംഗളാശംസ്സയായി മാറി. യേശു ജെറുസലേമിലെത്തിയപ്പോൾ ജനങ്ങൾ ഓശാന പാടി എതിരേറ്റു. യേശു ജെറുസലേമിലേക്ക് വരുന്നത് ബലിപീഠം തേടിയാണ്. യേശുവെന്ന പെസഹാ കുഞ്ഞാട് ബലിയായി തീരേണ്ട യാഗപീഠം തേടിയാണ്. ഓശാന സങ്കീർത്തനം 118:27-ാം വാക്യത്തിന്റെ പൂർത്തികരണമാണ്. മരചില്ലകളേന്തി പ്രദക്ഷിണം തുടങ്ങുവിൻ; ബലിപീഠത്തിലേക്ക് നീങ്ങുവിൻ. ഇന്ന് യേശു വരുന്നത് ഹൃദയപീഠം തേടിയാണ് അതുകൊണ്ട് വഴി പിഴക്കാത്ത ഹൃദയത്തോടു കൂടി, കഠിനമാകാത്ത ഹൃദയത്തോടുകൂടി, ശിലാതുല്യമല്ലാത്ത ഹൃദയത്തോടു കൂടി യേശുവിനെ സ്വീകരിക്കാം (സങ്കീ 95:8-10).

മൂത്ത ഓലകളെ പോലെ ഹൃദയത്തെ കഠിനമാക്കാതിരിക്കാം, ഇളം കുരുത്തോലകളെ പോലെ മാംസളമാക്കാം! ■

# കല്ലറയിൽ നിന്നും സമാധാനം

**ഈസ്റ്റർ ഞായർ (ഏപ്രിൽ 17)**

അപ്പോ. പ്ര. 10;34; 37-43. കൊളോ. 3:1-4, യോഹ. 20: 1-9

**ഫാ. പ്രബൽ ജെ.പി.**

യേശുവിന്റെ ശരീരത്തിന്റെ അവശിഷ്ടങ്ങൾ ഗവേഷകർ ഇന്ന് കണ്ടെത്തിയാൽ എന്ത് സംഭവിക്കും? വിചിത്രമായ ഈ ഭാവനയെ ആധാരമാക്കി നിർമ്മിച്ച സിനിമയാണ് 'ദി ബോഡി'. സിനിമയുടെ ഇതിവൃത്തമെന്നത് യേശുവിന്റെ കല്ലറപരിശോധിച്ച ഗവേഷകർ 2000 കൊല്ലം പഴക്കമുള്ള ഒരുമൃതശരീത്തിന്റെ ഭാഗങ്ങൾ കണ്ടെത്തുന്നു. ആളുകൾ അടക്കം പറയുന്നു. എല്ലാം തട്ടിപ്പായിരുന്നു. പതുക്കെ പള്ളികൾ അടഞ്ഞു. പല നാടുകളിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നവർ സ്വയം ശപിച്ചുകൊണ്ട് സ്വദേശത്തേക്ക് മടങ്ങി. സഭയുടെ അടിത്തറ ഇളകി. നാളുകൾ കഴിഞ്ഞപ്പോൾ ഒരു വൃദ്ധൻ ഏറ്റുപറഞ്ഞു: യേശുവിന്റെ കല്ലറയിൽ രണ്ടായിരം വർഷം പഴക്കമുള്ള ഈജിപ്ഷ്യൻ മമ്മിയെ എത്തിച്ചത് താനാണെന്ന്. ഇരുൾ നീങ്ങി, പള്ളികൾ വീണ്ടും തുറന്നു. മിഷണറിമാർ ഉഷാറായി. സിനിമയുടെ കഥ അവിടെ അവസാനിക്കുന്നു. എന്നാൽ അവന്റെ കല്ലറ ശൂന്യമായിരുന്നുവെന്നത് അസത്യമായാൽ കത്തോലിക്കാ വിശ്വാസം തന്നെ അസ്തമിക്കും. 1 കോറി. 15:14 'ക്രിസ്തു ഉയർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം.'

> **ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണുകയും ക്രിസ്തുവിന്റെ പ്രേഷിതദൗത്യം പൂർത്തീകരിക്കാൻ സഹകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ വിശ്വാസം ദുഃഖവെള്ളിവരെയേ എത്തുന്നുള്ളൂ.**

മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ സംസ്കാരങ്ങൾ ഉടലെടുത്തത് അടഞ്ഞ കല്ലറകളുടെ മുകളിലാണ്. ഈജിപ്തിൽ മമ്മികളും സിന്ധുനദീതടസംസ്കാരത്തിലെ കല്ലറക്കൂട്ടങ്ങളും പൂർവപിതാക്കന്മാരുടെ കല്ലറകളും ഈ യാഥാർത്ഥ്യത്തിലേക്കാണ് വിരൽചൂണ്ടുക. എന്നാൽ മനുഷ്യ ചരിത്രത്തിൽ ഒരിക്കൽ മാത്രം സ്വയം തുറക്കപ്പെട്ട കല്ലറയുടെ ചരിത്രമാണ് ഈസ്റ്ററിന് പറയാനുള്ളത്. ലോക ചരിത്രത്തിൽ മരിച്ചവർ ഉയർക്കും എന്ന ഭയത്താൽ ഒരേയൊരു കല്ലറയ്ക്കുമാത്രമേ സായുധപട്ടാളം കാവൽ നിന്നിട്ടുള്ളൂ. കാരണം മരിച്ച് മൂന്നാംനാൾ താൻ ഉയിർക്കുമെന്ന് യേശു പറഞ്ഞത് യഹൂദരും ഫരിസേയരും ഓർത്തു. എന്നാൽ താൻ ഉയിർത്തെഴുന്നേൽക്കുമെന്ന സത്യത്തെ പലതവണ പ്രവചിച്ചിട്ടും സ്വന്തം ശിഷ്യന്മാർ ആ യാഥാർഥ്യത്തെ ഗൗനിച്ചില്ല. മഗ്ദലനമറിയം ഉത്ഥിതനെ കണ്ട് തോട്ടക്കാരനെന്ന് തെറ്റിദ്ധരിച്ചു. ശൂന്യമായ കല്ലറ ആദ്യം കണ്ട സ്ത്രീകളും 'മരിച്ചവനെ' ആചാരപ്രകാര

മുള്ള സുഗന്ധതൈലം പൂശുവാനാണ് കല്ലറയിലേക്ക് പോകുന്നത്. അല്ലാതെ മൂന്നാംദിനം ഗുരു ഉയർത്തെഴുന്നേൽക്കുമെന്ന വിശ്വാസത്താലല്ല. മറ്റൊരു ശിഷ്യൻ ആണിപ്പഴുതുകളിൽ കൈവിരലിട്ടുനോക്കി വിശ്വസിക്കാൻ ശ്രമിച്ചു. എമ്മാവൂസിലേക്ക് പോയവരുടെകൂടെ ഉത്ഥിതൻ കിലോമീറ്ററുകൾ നടന്നിട്ടും അപ്പം മുറിച്ചപ്പോഴാണ് അവർ അവനെ തിരിച്ചറിഞ്ഞത്.

രണ്ടായിരം വർഷം കഴിഞ്ഞിട്ടും ഉത്ഥിതനായ ക്രിസ്തുവിൽ നാം വിശ്വസിക്കുന്നുണ്ടോ? ക്രൂശിതനെ അന്വേഷിക്കുകയും ക്രൂശിതന്റെ മുന്നിലിരുന്ന് പ്രാർഥിക്കുകയും ക്രൂശിതന്റെ വേദനകളെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുന്നത് നല്ലതുതന്നെ. എന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണുകയും ക്രിസ്തുവിന്റെ പ്രേഷിതദൗത്യം പൂർത്തീകരിക്കാൻ സഹകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ നമ്മുടെ വിശ്വാസം ദുഃഖവെള്ളിവരെയേ എത്തുന്നുള്ളൂ. അത് ഉയിർപ്പ് ഞായർ വരെ വളർച്ച പ്രാപിക്കാത്ത വിശ്വാസമാണ്. എന്റെ സഹനങ്ങളിൽ നിന്ന് എനിക്ക് രക്ഷയില്ല എന്ന് പരിതപിച്ച് നിരാശയിൽ നിപതിക്കുമ്പോൾ നാം ഉത്ഥാനത്തെ അവിശ്വസിക്കുകയാണ്.

കല്ലറയ്ക്കുള്ളിൽ നിന്നും പുറത്തുവന്നവൻ, കല്ലറയ്ക്കുള്ളിലാക്കിയവർക്കെതിരെ പടവാളുയർത്തുന്നതിന് പകരം സമാധാനാശംസയുമാണ് കടന്നുവന്നത്. കുറ്റം വിധിച്ച് വധശിക്ഷ നൽകിയവരോടും കൂടെ നിൽക്കാതെ ഓടിയൊളിച്ചവരോടും പരിഭവം ലേശവുമില്ലാതെ സമാധാനം ആശംസിച്ചപ്പോഴാണ് യഥാർത്ഥ ദൈവം സ്നേഹമാണെന്ന യാഥാർഥ്യം ലോകം മനസ്സിലാക്കിയത്. ഇളകിമറിയുന്ന തിരമാലകളുടെ മുമ്പിൽ നിന്നും 'ഭയപ്പെടേണ്ട ഇത് ഞാനാണ്' എന്നുച്ചരിച്ച അതേ നാവുതന്നെ പറയുന്നു 'നിങ്ങൾക്ക് സമാധാനം.' കാറ്റിനെ ശാസിച്ചവന്, കടലിനെ ശാന്തമാക്കിയവന് സമാധാനം നൽകാനാവില്ലേ, അവൻ നൽകുന്ന സമാധാനം സ്വീകരിക്കുവാൻ ഞാൻ ഒരുങ്ങിയോ? ഒരുക്കമാണോ? നാല്പതുദിവസത്തെ ഉപവാസത്തിലൂടെ നാം ക്രിസ്തുവിന്റെ ഉയിർപ്പിനായി ഒരുങ്ങുകയായിരുന്നു. ഈ കാലയളവിൽ നാം പലതും ഉപേക്ഷിച്ചു. എന്നാൽ ഉയിർപ്പിനുശേഷം പഴയ ജീവിതത്തിലേക്ക് മടങ്ങിയ ശിഷ്യന്മാരെപ്പോലെ ഇത്രയും നാളത്തെ ഉപവാസത്തിന്റെയും പ്രാർഥനയുടെയെയും ചൈതന്യം ഉപേക്ഷിക്കാനുള്ള പ്രലോഭനം നമുക്കുണ്ടാകാം.

ജീവിതം നൊമ്പരങ്ങളുടെ ഒരു ദുഃഖവെള്ളിയാണെങ്കിൽ അറിയുക എനിക്കായി രക്ഷകൻ ഒരു ഉയിർപ്പുഞായർ ഒരുക്കിയിരിക്കുന്നു. ■

# സ്വന്തം ഇഷ്ടമല്ല അയച്ചവന്റെ ഇഷ്ടമാണ് നിറവേറ്റേണ്ടത്

**ഈസ്റ്റർ 2-ാം ഞായർ (ഏപ്രിൽ 24)** അപ്പോ. 5;12-16 വെളി. 1:9-13, 17-19. യോഹ. 20: 19-31

**ഫാ. ലോറൻസ് കുലാസ്**

ഇന്ന് ഈസ്റ്ററിന്റെ അഷ്ടദിനങ്ങൾ അവസാനിക്കുന്നു. ഉയിർപ്പിന്റെ 8-ാം ദിനം ഉത്ഥിതൻ ആദ്യം 10 ശിഷ്യർക്കും പിന്നെ തോമസ് ഉൾപ്പെടുന്ന 11 പേർക്കും പ്രത്യക്ഷപ്പെടുന്നു. ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുമ്പോൾ ആദ്യം ആശംസിച്ചത് 'സമാധാന'മാണ്. 'ശാലോം' അഥവാ 'സമാധാനം' അർത്ഥമാക്കുന്നത് നന്മ, സമൃദ്ധി, സ്നേഹം,സാഹോദര്യം, അഭിവൃദ്ധി എന്നൊക്കെയാണ്. 'മുറിവുകൾ കാണിച്ചുകൊടുത്തുകൊണ്ട് സമാധാനം ആശംസിച്ച്' യേശു വേദനയുടെയും യേശുവിന്റെ മുറിവുകൾ ഭയത്തിന്റെയും (ശിഷ്യരുടെ) നടുവിലും യേശു സമാധാനം ആശംസിക്കുന്നു ഭയപ്പെടേണ്ട, ഞാൻ കൂടെയുണ്ട്' എന്ന ആശ്വാസ വചനം. സഹനത്തിന്റെ മുറിവുകൾ വഹിക്കുന്ന ക്രിസ്തു തന്റെ വേദനയുടെ നടുവിലും ശിഷ്യരുടെ ഭയം ഇല്ലാതാക്കാൻ അവരുടെ മദ്ധ്യേ സന്നിഹിതനാകുന്നു.

തുടർന്ന് അവർക്ക് ദൗത്യം ഏല്പിക്കുന്നു, പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട്. പരിശുദ്ധാത്മാവിനെ നൽകുന്ന രീതി ഏറെ ശ്രദ്ധേയമാണ്. 'ഊതിക്കൊണ്ട്....' ആദ്യസൃഷ്ടി കർമ്മവും 'ഊതിക്കൊണ്ടായിരുന്നു' (ഉത്പ. 2:7) ഉത്ഥിതൻ 'ഊതിക്കൊണ്ട്' പുനഃസൃഷ്ടികർമ്മം നടത്തുന്നു. പുതുജന്മം പ്രാപിച്ച ശിഷ്യരെ യേശു കല്പിച്ചയ്ക്കുന്നു; 'പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു.' യേശുവിനെ പിതാവ് ഏല്പിച്ച ദൗത്യം ശിഷ്യരിൽ വന്നുചേരുന്നു. നിർവഹിച്ച കൃത്യം ശിഷ്യർ തുടരണം. സ്വന്തം ഇഷ്ടമല്ല; അയയ്ക്കുന്നവന്റെ ഇഷ്ടം ശിഷ്യർ നിറവേറ്റണം. അയച്ചവനുമായുള്ള ബന്ധം, ചെയ്യുന്നതിന്റെയെല്ലാം അർത്ഥം വ്യക്തമാക്കണം. അയയ്ക്കുന്ന എന്റെ അധികാരമാണ് ദൗത്യത്തിന്റെ അടിസ്ഥാനം.

ഇതേതുടർന്ന് തോമസ് രംഗപ്രവേശം ചെയ്യുന്നു. ഉത്ഥിതനെക്കുറിച്ച് കേൾക്കുമ്പോൾ കാണാതെ വിശ്വസിക്കില്ലെന്ന് തോമസിന്റെ ശാഠ്യം യേശുവിനെ നേരിൽ അനുഭവിക്കുവാൻ ശിഷ്യന് സഹായമാകുന്നു. ഇവിടെയും യേശു മുറിവുകളാണ് ആദ്യം കാണിച്ചുകൊടുക്കുന്നത്. എന്നിട്ട് 'അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക' എന്ന് തോമസിനോടു പറയുന്നു. തോമസ് വിശ്വാസിയാവു

കയാണ്. അവിടുത്തെ മുറിവുകളിൽ സ്പർശിക്കാതെ തന്നെ, തോമസ് വിശ്വാസം പ്രഖ്യാപിക്കുന്നു; " എന്റെ കർത്താവേ, എന്റെ ദൈവമേ!' ഹീബ്രുവിൽ ദൈവത്തിന് മാത്രം ഉപയോഗിക്കുന്ന രണ്ട് നാമങ്ങളാണിവ. 'എല്ലോഹിം', 'യാഹ്‌വേ'. കർത്താവും ദൈവവുമായ യേശുവിനെ തന്റെ ജീവിതനാഥനായി തോമസ് പ്രഖ്യാപിക്കുന്നു.

നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഈ ഘനഭാഗത്തു നിന്നും ചിലതൊക്കെ അടർത്തിയെടുക്കാം. ഒന്ന്, ഏവർക്കും 'ശാലോം' ആശംസിക്കാം. ഉത്ഥിതൻ ശിഷ്യർക്ക് ആശംസിച്ചതുപോലെ. സമാധാനം ആശംസിക്കുകയെന്നാൽ അഭിവൃദ്ധി, സുരക്ഷിതത്വം നേരുക എന്നർത്ഥം. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്കും അനാഥരാക്കപ്പെട്ടവർക്കും വിദ്യാഭ്യാസം നഷ്ടപ്പെട്ടവർക്കും അഭിവൃദ്ധിയും നന്മയും ഉണ്ടാകട്ടെയെന്ന് ആഗ്രഹിക്കാം. രണ്ട്, യേശുവിന്റെ മുറിവുകളെ ധ്യാനിക്കാം. ഉയിർത്തെഴുന്നേറ്റു എന്നതിന് തെളിവായി യേശു ശിഷ്യരെ കാണിച്ചത് തന്റെ മുറിവുകളാണ്. ജീവിതത്തിൽ വേദനയുടെയും പ്രതിസന്ധിയുടെയും ഘട്ടങ്ങൾ ഉണ്ടാകുമ്പോൾ കുരിശിലെ മുറിവുകളെ നോക്കി ധ്യാനിക്കാം. അപ്പോൾ നമ്മുടെ വേദനകൾ - മുറിവുകൾ - എത്ര നിസാരമാണെന്ന് നാം തിരിച്ചറിയും. മൂന്ന്, സുവിശേഷം പ്രഘോഷിക്കുന്ന ദൗത്യം തുടരുക. യേശു ശിഷ്യരോട് പറഞ്ഞു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." സുവിശേഷപ്രഘോഷണമാണ് സഭയുടെ ഏക ദൗത്യം. ദൈവവചനം നമുക്ക് മാത്രം അവകാശപ്പെട്ടതല്ല; അത് മറ്റുള്ളവരുമായി പങ്കുവയ്ക്കണം. അപ്പസ്തോലന്മാർ വചനം നമുക്ക് നൽകി എന്ന് നാം അവകാശപ്പെടുന്നു. പിന്നെ എന്തുകൊണ്ട് ആ വചനം ഭാരതത്തിൽ ഏറെ വ്യാപിച്ചില്ല?

മറ്റുള്ളവർക്ക് നന്മയും സംതൃപ്തിയും അഭിവൃദ്ധിയും ആശംസിച്ചുകൊണ്ടും സഹനത്തിന്റെ മുറിവുകൾ വഹിക്കുന്ന ക്രൂശിതനായ യേശുവിനെ ധ്യാനിച്ചുകൊണ്ടും സുവിശേഷ മൂല്യങ്ങൾ പ്രഘോഷിച്ചുകൊണ്ടും മുന്നേറാം! ■

**വചനജ്വാല**

2022 മാർച്ച് മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# കൂട്ടുത്തരവാദിത്വത്തോടെയുള്ള പ്രേഷിതപ്രവർത്തനം

1. **പരിശുദ്ധാത്മാവിന്റെ ഗാനം**
2. **സ്വാഗതം**
3. **പ്രാരംഭ പ്രാർത്ഥന**

   പരിശുദ്ധാത്മാവേ, അങ്ങേ നാമത്തിൽ ഒരുമിച്ചുകൂടി അവിടുത്തെ സന്നിധിയിൽ ഞങ്ങൾ നിൽക്കുന്നു. അങ്ങ് ഞങ്ങളുടെ ഹൃദയങ്ങളിൽ വാഴുകയും ഞങ്ങളെ നയിക്കുകയും ചെയ്യണമേ. പോകേണ്ട വഴിയും മുന്നേറേണ്ട പാതയും പഠിപ്പിക്കണമേ. ഞങ്ങളുടെ ബി.സി.സി.യെയും അതിലെ എല്ലാ കുടുംബങ്ങളെയും ഈ കൂടിആലോചനയോഗത്തെയും അനുഗ്രഹിക്കണമെ. ആമേൻ
4. **വചനഗീതി**
5. **ദൈവവചനപാരായണം: ലൂക്കാ 9:1–6**
6. **വചനവിചിന്തനം**

   യേശു ദൈവരാജ്യപ്രഘോഷണത്തിനായി പന്ത്രണ്ടുപേരെ സഹപ്രവർത്തകരായി തെരഞ്ഞെടുക്കുകയും അയയ്ക്കുകയും ചെയ്യുന്നു. സഭാപ്രവർത്തനങ്ങൾ കൂട്ടുത്തരവാദിത്വത്തോടെ നിറവേറ്റപ്പെടേണ്ടതിന്റെ ആവശ്യകതയാണ് ഇതിലൂടെ പ്രകടമാകുന്നത്. ഈ ശൈലി ഉൾക്കൊണ്ട് കൊണ്ട് സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ നമുക്കും കരുതലുള്ള പങ്കാളികളാകാം.
7. **വിശ്വാസപ്രമാണം**
8. **സംസാരിക്കാൻ സഹായിക്കുന്ന ചോദ്യങ്ങൾ**

   a. കൂട്ടുത്തരവാദിത്തത്തോടും സഹകരണമനോഭാവത്തോടും നമ്മുടെ ബി.സി.സി. യൂണിറ്റുകളെ ഇടവക പ്രവർത്തനങ്ങളിൽ ഏതെല്ലാം രീതിയിൽ സജീവമാക്കാം?


   b. പ്രേഷിത ദൗത്യത്തിൽ നിന്ന് വേറിട്ട് സഭയ്ക്ക് നിലനിൽക്കാനാവില്ല. സഭയിലും സമൂഹത്തിലും ബി.സി.സി. യൂണിറ്റുകൾക്ക് പ്രേഷിതദൗത്യം ശുശ്രൂഷാ മനോഭാവത്തോടെ ഏതെല്ലാം രീതിയിൽ നിർവ്വഹിക്കാം?

   c. ഞാൻ ഉൾപ്പെടുന്ന സഭാസമൂഹത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതും നമ്മെ എല്ലാവരെയും ബാധിക്കുന്നതുമായ പ്രധാനപ്പെട്ട വിഷയങ്ങൾ ഏവയാണ്?
9. **വിശ്വാസികളുടെ പ്രാർത്ഥന**
10. **സമാപനഗാനം**

*മാർച്ച് മാസത്തിലെ ബി.സി.സി. സിനഡിന്റെ വിഷയം കൂട്ടുത്തരവാദിത്തമുള്ള പ്രേഷിത പ്രവർത്തനമാകയാൽ നമ്മുടെ അതിരൂപതയിൽ ക്യാൻസർ രോഗികളെ സഹായിച്ചുകൊണ്ട് പ്രേഷിത പ്രവർത്തനത്തിലൂടെ കരുണയുടെ കൂട്ടായ്മയ്ക്ക് സാക്ഷ്യം നൽകാം.*

## വചനജ്വാല

2022 ഏപ്രിൽ മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# വിശ്വാസവും പ്രവൃത്തിയും

**ഫാ.സുരേഷ് പയസ്**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി

**1. പരിശുദ്ധാത്മാവിന്റെ ഗാനം**
**2. സ്വാഗതം: കുടുംബ നാഥൻ/നാഥ**
**3. യേശുവിനെ ക്ഷണിക്കൽ**
**4.ആമുഖം**

സ്വഭാവത്താലെ പ്രേഷിതയായ സഭ അവളുടെ ദിവ്യമണവാളനോട് ചേർന്ന് നില്ക്കുവാനും പ്രേഷിത ചൈതന്യം സ്വീകരിക്കുവാനും ആവശ്യമായ ശ്രദ്ധ വേണ്ടിടത്ത് രൂപപ്പെടുത്തുവാനുമുള്ള ഉൾവിളിയാണ് ഇവിടെ ക്രമീകരിക്കുന്നത്. കുടുംബത്തിൽ പക്വത പ്രാപിക്കുന്ന പ്രേഷിത പ്രവർത്തനത്തിന് മാത്രമേ ലോകത്തിൽ ക്രിയാത്മകമായി പ്രേഷിത പ്രവർത്തനം നിർവ്വഹിക്കാൻ കഴിയൂ. പതിനാറാമത് മെത്രാന്മാരുടെ സിനഡ് നമ്മുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് പുതിയൊരുണർവ്വും, ഉന്മേഷവും, ഉത്സാഹവും നല്കുന്നു. നമുക്കൊരുമിച്ച് സഞ്ചരിക്കാം, പരസ്പരം ശ്രവിക്കാം.

**5. വചന ഗീതി**
**6. ദൈവ വചന പാരായണം:- യാക്കോബ് 2:14-24**
**7. വചന വിചിന്തനം**

യേശുവിന്റെ ശിഷ്യരുടെ സമൂഹമാണ് സഭ. സഭ നിലനില്ക്കുന്നത് ദൈവരാജ്യം ഭൂമിയിൽ അനുഭവ

വേദ്യമാക്കാനാണ്. യേശുവിന്റെ സ്വപ്നം ദൈവരാജ്യം ഭൂമിയിൽ കൊണ്ടുവരികഎന്നതാണ് (മർക്കോ:1:14-15; ലൂക്കാ:11:2-4). അതിനായി യേശു പ്രാർത്ഥിച്ചു, ചിന്തിച്ചു, തീരുമാനിച്ചു, പ്രവർത്തിച്ചു. തത്ഫലമായി യേശുവിന് ലഭിച്ചത് ഗത്സമനും, കാൽവരിയുമായിരുന്നു. ദൈവരാജ്യത്തിന്റെ ശത്രുവായ മരണത്തെയും, മരണ സംസ്ക്കാരത്തെയും തോല്പിച്ചുകൊണ്ട് യേശു മരണത്തിന്മേൽ വരിച്ച വിജയമാണ് ഉത്ഥാനം. ഉത്ഥിതനായ യേശുവിന്റെ വിജയം പ്രഘോഷിക്കാനും, ജീവിക്കാനും, പ്രവർത്തിക്കാനും, സുവിശേഷവത്ക്കരിക്കാനും അയക്കപ്പെട്ടവരാണ് ശിഷ്യർ. അവരുടെ പ്രവർത്തനങ്ങളാണ് സുവിശേഷവത്ക്കരണ പ്രവർത്തനങ്ങൾ. ഈ പ്രവർത്തനങ്ങളെയാണ് പ്രേഷിത പ്രവർത്തനം എന്നു പറയുന്നത്.

പ്രേഷിത പ്രവർത്തനം ദൈവദാനവും അതേസമയം ഉത്തരവാദിത്വവുമാണ്. അത് ഏറ്റെടുക്കുന്നത് ജ്ഞാനസ്നാനം എന്ന കൂദാശയിലൂടെയാണ്. ഈ കൂദാശയിലൂടെ ക്രൈസ്തവൻ ദൈവത്തിലേയ്ക്കും, മനുഷ്യരിലേയ്ക്കും തുറന്നിരിക്കുന്നു. ഈ തുറവി ദൈവരാജ്യ നിർമ്മിതിയിലേയ്ക്കാണ്. ഇവിടെ രണ്ട് കാര്യം പ്രധാനമാണ് (1) യേശു കർത്താവാണെന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും അധരം കൊണ്ട് പ്രഘോഷിക്കുകയും ചെയ്യുക (റോമ:10:9-10). (2) വിശ്വാസം ദൈവ മനുഷ്യ സ്നേഹത്തിലേയ്ക്കും സ്നേഹ പ്രവർത്തനങ്ങളിലേയ്ക്കും നയിക്കണം. പ്രഘോഷണവും പ്രവർത്തനവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെ ഒരേ സമയം സംഭവിക്കണം. രണ്ടിനും തുല്യ പ്രാധാന്യം നല്കണം. ഒന്ന് മറ്റൊന്നിനെക്കാൾ വലുതും ചെറുതുമല്ല. ഫ്രാൻസിസ് പാപ്പ പറയുന്നത് ''പ്രേഷിത പ്രവൃത്തി എപ്പോഴും ദരിദ്രരോടുള്ള സ്നേഹവായ്പാണ് . . . എല്ലാത്തരം ദാരിദ്ര്യത്തിലേയ്ക്കും എത്തിപ്പെടാനാണ് സഭ വിളിക്കപ്പെടുന്നത്'' (ഫ്രാൻസിസ് പാപ്പ, "പങ്കാളിത്തം, കൂട്ടായ്മ, പ്രേഷിതപ്രവൃത്തി,'' *ഒസ്സെർവത്തോരെ റൊമാനോ,* 14/45, 07 ജനുവരി 2022 (4, 11, 12) പേജ് 11). യേശു ആനന്ദ തൈലത്താൽ അഭിഷിക്തനായത് ദരിദ്രർക്ക് സുവിശേഷമേകാനും സുവിശേഷമാകാനുമാണ് (ലൂക്കാ:4:18). ദരിദ്രരോടുള്ള സ്നേഹ പ്രവർത്തനത്തിനാണ് സ്വർഗ്ഗം തുറന്നു നല്കുന്നത് (മത്താ:25:37-40; 10:42). ദരിദ്രരോട് സഭയ്ക്ക് പ്രതിബദ്ധതയുണ്ടാകണം (സുവിശേഷത്തിന്റെ ആനന്ദം, നമ്പർ 97). പ്രേഷിത പ്രവർത്തി അത്ര സുഖകരമല്ല, മറിച്ച് അപകടം നിറഞ്ഞതും സാഹസികത ഏറിയതുമാണ്. അത് സുരക്ഷിതത്വത്തിന്റെ മാളങ്ങളിൽ നിന്ന് അരക്ഷിതാവസ്ഥയിലേയ്ക്കുള്ള യാത്രയാണ്, ക്രിസ്തുസാക്ഷ്യമാണ്. മരണസംസ്ക്കാരത്തിൽ നിന്ന് ജീവന്റെ സംസ്ക്കാരത്തിലേയ്ക്കുള്ള ക്രിസ്തു കേന്ദ്രീകൃതമായ യാത്രയാണത്. പ്രേഷിത പ്രവർത്തി സുവിശേഷത്തിന്റെ ആനന്ദം പുതിയതായി കണ്ടെത്താൻ സഹായിക്കുകയും, ലൈഗികതയിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യും (ഫ്രാൻസിസ് പാപ്പ, "പങ്കാളിത്തം, കൂട്ടായ്മ, പ്രേഷിതപ്രവർത്തി,'' *ഒസ്സെർവത്തോരെ റൊമാനോ,* 14/45, 07 ജനുവരി 2022 (4, 11, 12) പേജ് 11).

മിഷൻ പ്രവർത്തനം ദാസ്യവൃത്തിയല്ല. സമ്പന്നർക്ക് ദൈവം വേണ്ട, അവർക്ക് ഗുണകരമായ വിദ്യാഭ്യാസവും നല്ല ആരോഗ്യപരിപാലനവും മാത്രം മതിയെന്ന ചിന്തയും അതിലേക്ക് അമിതമായി ശ്രദ്ധ ചെലുത്തുന്നതും, മനുഷ്യവിഭവങ്ങളും, സമ്പത്തും കുന്നുകൂട്ടുന്നതും മിഷൻ പ്രവർത്തനത്തിന്റെ ചൈതന്യത്തിന് നിരക്കാത്തതും, പൊറുക്കപ്പെടാത്ത പാപവുമാണ്. പാപങ്ങൾക്ക് കുമ്പസാരവും, കുർബാനയും മാത്രം മതിയെന്ന ചിന്തയിൽ മനുഷ്യോചിതമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടാതിരിക്കുന്നതും ഏറെ ഗൗരവമേറിയ പാപമാണ്. കാരണം, വൈകികിട്ടുന്ന നീതി, നീതിയുടെ നിഷേധം തന്നെയാണ്. പ്രേഷിത പ്രവർത്തനം പച്ചയായ ദരിദ്രരുടെ ക്രിസ്തു കേന്ദ്രീകൃതമായ വളർച്ചയും, അവരുടെ ഉന്നമനവും, സമൂഹത്തിന്റെ സമൂലമായ പരിവർത്തനവുമാണ്.

പ്രേഷിത പ്രവർത്തകരുടെയും അതിനായുള്ള സമർപ്പിതരുടെയും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രേഷിത പ്രവർത്തനം കുടുംബത്തിൽ നിന്ന് ആരംഭിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകണം. പ്രേഷിത ചൈതന്യവും പ്രവർത്തനവും കുടുംബത്തിൽ ആരംഭിക്കണം. അതിനുള്ള നല്ലൊരു അവസരമാണ് മെത്രാന്മാരുടെ പതിനാറാമത് സിനഡ്.

**8. റിപ്പോർട്ട്**

**9. ഹാജർ**

**10. ചർച്ച**

1) നമ്മുടെ ഭവനങ്ങളിൽ അനുദിന പ്രാർത്ഥന, ജപമാല മുതലായവ ക്രമീകരിക്കണം.
2) ബൈബിൾ വായനയും, വിചിന്തനവും നടത്തണം.
3) മാസത്തിലൊരിക്കലെങ്കിലും നമ്മുടെ കുടുംബാംഗങ്ങൾ എല്ലാവരും കുമ്പസാരിക്കണം, അതിനായി ഒരുമിച്ച് ദേവാലയത്തിൽ പോകണം.
4) യാത്ര പോകുമ്പോൾ പരസ്പരം അനുഗ്രഹിച്ച് യാത്രയാക്കണം, മടങ്ങിവന്ന് ദൈവത്തിന് നന്ദി പറയണം.
5) നമ്മുടെ കുടുംബം ഉപവസിച്ച് പ്രാർത്ഥിക്കണം.
6) നമ്മുടെ കുടുംബം ദൈവം നല്കിയ ദാനത്തിൽ നിന്ന് ഓരോ മാസവും ധർമ്മദാനം ചെയ്യണം.
7) നമ്മുടെ കുടുംബം അയൽക്കാരുമായി നല്ല ബന്ധത്തിലാകണം, അവർ കഷ്ടത അനുഭവിക്കുമ്പോൾ അവരെ സഹായിക്കണം.
8) കുടുംബത്തിൽ ദൈവാനുഗ്രഹം ഉണ്ടാകാൻ ആദ്യം മാതാപിതാക്കളും ഒപ്പം മക്കളും പ്രസാദവരാവസ്ഥയിലായിരിക്കണം. കൂദാശകളും, കൂദാശാനുകരണങ്ങളും, അർത്ഥവത്തായി നമ്മൾ സ്വീകരിക്കണം.

**11. പൊതു അറിയിപ്പ്, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**

**12. വിശ്വാസികളുടെ പ്രാർത്ഥന**

**13. സമാപന ഗാനം**

**14. നന്ദി**

■

## നേർക്കാഴ്ച

**ജെ.സി.**

# ലോകായുക്തയുടെ അധികാരത്തിന് കടിഞ്ഞാൺ

മുൻ പ്രധാനമന്ത്രി മൊറാർജി ദേശായി അധ്യക്ഷനായ ഒന്നാം ഭരണപരിഷ്കാര കമ്മിഷൻ 1966 ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്ക് നൽകിയ റിപ്പോർട്ടിലാണ് ലോക്പാലും ലോകായുക്തയും രൂപീകരിക്കാൻ നിർദ്ദേശിച്ചത്. ദേശീയതലത്തിൽ ലോക്പാൽ നിയമം വരുന്നതിന് മുമ്പ് കേരളവും കർണാടകയും അടക്കമുള്ള ചില സംസ്ഥാനങ്ങളിൽ ശക്തമായ ലോകായുക്ത നിയമം നടപ്പിൽ വന്നിരുന്നു. കേരളത്തിൽ നിലവിലുള്ള രീതിയിൽ നിയമം നടപ്പിൽവരുത്തിയത് 1999 ൽ ഇ.കെ. നായനാർ സർക്കാരായിരുന്നു. പഞ്ചായത്ത് മുതൽ മുഖ്യമന്ത്രിവരെയുള്ള ജനപ്രതിനിധികൾക്കോ, എൽ.ഡി. ക്ലാർക്കുതൊട്ട് ചീഫ് സെക്രട്ടറിവരെയുള്ള ഉദ്യോഗസ്ഥർക്കോ എതിരെ പ്രത്യേകിച്ച്, ചെലവൊന്നുമില്ലാതെ ഏതൊരു പൗരനും പരാതി സമർപ്പിക്കാവുന്ന അഴിമതി വിരുദ്ധ സംവിധാനമെന്ന നിലയിൽ സംസ്ഥാനത്ത് ലോകായുക്ത നിലവിൽവന്നു. ആ സർക്കാരിന്റെ കാലത്ത് നിയമസഭ ചർച്ച ചെയ്ത് ഏകകണ്ഠമായി തള്ളിക്കളഞ്ഞതാണ് ലോകായുക്തയെ ദുർബലമാക്കാൻ ഇപ്പോൾ പിണറായി സർക്കാർ കൊണ്ടുവന്ന വിവാദ ഭേദഗതി എന്നത് അതീവഗൗരവമുള്ളതാണ്. ലോകായുക്തവിധിയെ സർക്കാരിന് തള്ളുകയോ കൊള്ളുകയോ ചെയ്യാം എന്ന മൂല നിയമത്തിന്റെ കരടിലെ വ്യവസ്ഥ സഭയിൽ അന്ന് ഭരണ-പ്രതിപക്ഷങ്ങളുടെ രൂക്ഷമായ എതിർപ്പിന് കാരണമുണ്ടായി.

പിണറായി വിജയൻ കൂടി ഉൾപ്പെട്ട ഇ. കെ.നായനാർ മന്ത്രിസഭയാണ് ഇതിനായി ഓർഡിനൻസ് കൊണ്ടുവരികയും 1999 ഫെബ്രുവരി ഒന്നിന് നിയമമന്ത്രി ഇ. ചന്ദ്രശേഖരൻ നായർ നിയമസഭയിൽ അവതരിപ്പിച്ച ബില്ലാണ് ദേശീയതലത്തിൽ തന്നെ പ്രകീർത്തിക്കപ്പെട്ട ലോകായുക്ത നിയമത്തിന് ആധാരമായത്. മന്ത്രിയോ ഉദ്യോഗസ്ഥനോ അഴിമതിയോ സ്വജനപക്ഷപാതമോ കാണിച്ചുവെന്ന് വിചാരണയിൽ കണ്ടെത്തുകയും പദവിയിൽ തുടരാൻ ആ വ്യക്തി യോഗ്യനല്ല എന്ന് ലോകായുക്ത പ്രഖ്യാപിക്കുകയോ ചെയ്താൽ രാജിവയ്ക്കുകയോ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യപ്പെടുകയോ ചെയ്യാതെ തരമില്ല എന്ന അതിശക്തമായ ഒരു വ്യവസ്ഥ (14-ാം വകുപ്പ്) അതിൽ ഉൾപ്പെട്ടിരുന്നു. ലോകായുക്തയിൽ നിന്ന് പ്രതികൂല തീർപ്പുണ്ടായാൽ സ്ഥാനമൊഴിഞ്ഞിട്ടുവേണം കോടതിയിൽ അപ്പീലുമായി പോകാൻ. പൊതുപ്രവർത്തകരുടെ അഴിമതി കേസുകൾ കൈകാര്യം ചെയ്യുന്ന ലോകായുക്തയുടെ അധികാരത്തിന് കടിഞ്ഞാണിട്ട് ഓർഡിനൻസ് കൊണ്ടുവരാനുള്ള സർക്കാർ നീക്കം വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കിയിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ നിയമസഭ ചേരാനിരിക്കുന്ന സാഹചര്യത്തിൽ ലോകായുക്ത നിയമം ഓർഡിനൻസിലൂടെ ഭേദഗതി ചെയ്യാനുള്ള സാഹചര്യം എന്താണെന്നും സർക്കാർ എന്തിനെയാണ് ഇങ്ങനെ പേടിക്കുന്നതെന്നുമുള്ള വലിയ ചോദ്യങ്ങൾ ഉയരുകയാണ്. ലോകായുക്തയുടെ പല്ലും നഖവും കളയുന്ന ഈ ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. സർക്കാരിന്റെ പലവഴിവിട്ട ഇടപാടുകളും ലോകായുക്തയുടെ ഉത്തരവ് സർക്കാരിന് തള്ളുകയോ കൊള്ളുകയോ ചെയ്യാം എന്നതാണ് പുതിയ ഓർഡിനൻസിന്റെ ഭേദഗതിയിൽ പറയുന്നത്. അഴിമതിയോ ക്രമക്കേടോ കെടുകാര്യസ്ഥതയോ കാട്ടുന്നവർക്കെതിരെ നിയമപരമായി നീങ്ങാൻ ജനത്തിന് അവസരം നൽകുന്ന സംവിധാനങ്ങൾക്കുമേൽ പിടിമുറുക്കുന്ന സംസ്ഥാന സർക്കാരിന്റെ ഈ നീക്കം അപലപനീയമാണ്. ഒപ്പം പ്രതിഷേധാർഹമാണ്. ഇതിനെതിരെ ശക്തമായ ജനകീയ മുന്നേറ്റം ഉണ്ടാകണം. ■



Kurisumala Pilgrim Centre
DIOCESE OF NEYYATTINKARA
ESTD 1957
തെക്കൻ കുരിശുമല
തീർത്ഥാടനകേന്ദ്രം
കൂതാളി പി. ഒ., വെള്ളറട, തിരുവനന്തപുരം – 695 505,
ഫോൺ : 0471 2999555 ഡയറക്ടർ : 8921901728.
ഇടവകവികാരി : 8943471974
Synod
2021
2023
For a synodal Church
communion | participation | mission
സിനഡാത്മകത | സഭാത്മകത | മാനവികത
കൂട്ടായ്മ • പങ്കാളിത്തം • പ്രേഷിതത്വം.
'വിശുദ്ധ കുരിശ് കൂട്ടായ്മ പ്രേഷിത ശക്തി'
65 -ാമത്
തെക്കൻ
കുരിശുമല
തീർത്ഥാടനം
2022 മാർച്ച് 27, 28, 29, 30, 31 ഏപ്രിൽ 1, 2, 3
& 14, 15 (ദുഃഖവെള്ളി) തീയതികളിൽ
www.kurisumala.org
kurisumala pilgrim centre
www.kurisumala.blogspot.in
kurisumala@gmail.com
YouTube / SAMANWAYA VISION

Total Page 44 Pub. Date : 01.03.2022
RNI Registered no. 36056/81 Reg no. kl/tv(s)266/2021-2023. wpp No. Kl/TV(S)wpp/171/2021-2023 jeevanum velichavum Rs. 25.00





TOUR ATTRACTIONS:




# വിശുദ്ധ പദവിയിലേക്കുള്ള നാമകരണം

രക്തസാക്ഷി ദേവസഹായത്തെ 2022 മേയ് മാസം 15–ാം തിയതി രാവിലെ 6 മണിക്ക് (റോമൻ സമയം) വിശുദ്ധപദവിയിലേക്ക് ഉയർത്തികൊണ്ടുള്ള പ്രഖ്യാപനം നടക്കുകയാണ്. റോമിൽ നടക്കുന്ന ഈ ചടങ്ങിൽ പങ്കെടുക്കുന്നതിനും അതോടൊപ്പം യൂറോപ്പ് രാജ്യങ്ങൾ സന്ദർശിക്കുന്നതിനും 15 ദിവസം നീണ്ടുനിൽക്കുന്ന ഒരു തീർത്ഥാടന യാത്ര (Pilgrimage Tour) സംഘടിപ്പിക്കുന്നു. വിശുദ്ധ പദവി പ്രഖ്യാപന ചടങ്ങിലേക്കുള്ള തീർത്ഥാടന യാത്രയ്ക്ക് കോട്ടാർ രൂപത മംഗളം ട്രാവൽസിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2,24000/- രൂപയാണ് ഇതിലേക്കുള്ള ചിലവ്. (59 വയസിന് മുകളിലുള്ളവർക്ക് ഇൻഷുറൻസ് ചർജ്ജ് അധികം വേണ്ടി വരും) വിശുദ്ധപദവി പ്രഖ്യാപന ചടങ്ങിലും അതിനോടനുബന്ധിച്ചുള്ള തീർത്ഥാടന യാത്രയിലും പങ്കുചേരുവാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്കായി മംഗളം ട്രാവൽസിനെയോ ഇടവക വികാരിമാരെയോ നേരിട്ട് ബന്ധപ്പെടേണ്ടതാണ്. മാർച്ച് 25 വരെ ബുക്കിംഗ് സ്വീകരിക്കുന്നതാണ്.

**Mangalam Travel & Tours**
5 & 6 1st Floor, Our Tower
Vellayambalam, Sasthamangalam
Trivandrum - 695010

Rosamma Jesu: 94471 50070
Jevin J Fernando: 89395 08477

Our Offices: TRIVANDRUM, NAGERCOIL, CHENNAI, MARTHANDAM, MADURAI


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto